Reg. No. M. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 26 | 1128 കർക്കടകം 7—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 ജൂലൈ 22 | ലക്കം 46

# ജൂലൈ 28—ഭാരതമേ, ആനന്ദിച്ചാലും!


(സിസ്റ്റർ ഡോൺബോസ്കോ)

ചിരപ്രതീക്ഷിതമായ ആ മംഗളദിനം ഇതാ സമാഗതമായി. ആനന്ദസംദായകമായ ഒരു സുദിനം. പുളകരസം ഊറിവരുന്ന മംഗളദിനം. ഉടപ്പിറപ്പുകളായ ഞങ്ങളെ ആഹ്ളാദപുളകിതരും, ആകുലചിത്തരും ആക്കിത്തീർക്കുന്ന പരിപാവനമായ ആ ദിനത്തിന്റെ പൊൻപുലരി ഇതാ കണ്ടുകഴിഞ്ഞു. ഭാരതമേ, ആനന്ദിച്ചാലും!

ജൂലൈ 28. ഇന്നത്തെ പ്രഭാതം ദർശിച്ചപ്രകൃതി ഇതാ ആനന്ദോന്മത്തയായി ചാഞ്ചാടുന്നു. രണ്ടായിരം വർഷത്തോളമായി അത്യാകാംക്ഷയോടെ അഭിലഷിച്ചിരുന്ന എന്തോ കരഗതമായ ചാരിതാർത്ഥ്യാതിരേകത്താൽ ഭാരതാംബ ഇതാ ആനന്ദബാഷ്പം പൊഴിക്കുന്നു. അഭിമാനപുളകമണിഞ്ഞ കേരളം നാനാദിഗന്തങ്ങളിലേക്കും തന്റെ കരപല്ലവങ്ങളെ നീട്ടി ഏവരേയും മാടിവിളിക്കുന്നു. എന്തിനു്? ഭാരതത്തെ മുഴുവനും, വിദൂരദ്വീപാന്തരങ്ങളിൽനിന്നു് പതിനായിരങ്ങളേയും തൽസവിധത്തിലേക്കു് സ്നേഹാഹ്വാനം ചെയ്യുന്ന, ഭാരതത്തിന്റെ ഭാഗ്യകേദാരവും, കേരളത്തിന്റെ കെടാവിളക്കും ഭരണങ്ങാനത്തിന്റെ ഭാഗ്യസമ്പത്തും അഭിമാനസ്തംഭവും, ക്ലാരസഭാരാമത്തിലെ വികസിതകുസുമവുമായ ഏന്റെ വത്സലസോദരി തന്റെ വത്സലമണവാളനുമായി നിത്യാലിംഗനത്തിലമർന്ന മംഗല്യദിനമാണിന്നു്. സ്വർഗ്ഗസ്ഥർക്കുപോലും അത്യാമോദദായകമായ ഈ സുദിനത്തിൽ, ഏതൊരു പാവനചരിതയുടെ പാദസ്പർശത്താലും ജീവിതവിശുദ്ധിയാലും ഭരണങ്ങാനം ഇന്നു് ഭുവനപ്രസിദ്ധമായോ, ആ സുകൃതിനി, അതേ നമ്മുടെ അൽഫോൻസാമ്മ, ചരമമടഞ്ഞതിന്റെ സപ്തവാർഷികദിനമായ ഇന്നു് ഭാരതത്തിനു വെളിയിൽനിന്നുപോലും അനേകലക്ഷങ്ങളുടെ ദൃഷ്ടിയും ശ്രദ്ധയും ഭരണങ്ങാനത്തേക്കു തിരിയുന്നതിൽ അത്ഭുതത്തിനവകാശമില്ല.

അന്നേദിനം നാനാദേശങ്ങളിൽനിന്നും കാൽനടയായി ഭരണങ്ങാനത്തേക്കു് പ്രവഹിക്കുന്ന ജനപ്രവാഹത്തിനതിരില്ല. അഹമഹമികയാ ഭരണങ്ങാനം ലക്ഷ്യമാക്കി പായുന്ന വാഹനങ്ങളിൽ തിങ്ങിക്കയറുന്ന ജനതതിയുടെ തിക്കും തിരക്കും കാണേണ്ടതുതന്നെ. അവശന്മാർ, ആർത്തന്മാർ, ആലംബഹീനർ, അംഗവിഹീനർ മാത്രമല്ല, നാനാജാതിമതസ്ഥരായ നിരവധിജനങ്ങൾ കുചേലകുബേരഭേദമെന്യേ, പണ്ഡിത പാമരവ്യത്യാസം ഗണിക്കാതെ ഇവരിൽ ഉണ്ടു്. ഭരണങ്ങാനത്തു് എത്തിയ ആ ജനസമൂഹത്തിന്റെ ഏകലക്ഷ്യം എവിടെ? പ്രശാന്തസുന്ദരമായ ആ ചെറിയ കുന്നിൻചരിവിലുള്ള തുറന്നുകിടക്കുന്ന ഒരു ചാപ്പൽ. അതിനുള്ളിൽ പല മഹാന്മാരും മഹതികളും പണ്ഡിതപ്രവീണരും വൈദികകേസരികളും ഏതാനും കന്യാസ്ത്രീകളും നിത്യവിശ്രമംകൊള്ളുന്നു. പക്ഷേ അൾത്താരയുടെ സ്വല്പം അടുത്തായി വലതുവശത്തു കാണുന്ന ലളിതസുന്ദരമായ ആ ശവകുടീരമാണു് ഇന്നു് ലക്ഷങ്ങളുടെ ദൃഷ്ടികളേയും ഹൃദയങ്ങളേയും ആത്മാക്കളേയും അവിടേക്കു് ആകർഷിക്കുന്നതു്. അതിനുള്ളിൽ ദിവ്യമായ ഒരു മാന്ത്രികശക്തി സ്ഥിതിചെയ്യുന്നുണ്ടു്. കാരണം, തൽസവിധം അണയാൻവേണ്ടി സ്ത്രീപുരുഷഭേദംകൂടാതെ വൃദ്ധരും ബാലരും വെമ്പൽകൊള്ളുന്നു. എത്ര പ്രയാസം കഴിച്ചെങ്കിലും ആ കല്ലറയ്ക്കു സമീപം മുട്ടുകുത്തിയാൽ അവർ കൃതാർത്ഥരാകും. അവർക്കു് അവിടെ പല നിവേദനങ്ങളും അർപ്പിക്കാനുണ്ടാകും.

FOR FAVOURS RECEIVED, SATHYADEEPAM.




7-ാമത്തെ ചരമവാർഷികം അടുത്ത ചൊവ്വാഴ്ച

കോട്ടയത്തുനിന്നും ഉദ്ദേശം നാലുമൈൽ വടക്കുമാറി കുടമാളൂർ എന്ന ഒരുഗ്രാമം ഉണ്ടു്. രമണീയതയുടെ പൊൻപട്ടുടുത്തു് ശീതളഛായയിൽനീണ്ടുനിവർന്നു കിടക്കുന്ന ഒരു മഞ്ജുളാംഗിയത്രെ അവനിയുടെ ആ അങ്കതലം. മനംകവരുന്ന മോഹനമലർവാടികളുണ്ടു്, സുന്ദരസുരഭിലതോപ്പുകളുണ്ടു്, മരതകപ്പച്ച വിരിച്ച മൊട്ടക്കുന്നുകളുണ്ടു്. പച്ചനിരാളവിരിപ്പിൽ മുത്തുമണികൾ പതിച്ചതുപോലെ കാററത്തു് ഓളംവെട്ടിപ്രശോഭിക്കുന്ന നെൽപ്പാടങ്ങൾ അനവധിയുണ്ടു്. ചെമ്പകശ്ശേരി രാജാവിന്റെ ആസ്ഥാനരംഗമായിരുന്ന ആ സ്ഥലത്തു് പണ്ടത്തെ രാജകീയപ്രതാപത്തിന്റെ പല ലക്ഷ്യങ്ങളും കാണുന്നുണ്ടു്. ആ പ്രദേശങ്ങളെ തഴുകിക്കൊണ്ടു് വളഞ്ഞു പുളഞ്ഞൊഴുകുന്ന മീനച്ചിലാറിന്റെ തീരത്തായി രജതപ്രഭതട്ടി കോമളകാന്തിയിൽ പുഞ്ചിരിതൂകുന്ന ഒരു കൊച്ചുവീടുണ്ടു്. അവിടെ പുണ്യത്തിന്റെ കാഞ്ചനക്കൈവിളക്കുകളായി, സുകൃതത്തിന്റെ മണിദീപങ്ങളായി, ആർഭാടരഹിതരായി ഈശ്വരഹിതാനുവർത്തികളായ ദമ്പതികൾ—ജോസഫും മേരിയും—വസിക്കുന്നു. ഇപ്പോൾ തികച്ചും അനാഡംബരമെങ്കിലും പണ്ടു്, വൈദ്യം, വൈദികം, കുലീനത്വം എന്നിവയാൽ കേളികേട്ടിരുന്ന മുട്ടത്തുപാടം കുടുംബമാണു് നാം കണ്ടതു്.

1910 ഓഗസ്റ്റു് 19—പൂക്കളണിഞ്ഞു പുതുമകലന്ന പുലർകാലം. അകാലികമായിട്ടെങ്കിലും മേരിയുടെ ദാമ്പത്യവല്ലരിയിൽ നാലാമതായിട്ടു് ഒരു പൊൻപൂവു് വികസിച്ചു. കുഞ്ഞിന്റെ അകാലജന്മം മാതാവിന്റെ അകാലമരണത്തിനു് കാരണമായി. ആ ഓമനക്കുഞ്ഞിനെ കൺകുളിർക്കെ കാണാനുള്ള ഭാഗ്യം ആ മാതാവിനു് ഇല്ലാതെപോയി. അധികം താമസിയാതെ അവർ ചരമമടഞ്ഞു. കുഞ്ഞിനെ മാമ്മോദീസാമുക്കി അന്നയെന്നു് നാമംകൊടുത്തു. യാതനകളുടെ അഗ്നികുണ്ഡത്തിൽ കുരുത്ത കുഞ്ഞു്—അതിന്റെ ആകരസൗഷ്ഠവം ആരെയും കൊതിപ്പിക്കുമായിരുന്നു. മാതൃവിഹീനയായ ആ തങ്കക്കുടത്തെ മാതൃസഹോദരി മുട്ടുചിറയുള്ള സ്വഗൃഹത്തിലേക്കു കൊണ്ടുപോയി.

കാലചക്രം അതിന്റെ അച്ചുതണ്ടിൽ പലവുരു കറങ്ങി. വേനലും വർഷവും വന്നുപോയി

വർഷവും വേനലും പോയിവന്നു. അവൾ യുവത്വത്തിന്റെ പടിവാതില്ക്കൽ എത്തി. അവൾ ഒരു സൗന്ദര്യധാമമായിത്തീർന്നു. പ്രായാനുസൃതം വിദ്യാഭ്യാസത്തിലും അവൾ പുരോഗമിച്ചിരുന്നു. വി. ചെറുപുഷ്പത്തിന്റെ സ്വയംകൃതചരിത്രമായിരുന്നു അവളുടെ സന്തതസഹചാരി. ഉണർന്നാലുടൻ പ്രാർത്ഥിക്കും. ഏതസൗകര്യത്തിലും ദേവാലയസന്ദർശനം അവൾ മുടക്കിയില്ല. ചെറുത്യാഗങ്ങളും സുകൃതജപങ്ങളും ധാരാളം ശേഖരിക്കും. ഇങ്ങനെ അന്നക്കുട്ടി എവരുടേയും കണ്ണും കരളും കവർന്നുകൊണ്ടു് ഒരു കൊച്ചുപുണ്യവതിയായി പേരമ്മയുടെ നിയന്ത്രണത്തിൽതന്നെ വസിക്കുകയാണു്.

മോഹനജീവിതത്തിനു് അദ്ധ്യായം ആരംഭിക്കുവാൻ മഹതികളെ മാടിവിളിക്കുന്ന ശാന്തിനികേതനങ്ങളാണല്ലോ കന്യകാമഠങ്ങൾ. സമ്പത്തിനും സൗന്ദര്യത്തിനും അവിടെ സ്ഥാനമില്ല. ദാരിദ്ര്യംപിടിച്ചു് ഉണങ്ങിവരണ്ട ഒരു അസ്സിസിയിലേക്കായിരുന്നു അവൾക്കു കിട്ടിയ ആഹ്വാനം.

അന്നൊരു കുഗ്രാമമായിരുന്ന ഭരണങ്ങാനത്തു് പബ്ലിക്കു് റോഡിൽനിന്നും അകലത്തല്ലാതെ ഉയർന്നുനില്പുണ്ടൊരു വൻകെട്ടിടം. പറയത്തക്ക മനോഹാരിതകളൊന്നും അതിനില്ല. ഒരു കന്യകാലയമെന്നുതോന്നും അവിടത്തെ പരിപാടികൾ പാർത്താൽ. തരുണികളേ താമസമുള്ളൂ. ആഡംബരങ്ങളും ആർഭാടങ്ങളും അവിടെ കുറവാണു്. സുഖികൾക്കു് അത്ര ഹൃദ്യമല്ല ആ സ്ഥലം. പ്രാർത്ഥനാനിരതവും ത്യാഗനിർഭരവുമായ ജീവിതമേ അവിടെ സ്വാഗതംചെയ്യുന്നുള്ളൂ. 1927-ലെ ഒരു ദിനം പുലർകാലേ താതനമൊത്തു് അന്നക്കുട്ടി ആ ശാന്തിനികേതനത്തിലേക്കു് യാത്രതിരിച്ചു. ഭരണങ്ങാനത്തു് വണ്ടിയിൽവന്നിറങ്ങി. അധികം നടക്കേണ്ടിവന്നില്ല ഉദ്ദിഷ്ടലക്ഷ്യത്തിലെത്തിച്ചേരാൻ. പരിഷ്കാരത്തിന്റെ പണികളൊന്നും പൂശിയിട്ടില്ലാത്ത ആ നെടുനെടുങ്കൻ കെട്ടിടത്തിന്റെ പടിക്കലെത്തിയപ്പോൾ, സൗമ്യതയുടേയും, സ്നേഹത്തിന്റേയും മൂർത്തിയായ ഒരു കന്യക ഇറങ്ങിവന്നു. പ്രസ്തുതകന്യകയ്ക്കു് തന്റെ ഓമനസുതയെ ഭരമേല്പിച്ചശേഷം പിതാവു് യാത്രപറഞ്ഞു.

1928-ഓഗസ്റ്റു് 2—അവൾ ഒരു അർത്ഥിനിയായി. 1930 മേയ് 19—അവളുടെ ജീവിതത്തിലെ ഏററം സുപ്രധാനമായ മംഗലദിനം. അൽഫോൻസാമ്മ മിശിഹായുടെ മണവാട്ടി. അവളുടെ സ്വയംവരം അങ്ങനെ കെങ്കേമമായി നടന്നു. ദീനക്കിടക്കയിലും മറുമായി കുറെക്കാലം കഴിച്ചശേഷം 1930 ഓഗസ്റ്റു് 12—നു് അവൾ നിത്യവ്രതാനുഷ്ഠാനം ചെയ്തു. ഇങ്ങനെ തന്നെ മുഴുവനും സ്നേഹനാഥനു് സ്വയം അർപ്പിച്ചു. ഇപ്രകാരം 10 വർഷങ്ങൾ അധികവും രോഗശയ്യയിലായി, ലോകത്തിനു് അജ്ഞാതയായി, പ്രത്യക്ഷത്തിൽ ലോകസേവനം അനുഷ്ഠിക്കാതെ ആശ്രമത്തിന്റെ കനത്ത ഭിത്തിക്കുള്ളിൽ എളിയവരിൽ എളിയവളായി ജീവിച്ചു. സഹനമായിരുന്നു അവൾ ആർത്തിയോടെ ആഗ്രഹിച്ചുപോന്ന ഏകഭക്ഷണം.

ചിറകിനു ഘനം കുറവുള്ള ചിത്രശലഭങ്ങളും മററും പറക്കുമ്പോൾ ശബ്ദം കേൾക്കുന്നില്ല. അവ ശബ്ദംകേൾപ്പിക്കാതെ പറന്നുപോകുന്നതുപോലെ ഞാനും പോകും എന്നു് അൽഫോൻസാമ്മ പറഞ്ഞിരുന്നതനുസരിച്ചു് അവൾ ആരെയും അറിയിക്കാതെ പറന്നുപോയി.

1946 ജൂലൈ 28—അന്നത്തെ പുലരി പ്രസന്നവദനയായിരുന്നു. എന്നാൽ കുളിർകാററു് ഒരു ദുഃഖവാർത്ത പറഞ്ഞുനടന്നു. ഭരണങ്ങാനത്തേയും കുടമാളൂരേയും ചുരുക്കം ചിലവ്യക്തികളല്ലാതെ മററാരും അതു ശ്രദ്ധിച്ചില്ല. അന്നായിരുന്നു ഭരണങ്ങാനംമഠത്തിലെ അൽഫോൻസാ എന്ന സാധുകന്യാസ്ത്രീയുടെ മരണം. കന്യാസ്ത്രീകളുടെ ശവസംസ്കാരത്തിനു് സാധാരണ ഉണ്ടായിരുന്ന ആർഭാടങ്ങളൊന്നും അന്നില്ലായിരുന്നു എന്നുള്ളതാണു് അതിന്റെ ഒരു പ്രത്യേകത. ഭാരതസ്വാതന്ത്ര്യത്തിനായി ത്യാഗങ്ങൾ സഹിച്ച മഹാത്മജിയുടെ ചുടലച്ചുറ്റും ഭാരതത്തിന്റെ കോണുകളിൽനിന്നുപോലും കാണികൾ ദുഃഖവിവശരായി തിങ്ങിക്കൂടി. എന്നാൽ ദൈവത്തിനുവേണ്ടി സഹനം വരിച്ച അൽഫോൻസാമ്മയുടെ ശവമഞ്ചത്തെ പിൻചെല്ലുന്നതിനു് ഏതാനും കന്യാസ്ത്രീകളും സ്കൂളിലേക്കുവന്ന ഏതാനും കുട്ടികളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ദൈവനിയോഗാൽ എന്നവിധം, അവളുടെ ശവമഞ്ചം, മുന്നാചാരങ്ങളിൽനിന്നു വിരുദ്ധമായി, സഹോദരികൾതന്നെ കല്ലറവരെ സംവഹിച്ചു. അന്നു് ആ പൂജ്യശരീരം വഹിക്കുന്നതിനു് സന്നദ്ധരായ ഒരുത്തരും ഇല്ലായിരുന്നു. ഇന്നോ? അന്നു് അവളുടെ മരണവാർത്തയോ അവളുടെ നാമം പോലുമോ പത്രത്തിൽ കണ്ടില്ല. ഇന്നോ? അന്നു് അവളുടെ സംസ്കാരത്തിൽ പങ്കുകൊണ്ടതു് ഒന്നോ രണ്ടോ വൈദികരായിരുന്നു. ഇന്നോ? ആ അന്നും, ഈ ഇന്നും തമ്മിലുള്ള വ്യതിയാനത്തിനു കാരണം എന്താ...?

(തുടരും)

# 69-ാം സേന

(J. M.)

## 1) അതെന്താണു്?

ദൈവത്തിന്റെ 6-ാമത്തേതും 9-ാമത്തേതും പ്രമാണങ്ങളുടെ ആദർശങ്ങളെ ആത്മാർത്ഥമായി ആദരിച്ചു, ആ കല്പനകൾക്കെതിരായുള്ള വിചാരങ്ങളേയും വാക്കുകളേയും പ്രവൃത്തികളേയും സർവ്വാത്മനാ എതിർത്തു, കൂടുതൽ നിർമ്മലമായ ഒരു ജീവിതം നയിക്കുന്നതിനു ഒരു പ്രത്യേക പ്രതിജ്ഞ എടുക്കുന്ന കത്തോലിക്കാ യുവതീയുവാക്കന്മാരുടെ ധർമ്മസമരനിരയാണു 69-ാംസേന.

## 2) എന്തിനാണതു്?

2) 6-ാമത്തേയും 9-ാമത്തേയും പ്രമാണങ്ങൾക്കെതിരായുള്ള ഇന്നത്തെ അശുദ്ധതയുടെ മാരണം വ്യക്തികളിലും സമുദായത്തിലും വരുത്തിക്കൂട്ടുന്ന ആത്മീയവും ശാരീരികവുമായ നാശം എത്ര പരിതാപകരമായിരിക്കുന്നു! ഈ തിന്മയുടെ അശുദ്ധാരൂപിയെ പ്രത്യേകശ്രദ്ധയോടും സംഘടിതമായ പ്രവർത്തനത്തോടുംകൂടി എതിർക്കേണ്ടിയിരിക്കുന്നു. 69-ാം സേന അതിനുള്ളതാണു്.

## 3) ഈ സേന എന്നു്, എവിടെ ആരംഭിച്ചു?

ഈ സേനയുടെ ആരംഭം 1949-ലാണു്. ഇന്നു ലോകത്തിൽ ഏററം അധികം പ്രചാരമുള്ള Our Sunday Visitor എന്ന അമേരിക്കൻ കത്തോലിക്കാ ആഴ്ചപ്പത്രത്തിന്റെ ആഭിമുഖ്യത്തിലാണു് ഈസംഘടന പ്രവർത്തനം നടത്തുന്നതു്. പ്രസ്തുത പത്രത്തിന്റെ പത്രാധിപസമിതിയിലെ ഒരംഗമായ Rev. Fr. James P. Conroy യാണു ഈ സേനയുടെ നേതാവായി അമേരിക്കൻ മെത്രാന്മാരാൽ നിയമിതനായിരിക്കുന്നതു്.

## 4) മാർപ്പാപ്പായുടെ ആശീർവാദവും ആഗ്രഹവും

ഈ 69-ാംസേനയെ 1950 ജൂൺ 27-ാംതീയതി പന്ത്രണ്ടാം പീയൂസ് തിരുമനസ്സുകൊണ്ടു ഹൃദയപൂർവ്വം ആശീർവദിച്ചിട്ടുണ്ടു്. കത്തോലിക്കാ യുവതീയുവാക്കന്മാർ ഇപ്രകാരം ഒരു പ്രതിജ്ഞയെടുത്തു് 6-ാംപ്രമാണത്തേയും 9-ാംപ്രമാണത്തേയും സമാദരിക്കുവാൻ ഒരു ആത്മീയസമരം നടത്തുന്നുവെന്നുള്ള വസ്തുത പരിശുദ്ധ പിതാവിനെ അത്യന്തം സന്തോഷിപ്പിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തു. മാത്രമല്ല, ഈ സേന ആഗോളവ്യാപകമായിത്തീരുന്നതിനു തിരുമേനി ആഗ്രഹിക്കയും ചെയ്യുന്നു. തൽഫലമായി ഈ സംഘടന ലോകത്തിലെ ഇതരരാജ്യങ്ങളിലും പ്രവേശിച്ചു പ്രചരിച്ചുവരുന്നു.

## 5) സ്വർഗ്ഗസഹായം

ഈ ആത്മീയസമരത്തിനു ദൈവസഹായം അത്യാവശ്യമാകയാൽ, ഈശോയുടെ തിരുഹൃദയത്തോടും, മറിയത്തിന്റെ അമലോത്ഭവഹൃദയത്തോടും പ്രത്യേക ഭക്തി പുലർത്തേണ്ടതു് ഈ സൈന്യത്തിൽ ചേരേണ്ടവർക്കു ഒരാവശ്യം തന്നെയാണു്. കാരണം ദൈവസഹായം കൂടാതെ ശുദ്ധത എന്ന പുണ്യം പുലർത്തുവാൻ ആർക്കുംതന്നെ സാദ്ധ്യമല്ല. അതിനാൽ ഈശോയുടെ തിരുഹൃദയത്തോടും മറിയത്തിന്റെ അമലോത്ഭവഹൃദയത്തോടും ഈ കുരിശുയുദ്ധത്തിനു ആവശ്യമായ സഹായം അതിൽ ചേരുന്നവർ നിരന്തരം പ്രാർത്ഥിക്കേണ്ടതാണു്.

## 6) ഈ സേനയുടെ നേത്രി

ഈ സേനയുടെ നേത്രിയായി അംഗീകരിക്കപ്പെട്ടിരിക്കുന്നതു വി. മരിയാ ഗൊരേത്തിയാണു്. മരിയാ ഗൊരേത്തിയെ പുണ്യവതിയെന്നു പ്രഖ്യാപനം ചെയ്തു 1950 ജൂൺ 24-ാംതീയതിയാണു്, 69-ാം സേന, ആ കൊച്ചുപുണ്യവതിയെ സ്വന്തം നേത്രിയായി സ്വീകരിച്ചതു്. അന്നുതന്നെ ഈ മഹത്തായ സേനയുടെ 90,000 അംഗങ്ങൾ ചേർന്നു പരിശുദ്ധ പിതാവിനു ഒരു ആത്മീയമഞ്ജരി സമർപ്പിച്ചു. അതിനു മറുപടിയായി പരിശുദ്ധപിതാവു പറഞ്ഞതു്, ഈ കൊച്ചുപുണ്യവതി നമ്മുടെ കാലത്തിനു പ്രത്യേകമായിനൽകപ്പെട്ടവളാണെന്നും നിർമ്മലജീവിതം ജീവിക്കുന്ന യുവതീയുവാക്കന്മാർക്കു വി. മരിയാ ഗൊരേത്തി യഥാർത്ഥനേത്രിയാണെന്നും അത്രെ.

## 7) ആരാണു മരിയാ ഗൊരേത്തി?

"ആധുനിക വിശുദ്ധ ആഗ്നസ്" എന്നാണു പരിശുദ്ധ പിതാവു വി മരിയാഗൊരേത്തിയെ നാമകരണം ചെയ്തിരിക്കുന്നതു്. 6-ാംപ്രമാണത്തിനും 9-ാംപ്രമാണത്തിനും എതിരായ പാപം ചെയ്യുവാൻ ഒരു യുവാവു അവളെ പ്രേരിപ്പിക്കയും നിർബന്ധിക്കയും ചെയ്തിട്ടും അവൾ അതിനു സമ്മതിച്ചില്ലെന്നു മാത്രമല്ല, തന്റെ ശുദ്ധത സംരക്ഷിക്കുവാൻവേണ്ടി ആ യുവാവിന്റെ കഠാരികൊണ്ടുള്ള 14 കുത്തേററു രക്തംചിന്തി അവൾ മരിക്കയുംചെയ്തു.

അവൾ ഇററലിയിൽ കൊരിനാൾഡോ എന്ന ഗ്രാമത്തിൽ 1859 ഡിസംബർ 26-ൽ ജനിച്ചു. 1902 ജൂലൈ 5-ാംതീയതി അവൾ വധിക്കപ്പെട്ടു. 1950 ജൂൺ 25-ാം തീയതി വിശുദ്ധയെന്നു പ്രഖ്യാപിക്കപ്പെട്ടു. അന്നുമുതൽ തന്നെ അവൾ ആധുനിക യുവതീയുവാക്കന്മാരുടെ നേത്രിയായിത്തീർന്നു.

## 8) 69-ാം സേനയിൽ ചേരേണ്ടവർ ആരെല്ലാം?

69-ാം സേനയുടെ പ്രതിജ്ഞാനുസരണമായി ജീവിക്കാൻ ആഗ്രഹവും മനസ്സുമുള്ള ആർക്കും അതിൽ ചേരാവുന്നതാണു്. പ്രത്യേകിച്ചു് യുവതീയുവാക്കന്മാരും കോളെജു് ഹൈസ്കൂൾ വിദ്യാർത്ഥിനീവിദ്യാർത്ഥികളും സൊഡാലിററിയംഗങ്ങളും തൊഴിലാളികളും ഇതിൽ ചേരാൻ പ്രേരിപ്പിക്കപ്പെടുന്നു.

## 9) 69-ാം സേനയിലെ പടയാളി എന്തൊക്കെയാണു് ചെയ്യേണ്ടതു്?

പടയാളിയുടെ ഔദ്യോഗിക പ്രതിജ്ഞ ചെയ്യുകയും, 6-ാമത്തേയും 9-ാമത്തേയും പ്രമാണങ്ങൾക്കെതിരായ വിചാരം, വാക്കു്, പ്രവൃത്തി, സിനിമാ, ചെറുകഥ, നോവൽ, ചിത്രം, പത്രം, വസ്ത്രധാരണം, മാസിക മുതലായവയെ എതിർക്കുകയും പ്രസ്തുത സേനയുടെ കേന്ദ്രത്തിൽനിന്നുള്ള നിർദ്ദേശങ്ങൾ അനുസരിക്കയും ചെയ്യണം.

മാതാപിതാക്കന്മാർ തങ്ങളുടെ പുത്രന്മാരേയും പുത്രിമാരേയും, ഇടവകവൈദികർ സൊഡാലിററിയുടേയും യുവജനസമാജങ്ങളുടേയും മററു ഇടവകഭക്തസംഘങ്ങളുടേയും അംഗങ്ങളേയും, കോളെജുകളിലും സ്കൂളുകളിലും അദ്ധ്യാപകന്മാർ വിദ്യാർത്ഥിനികളേയും വിദ്യാർത്ഥികളേയും, ബോർഡിംഗു് മാനേജരന്മാർ ബോർഡേഴ്സിനേയും, തൊഴിലാളിനേതാക്കന്മാർ തൊഴിലാളികളേയും ഈ സേനയിൽ ചേർന്നു ആത്മീയസമരം ചെയ്യുവാൻ പ്രോത്സാഹിപ്പിക്കേണ്ടതാണു്.

## 10) കേന്ദ്രം എവിടെയാണു്?

അമേരിക്കയിൽ, ഹണ്ടിങ്ങ്ടൺ. ഇൻഡ്യാനാ എന്ന സ്ഥലത്തുനിന്നു പുറപ്പെടുന്ന Our Sunday Visitor എന്ന പത്രത്തോടു അനുബന്ധിച്ചാണു് അതിന്റെ കേന്ദ്രസ്ഥാനം.

## 11) പടയാളി ചെയ്യേണ്ട പ്രതിജ്ഞ എന്താണു്?

69-ാം സേനയുടെ പ്രതിജ്ഞ.

1) "6-ാമത്തേയും 9-ാമത്തേയും പ്രമാണങ്ങളുടെ ആദർശങ്ങളും, വിശിഷ്യ വിചാരത്തിലും, വാക്കിലും, പ്രവൃത്തിയിലും, വസ്ത്രധാരണത്തിലും കൂടുതൽ വിനയവും പാലിക്കുന്നതിനും കൂടുതൽ ശ്രേഷ്ഠമായ ജീവിതവിശുദ്ധിയിലേക്കു മററുള്ളവരെ ആനയിക്കുവാൻ പ്രസ്തുതവിഷയം സംബന്ധിച്ചുള്ള എന്റെ നിലയെന്തെന്നു അവർ അറിയുന്നതിനുംവേണ്ടി ഞാൻ ജീവിക്കയും പോരാടുകയും ചെയ്യാമെന്നു ഞാൻ പ്രതിജ്ഞചെയ്യുന്നു.

2) "ഈശോയുടെ തിരുഹൃദയത്തോടും മറിയത്തിന്റെ അമലോത്ഭവഹൃദയത്തോടും വ്യക്തിപരവും പ്രബലവുമായ ഭക്തി വളർത്തിക്കൊണ്ടു 69-ാം സേനയുടെ ആദർശങ്ങൾ പുലർത്തിക്കൊള്ളാമെന്നു ഞാൻ പ്രത്യാശിക്കുന്നു ആമ്മേൻ."

## 12) കേരളത്തിൽ ശാഖ ഉണ്ടോ?

ഇല്ല. ഔദ്യോഗികമായി ശാഖ സ്ഥാപിക്കപ്പെടുന്നതിനുമുമ്പു് അതിനെപ്പററി നാം അറിയേണ്ടിയിരിക്കുന്നു. നമ്മുടെ നാട്ടിൽ ഇതിന്റെ ശാഖ എത്രയോ ആവശ്യമായിരിക്കുന്നു! തക്കസമയം വരുമ്പോൾ നമ്മുടെ നാട്ടിലെ വിദ്യാലയങ്ങളിലും ഇടവകകളിലും ബോർഡിംഗുകളിലും തൊഴിൽശാഖകളിലും ഈ സേന രൂപവൽകൃതമാകുമെന്നു പ്രതീക്ഷിക്കാം. ഈ സേനയെപ്പററി കേരളീയവൈദികരും മാതാപിതാക്കന്മാരും സ്കൂൾ അധികാരികളും, യുവതീയുവാക്കന്മാരും പര്യാലോചിക്കുന്നതു ആവശ്യമായിരിക്കുന്നു. നമ്മുടെ നാട്ടിൽ പത്രമാസികകൾ, സിനിമാ മുതലായവ വഴിയായി അശുദ്ധത ഏററം വലിയ ഒരാക്രമണമാണു നമ്മുടെ യുവതീയുവാക്കന്മാരുടെ ശുദ്ധതയുടെനേരെ അഴിച്ചുവിട്ടിരിക്കുന്നതു്. നല്ല കത്തോലിക്കാ സാഹിത്യകാരന്മാരെന്നു പേരെടുത്തിരിക്കുന്ന ചിലർപോലും ഏററം നികൃഷ്ടമായ "അഴുകി"യ കഥകൾ എഴുതി നമ്മുടെ യുവതീയുവാക്കന്മാരുടെ ആത്മാക്കളെ മലീമസമാക്കുന്ന ഒരു കാലമാണിതു്. ഇതിന്റെയെല്ലാം ഫലമായി, കുറേ കൊല്ലങ്ങളായിട്ടു് എത്രയോ കത്തോലിക്കാ യുവതീയുവാക്കന്മാരാണു ജന്മസിദ്ധമായ അവരുടെ സത്യവിശ്വാസത്തേയും തിരുസഭയേയും, മഹത്തായ സമുദായത്തേയും, ശ്രേഷ്ഠമായ കുടുംബങ്ങളേയും, സ്നേഹനിധികളായ മാതാപിതാക്കന്മാരേയും, സർവ്വോപരി ദൈവത്തേയും നമ്മുടെ പ്രിയ രക്ഷകനായ ഈശോമിശിഹായേയും പരസ്യമായി പരിത്യജിച്ചു നാശത്തിലേക്കു പായുന്നതു്! ഇന്നും ഈ ചോർച്ച തുടർന്നുകൊണ്ടിരിക്കുന്നു! പിശാചിന്റെ ദൂതന്മാരുടെ ഭാഗത്തുനിന്നുള്ള തെററിദ്ധരിപ്പിക്കലും വശീകരണവും ദൈവത്തിന്റെ പ്രതിനിധികളുടെ ഭാഗത്തുനിന്നുള്ള നേതൃത്വത്തിന്റേയും ഉപദേശത്തിന്റേയും വിശദീകരണത്തിന്റേയും കുറവും, അല്ലാതെ മററൊന്നുമല്ല, ഈ മഹാ ചോർച്ചയുടെ കാരണം. "പുകഞ്ഞ കൊള്ളി പുറത്തു്!" എന്നു പറഞ്ഞു ഒഴിഞ്ഞു സമാധാനപ്പെടാവുന്നതല്ല, ചുമതലയുള്ളവർക്കാർക്കും. പരിശുദ്ധ പിതാവു വി. മരിയാ ഗൊരേത്തിയെ ആധുനികലോകത്തിന്റെ പാനത്തിനും അനുകരണത്തിനുമായി പ്രദാനം ചെയ്തതും, 69-ാം സേന ലോകമാസകലം പ്രചരിക്കുന്നതിനു് ആഗ്രഹിക്കുന്നതും, പുണ്യവതിയോടുള്ള നൊവേനപ്രാർത്ഥനയെ വിശേഷവിധിയായി അനുഗ്രഹിച്ചതും, ഇന്നത്തെ യുവതീയുവാക്കന്മാരെ നാശത്തിന്റെ വലയിൽനിന്നു രക്ഷിക്കുവാനാണു്. നാം അതവഗണിക്കുന്നതു മഹാപരാധമായിരിക്കും.

കേരളക്കരയിൽ ഈ 69-ാം സേനയുടെ ഒരു ശാഖ രൂപവൽകൃതമാകുന്നതിനു കേന്ദ്രം താല്പര്യപ്പെടുന്നുണ്ടു്. ഈ സൈന്യത്തിൽ തങ്ങളുടെ കീഴിലുള്ള യുവതീയുവാക്കന്മാരെ ചേർക്കണമെന്നു് താല്പര്യമുള്ളവരും ചേരണമെന്നു ആഗ്രഹമുള്ള യുവജനങ്ങളും താഴെ കാണുന്ന മേൽവിലാസത്തിൽ എഴുതിച്ചോദിക്കുന്നതു സ്വാഗതാർഹമാണു്.

"അമ്മ", ആലങ്ങാട്ടു് P. O., ആലുവാ.

# കേരളത്തിലെ പുരാതനസഭ

## ചരിത്രപരമായ ഒരവലോകനം

(ഫാദർ തോമസു ഇഞ്ചയ്ക്കലോടി)

12. കൊല്ലം മെത്രാനായ യോർദാനോസു

A. D. 1328-ൽ 22-ാംയോഹന്നാൻ മാർപാപ്പാ തിരുമനസ്സുകൊണ്ടു് ഒരു ഡൊമിനിക്കൻ സന്യാസിയായ യോർദാനോസിനെ കൊല്ലം മെത്രാനായി അഭിഷേചിക്കയും കൊല്ലത്തെ നസ്രാണിനേതാവിനായി ഒരു കല്പനയും കൊടുത്തു അദ്ദേഹത്തെ ഇവിടേക്കു് അയക്കുകയും ചെയ്തതായി കാണുന്നു. അന്നു



കൊല്ലത്തും പരിസരങ്ങളിലും ഉണ്ടായിരുന്നക്രൈസ്തവരും അവരുടെ നായകനും മാർപാപ്പായുടെ ഭരണത്തിൻ കീഴിലും ജീവിച്ചിരുന്ന കത്തോലിക്കരായിരുന്നുവെന്നത്രെ ഇതും തെളിയിക്കുന്നതു്.

13. യോഹന്നാൻ മരിഞ്ഞോളിയുടെ കത്തു്

6-ാം ക്ലെമൻറു മാർപാപ്പാ 1348-ൽ തൻെറ ലഗിതാരായി യോഹന്നാൻ മരിഞ്ഞോളി എന്ന ഒരു ഫ്രാൻസിസ്കൻ മെത്രാനെ കേരളത്തിലേക്കയക്കുകയും അദ്ദേഹം കൊല്ലത്തു എത്തി 14 മാസത്തോളം താമസിക്കയും ചെയ്തു. ഇവിടെ നിന്നും മടങ്ങിപ്പോയപ്പോൾ അദ്ദേഹം എഴുതിയ കത്തിൽ ഇപ്രകാരം കാണുന്നു: "മാർത്തോമ്മാ ക്രിസ്ത്യാനികൾ കുരുമുളകിൻെറ ഉടമസ്ഥരാണു. അവർ ഉടമസ്ഥരായിരിക്കുന്ന ആഫീസിൽ നിന്നും മാർപാപ്പായുടെ പ്രതിപുരുഷൻ എന്ന നിലയിൽ പ്രതിമാസം 100 പൊൻപണവും സ്ഥലം വിട്ടപ്പോൾ 1000 പൊൻപണവും അവർ എനിക്കു നൽകി." (Mackenzie — Christianity in Travancore P. 9) മാർപാപ്പായുടെ പ്രതിനിധിയെ ബഹുമാനിക്കയും അദ്ദേഹത്തിനു് പ്രതിമാസം ശമ്പളം നല്കുകയും മടങ്ങിപ്പോയപ്പോൾ പാരിതോഷികം നല്കുകയും ചെയ്തതിനാൽ നിശ്ചയമായും ഇവിടത്തെ ക്രൈസ്തവർ മാർപാപ്പായുടെ ഭരണത്തിൻ കീഴിലുള്ള കത്തോലിക്കരായിരുന്നുവെന്നു തെളിയുന്നു.

14. വിരാർവട്ടംരാജാവിനുള്ള മാർപാപ്പായുടെ കല്പന

കേരളത്തിലെ നസ്രാണികളുടെ രാജാവായി ഭരണം നടത്തിയിരുന്ന തോമസിനു് 1439-ൽ നാലാമത്തെ എവുജീനോസു മാർപാപ്പാ കൊടുത്തയച്ച കല്പനയിൽ ഇപ്രകാരമാണു എഴുതിയിരിക്കുന്നതു: "മിശിഹായിൽ നമ്മുടെ പ്രിയ പുത്രനും ഇൻഡ്യയുടെ പ്രതാപപൂർണ്ണനായ ചക്രവർത്തിയുമായ തോമസിനു് ആരോഗ്യാശംസയും ശ്ലൈഹികാശീർവ്വാദവും. അവിടുന്നും അവിടുത്തെ പ്രജകളും സത്യവിശ്വാസികളാണെന്നുള്ള കേൾവി പലപ്പോഴും നമ്മുടെ പക്കൽ എത്തിയിട്ടുണ്ടു്." (Travancore State Manuel Vol. II. P. 147.)

മാർപാപ്പാ തിരുമനസ്സുകൊണ്ടു സത്യവിശ്വാസികളെന്നു് കേരളത്തിലെ ക്രിസ്ത്യാനികളെയും അവരുടെ അധിപനേയും പററി എഴുതണമെങ്കിൽ നിശ്ചയമായും അവർ കത്തോലിക്കരായിരുന്നിരിക്കണം. നെസ്തോറിയൻകാരേയോ യാക്കോബായക്കാരേയോ പററി "സത്യവിശ്വാസികളെ"ന്നു ഒരു മാർപാപ്പായും ഒരിക്കലും പറയുന്നതല്ല.

15. മാർ യൗസേഫിൻെറ സാക്ഷ്യം

1490-ൽ കേരളത്തിലേക്കു മെത്രാന്മാരെ കൊണ്ടുവരുവാനായി ഇവിടെനിന്നും ബാബേലിലേക്കുപോയ കേരളീയനായ യൗസേഫ് അവിടെവച്ചു പട്ടം സ്വീകരിക്കുകയുണ്ടായി. 1501-ൽ അദ്ദേഹം ചെയ്ത ഒരു പ്രസ്താവനയിൽ തൻെറ അധികാരിയായ കത്തോലിക്കാ പാത്രിയർക്കീസ് റോമായിൽനിന്നുമുള്ള അധികാരത്താൽ അഭിഷേചിക്കപ്പെടുന്നുവെന്നു സ്പഷ്ടമായി പ്രസ്താവിച്ചിരിക്കുന്നു. കൂടാതെ അദ്ദേഹം റോമിൽ പോകുകയും ആറാം അലക്സാണ്ടർ മാർപാപ്പായെ മുഖം കാണിക്കയും റോമായുടെ പരമാധികാരത്തിൽ തനിക്കുള്ള വിശ്വാസത്തെ പ്രകടിപ്പിക്കയും ചെയ്തു. കേരളത്തിലേക്കു മെത്രാന്മാരെ കൊണ്ടുവരുവാൻ ഇവിടത്തെ നസ്രാണികൾ അയച്ച യൗസേഫ കത്തോലിക്കനായിരുന്നുവെന്നും തദ്വാരാ, ഇവിടത്തെ ക്രൈസ്തവർ കത്തോലിക്കരായിരുന്നു വെന്നുമുള്ള വാസ്തവം ഇതും തെളിയിക്കുന്നു. (Schurhammer. O. C. P.30.)

16. വാസ്കോഡിഗാമായ്ക്കു നൽകിയ സ്വീകരണം

A. D. 1502-ൽ ഒരു പോർട്ടുഗീസ് വണിഗ്വരനും കത്തോലിക്കനുമായിരുന്ന വാസ്കോഡിഗാമാ കൊച്ചിയിൽ എത്തിയപ്പോൾ അവിടത്തെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഒരു നിവേദകസംഘം അദ്ദേഹത്തെ സ്വീകരിക്കുകയുണ്ടായി. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മുഖ്യനഗരമായ കൊടുങ്ങല്ലൂരിൽ നിന്നാണു തങ്ങൾ വന്നതെന്നും ആ ദേശത്തിലെ ക്രിസ്ത്യാനികൾ മുപ്പതിനായിരത്തോളം ഉണ്ടെന്നും അവർ അദ്ദേഹത്തെ അറിയിച്ചു. യൂറോപ്പിലെ ഏററം കത്തോലിക്കനായ രാജാവിൻെറ ഉദ്യോഗസ്ഥനാണു് ഗാമാ എന്നറിഞ്ഞു് അവർ അദ്ദേഹത്തോടു സഹായത്തിനു് അഭ്യർത്ഥിച്ചു. തങ്ങളുടെ രാജകുടുംബം അന്യംനിന്നു പോയതിനാൽ ചെങ്കോലും രാജചിഹ്നങ്ങളും വാസ്കോഡിഗാമായെ ഏൽപ്പിക്കുകയും പോർട്ടുഗൽ രാജാവിൻെറ സംരക്ഷണയിൽ തങ്ങളെ സ്വീകരിക്കണമെന്നു് അപേക്ഷിക്കയും, വാസ്കോഡിഗാമാ അതു സമ്മതിക്കയും ചെയ്തു. മാർത്തോമ്മാ ക്രിസ്ത്യാനികൾ ഉൾപ്പെട്ടിരുന്ന സഭയും, വാസ്കോഡിഗാമാ, പോർട്ടുഗൽ രാജാവു് എന്നിവർ അംഗങ്ങളായിരുന്ന സഭയും ഒന്നുതന്നെ, അതെ കത്തോലിക്കാസഭതന്നെ ആയിരുന്നുവെന്നത്രെ ഇതു തെളിയിക്കുന്നതു. ഏററം കത്തോലിക്കനായ രാജാവിൻെറ ഭരണത്തിൻകീഴിൽ ഇരിക്കുന്നതിനു് അവർ സന്നദ്ധത പ്രകടിപ്പിച്ചതിൻെറ കാരണവും ഇതുതന്നെയെന്നു തെളിയുന്നു. (Schurhammer. O. C. P. 8—9.)

17. ബാബിലോൺമെത്രാന്മാർ

ക്രിസ്ത്വബ്ദം 1503-നുശേഷം ബാബേലിൽനിന്നു് 4 മെത്രാന്മാർ കേരളീയ ക്രൈസ്തവരുടെ ആദ്ധ്യാത്മികഭരണം നിർവഹിക്കുന്നതിനുവേണ്ടി കേരളത്തിൽ വന്നെത്തിയിട്ടുണ്ടു്. അവരെ പോർട്ടുഗീസ് മിഷനറിമാർ സസന്തോഷം സ്വീകരിക്കുകയും അവർക്കു വിലയേറിയ സമ്മാനങ്ങൾ നൽകുകയും, തങ്ങളോടൊരുമിച്ചു താമസിപ്പിക്കയും, തങ്ങളുടെ ദൈവാലയങ്ങളിൽ ദിവ്യബലി അർപ്പിക്കുന്നതിനു് അവരെ അനുവദിക്കുകയും, പ്രസ്തുത ബലിയിൽ സംബന്ധിക്കുകയും ചെയ്യുകയുണ്ടായി. തങ്ങളുടെ സഭയിൽ ഉൾപ്പെട്ടിരുന്നവർ ആയിരുന്നതു നിമിത്തമല്ലയോ പോർട്ടുഗീസുകാർ ഇപ്രകാരം പ്രസ്തുത മെത്രാന്മാരോടു പ്രവർത്തിച്ചതു്. പ്രസ്തുതമെത്രാന്മാർ കത്തോലിക്കരായിരുന്നു വെന്നും അവരുടെ ഭരണത്തിൻകീഴിൽ ഉണ്ടായിരുന്ന ഇവിടത്തെ ക്രിസ്ത്യാനികൾ കത്തോലിക്കരായിരുന്നുവെന്നും ഈ വാസ്തവം വിളിച്ചുപറയുന്നു (Giamel O. C. P. 593—600).

## അറിയിപ്പ്

എറണാകുളം അതിമെത്രാസനാരമനയിലേക്കു് തപാൽമാർഗ്ഗം അയക്കുന്ന കത്തുകളിലും മററു ഉരുപ്പടികളിലും എല്ലാം, മേൽവിലാസത്തിൽ "എറണാകുളം-1" എന്നു ചേർത്തിരിക്കേണ്ടതാണു്. അല്ലാത്തപക്ഷം അവ മേൽവിലാസക്കാരനു കിട്ടുവാൻ കാലതാമസം നേരിടുന്നതാണു്.

18. വി. ഫ്രാൻസിസ് സേവ്യറിൻെറ കത്തു്

A. D. 1504—1549 വരെ മലങ്കരയിലെ ക്രൈസ്തവരെ ഭരിച്ചിരുന്ന മെത്രാനായ മാർ യാക്കോബു് ഒരു കത്തോലിക്കാമെത്രാനായിരുന്നുവെന്നു് 1549-ൽ വി. ഫ്രാൻസിസ് സേവ്യർ പോർട്ടുഗൽ രാജാവിനു് അയച്ച ഒരു കത്തിൽനിന്നു തെളിയുന്നു. ഇപ്രകാരമാണു പ്രസ്തുത കത്തിൽ കാണുന്നതു്. "യാക്കോബു് ആബൂനാ" എന്നു പേരുള്ള ഒരു അർമ്മേനിയൻ മെത്രാൻ ദൈവത്തേയും അങ്ങയേയും സേവിച്ചുകൊണ്ടു് 45 കൊല്ലമായി ഇവിടെ ഭരിക്കുന്നു. സ്വഭാവഗുണവും പരിശുദ്ധിയുംകൊണ്ടു് ദൈവത്തിനു് അത്യന്തം പ്രിയംകരനായ ഇദ്ദേഹത്തെ അവിടുന്നു് അവഗണിച്ചിരിക്കുന്നതായി തോന്നുന്നു. ദൈവദൃഷ്ടിയിൽ ഇത്ര സമ്മതനായ ഒരു മനുഷ്യൻെറ സന്മനസ്സും മാദ്ധ്യസ്ഥ്യവും ഈ സന്ദർഭത്തിൽ അങ്ങേക്കു് അത്യാവശ്യമത്രേ." അകത്തോലിക്കനായ ഒരു മെത്രാനെപ്പററി വി. ഫ്രാൻസിസ് സേവ്യർ ഒരുകാലത്തും ഇപ്രകാരം എഴുതുന്നതല്ല. മാർ യാക്കോബിനെപ്പററി വി. ഫ്രാൻസിസ് സേവ്യർ എഴുതിയ വേറൊരു കത്തിൽ ഇപ്രകാരം കാണുന്നു. "അദ്ദേഹത്തിൻെറ വാർദ്ധക്യകാലമായ ഇപ്പോഴും വി. മാതാവായ റോമാസഭയുടെ ആചാരങ്ങളോടു് വളരെ അനുസരണമുള്ളവനാകുന്നു." ഇതിൽനിന്നും മാർ യാക്കോബുമെത്രാൻ കത്തോലിക്കനായിരുന്നുവെന്നു് സ്പഷ്ടമായി തെളിയുന്നു. 45 കൊല്ലത്തോളം അവരുടെ ആദ്ധ്യാത്മികഭരണം മാർ യാക്കോബു നിർവ്വഹിച്ചു കൊണ്ടിരുന്നുവോ ആ ക്രിസ്ത്യാനികൾ — അതേ കേരളീയക്രൈസ്തവർ — കത്തോലിക്കരായിരുന്നുവെന്നു ഇതും നിസ്സംശയം തെളിയിക്കുന്നു. (Monumenta Xaverina Matriti 1900, I. 480—481)

19. പൂർണ്ണദണ്ഡവിമോചനാഭ്യർത്ഥന

ക്രിസ്ത്വബ്ദം 1549-ൽ മാർത്തോമ്മാക്രിസ്ത്യാനികളുടെ വകയായ കൊടുങ്ങല്ലൂരുള്ള രണ്ടു ദേവാലയങ്ങൾക്കുവേണ്ടി പൂർണ്ണദണ്ഡവിമോചനം നൽകുന്നതിനായി വി. ഫ്രാൻസിസ് സേവിയർ, വി. ഇഗ്നേഷ്യസ് ലയോളായോടു് ഒരു കത്തുമൂലം അഭ്യർത്ഥിക്കയുണ്ടായി. പ്രസ്തുത കത്തിൽ "വി. തോമ്മാശ്ലീഹായാൽ മാനസാന്തരപ്പെട്ടിട്ടുള്ളവരുടെ സന്താനങ്ങളും ഇദ്ദേശവാസികളുമായ ആളുകൾ പുണ്യത്തിൽ അഭിവൃദ്ധിപ്പെടുന്നതിനുവേണ്ടി" എന്നാണു രേഖപ്പെടുത്തിയിരിക്കുന്നതു്. ദൈവാലയങ്ങൾ സന്ദർശിച്ചു് വി. കർബാന സ്വീകരിക്കുന്നവർക്കായിട്ടത്രേ വി. ഫ്രാൻസിസ് സേവിയർ ദണ്ഡവിമോചനം അഭ്യർത്ഥിച്ചതു്. ഒരു അകത്തോലിക്കാ ദൈവാലയം സന്ദർശിച്ചു് വി. കർബാന സ്വീകരിക്കുന്നവർക്കുവേണ്ടി വിശുദ്ധൻ ഒരുകാലത്തും ദണ്ഡവിമോചനം അഭ്യർത്ഥിക്കയില്ലെന്നുള്ളതു് നിസ്തർക്കമത്രേ. അപ്രകാരംതന്നെ കത്തോലിക്കരല്ലാത്തവരുടെ പുണ്യാഭിവൃദ്ധിക്കുവേണ്ടി ദണ്ഡവിമോചനം വിശുദ്ധൻ അഭ്യർത്ഥിക്കുകയുമില്ല. ആകയാൽ ഉദയംപേരൂർ സൂന്നഹദോസിനു് സുമാർ അൻപതു വർഷങ്ങൾക്കുമുൻപുതന്നെ കൊടുങ്ങല്ലൂർ ഉണ്ടായിരുന്ന ദൈവാലയങ്ങൾ കത്തോലിക്കാദൈവാലയങ്ങളും അവിടത്തെ ക്രൈസ്തവർ കത്തോലിക്കരുമായിരുന്നു എന്നു നിർവ്വിവാദം തെളിയുന്നു. (Coleridge. Life and letters of St. Francis Xavier P. 73—74)

20. വൈദികസെമ്മിനാരി

വൈദികവിദ്യാർത്ഥികളെ അഭ്യസിപ്പിക്കുന്നതിനുവേണ്ടി പോർട്ടുഗീസുകാർ ഒരു സെമ്മിനാരി കൊടുങ്ങല്ലൂരിൽ സ്ഥാപിക്കയുണ്ടായി. പ്രസ്തുത സെമ്മിനാരിയിൽ വൈദികവിദ്യാഭ്യാസം നടത്തുന്നതിനുവേണ്ടി കേരളത്തിലെ ക്രൈസ്തവകുടുംബങ്ങളിൽ ഏററം പ്രാധാന്യമർഹിക്കുന്ന നൂറിൽപരം കുടുംബങ്ങളിലെ വിദ്യാർത്ഥികൾ പഠനം നടത്തിക്കൊണ്ടിരുന്നതായി വി ഫ്രാൻസിസ് സേവിയർ പോർട്ടുഗലിലേക്കയച്ച ഒരു കത്തിൽ കാണുന്നു. കേരളത്തിൻെറ വിവിധഭാഗങ്ങളിൽനിന്നും വൈദികപഠനാർത്ഥം ഉൽകൃഷ്ടക്രൈസ്തവകുടുംബങ്ങളിലെ വിദ്യാർത്ഥികളെ ഒരു കത്തോലിക്കാ സെമ്മിനാരിയിലേക്കയക്കണമെങ്കിൽ നിശ്ചയമായും പ്രസ്തുത കുടുംബങ്ങൾ കത്തോലിക്കാ കുടുംബങ്ങളായിരുന്നു എന്നതിനു സംശയമില്ല. ഉദയംപേരൂർ സൂന്നഹദോസിൽ വെച്ചാണു് കേരളത്തിലെ ക്രൈസ്തവർ കത്തോലിക്കരായിത്തീർന്നതെന്നുള്ള പ്രസ്താവന അവാസ്തവമാണെന്നു പ്രസ്തുത സൂന്നഹദോസിനു് അനേകവർഷങ്ങൾക്കു മുൻപു നടന്ന ഈ ചരിത്രസത്യവും വിളിച്ചുപറയുന്നു.

21. റോസു് മെത്രാൻെറ പ്രബന്ധം

ഉദയംപേരൂർ സൂന്നഹദോസിൻെറ നിയമങ്ങൾ നിർമ്മിച്ചവരിൽ പ്രധാനിയും നസ്രാണികളുടെ ഒന്നാമത്തെ ലത്തീൻ മെത്രാനുമായിരുന്ന റോസ് എസ്. ജെ. അവർകൾ സൂന്നഹദോസിനു പതിമൂന്നു വർഷങ്ങൾക്കു മുൻപു് എഴുതിയ ഒരു പ്രബന്ധത്തിൽ ഇവിടത്തെ നസ്രാണികൾ റോമൻ കത്തോലിക്കാവിശ്വാസമുള്ളവരാണെന്നും (Romanam fidem catholicam fueriut professi) നെസ്തോറിയൂസ്, തിയോദരസ് മുതലായവരുടെ നാമങ്ങൾ കൈവശമുള്ള പുസ്തകങ്ങളിൽ ഉണ്ടായിരുന്നെങ്കിലും കാനോൻ ജപം ചൊല്ലുകയിൽ



Pray excuse delay.
George, Thiruvalla

എലക്ട്രോപ്ലേററിങ്ങ്

സ്വർണ്ണം വെള്ളി, ക്രോമിയം, നിക്കൽ എന്നിവയിൽ എല്ലാവിധ എലക്ട്രോപ്ലേററിങ്ങ് പണികളും മിതമായനിരക്കിൽ കൃത്യസമയത്തിനുള്ളിൽ ചെയ്തുകൊടുക്കുന്നതാണു്.

പള്ളിയാവശ്യത്തിനുള്ള കാസ, കുസ്തോദി, അർളിക്ക, കുടകളുടെ അലുക്കുകൾ, തിരിക്കാലുകൾ മുതലായവ ഉത്തരവാദിത്വത്തോടുകൂടിയും ഏത്രയും തൃപ്തികരമായും പ്ലേററുചെയ്തുകിട്ടുന്നതാണു്.

എല്ലാവിധ റബർസ്റ്റാമ്പുകളും

ഏത്രയും ഭംഗിയായി ചെയ്തുകൊടുക്കുന്നു.

മാർ ളൂയീസ് മെമ്മോറിയൽ പ്രസ്,
ബ്രോഡുവേ, എറണാകുളം-1

മലങ്കരസുറിയാനി പട്ടക്കാർ ആനാമത്തൾ വിട്ടുകളഞ്ഞിരുന്നു എന്നും, പരിശുദ്ധ കന്യകാമറിയം ദൈവമാതാവാണെന്നു പരസ്യമായി അവർ പാഠിപ്പിച്ചിരുന്നു എന്നും രേഖപ്പെടുത്തിയിരിക്കുന്നു. (Orientalia Christiana N 40 p. p. 5322).

ഉദയംപേരൂർ സൂന്നഹദോസിനുമുമ്പു് ഇവിടത്തെ ക്രൈസ്തവർ കത്തോലിക്കരായിരുന്നു എന്നുള്ള വാസ്തവമല്ലയോ ഈ സാക്ഷ്യവും തെളിയിക്കുന്നതു്.

### 22 മാർ അബ്രഹാം മെത്രാൻ

ക്രിസ്ത്വാബ്ദം 1568—1597 വരെയുള്ള 29 വർഷക്കാലം മലങ്കരയിലെ ക്രൈസ്തവരെ ഭരിച്ചിരുന്ന മാർ അബ്രഹാം മെത്രാൻ ഒരു കത്തോലിക്കാമെത്രാനായിരുന്നു എന്നു് നിരവധി ചരിത്രരേഖകൾ തെളിയിക്കുന്നുണ്ടു്. അവയിൽ ചിലവ താഴെ ചേർത്തുകൊള്ളുന്നു.

1. 1578-ൽ കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടു മാർ അബ്രഹാം മെത്രാനെപ്പററി റോമ്മാ മാർപ്പാപ്പാ തിരുമനസ്സിലേക്കു് ഒരെഴുത്തയക്കയുണ്ടായി. പോർട്ടുഗീസുകാർ മാർ അബ്രഹാം മെത്രാനെ പലവിധത്തിൽ ഉപദ്രവിക്കുന്നു എന്നായിരുന്നു മഹാരാജാവിന്റെ കത്തിൽ എഴുതിയിരുന്നതു്. പ്രസ്തുത കത്തു് ലഭിച്ചു ഉടൻതന്നെ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു പോർട്ടുഗീസ് രാജാവിനും ഗോവാ മെത്രാപ്പോലീത്താക്കും കല്പനകൾ അയക്കയുണ്ടായി. "നമ്മുടെ ബഹുമാന്യ സഹോദരനായ അങ്കമാലി മെത്രാപ്പോലീത്തായോടു് (മാർ അബ്രഹാം മെത്രാൻ) ഭൂതദയയോടും സ്നേഹത്തോടും വർത്തിക്കണ"മെന്നായിരുന്നു പ്രസ്തുത കല്പനയിൽ എഴുതിയിരുന്നതു്. മാർ അബ്രഹാം മാർപ്പാപ്പായുടെ കീഴിലുള്ള ഒരു മെത്രാനായിരുന്നു എന്ന വാസ്തവമത്രേ കൊച്ചി മഹാരാജാവിന്റെ കത്തും മാർപ്പാപ്പായുടെ കല്പനയും തെളിയിക്കുന്നതു്.

2. 1579-ൽ മാർ അബ്രഹാം മെത്രാൻ മാർപ്പാപ്പാ തിരുമേനിയിൽനിന്നും "പാല്യവസ്ത്രം" അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു കത്തയക്കയുണ്ടായി. ഒരു അകത്തോലിക്കാ മെത്രാൻ പാല്യവസ്ത്രത്തിനുവേണ്ടി റോമിലേക്കഭ്യർത്ഥിക്കയില്ലെന്നുള്ളതു നിസ്സംശയമത്രേ. ആകയാൽ മാർ അബ്രഹാം ഒരു കത്തോലിക്കാ മെത്രാനാണെന്നു് ഈ വാസ്തവവും തെളിയിക്കുന്നു. (Brief Sketch P. 43)

3. 1584-ൽ ജോർജ്ജ് അർക്കദിയാക്കോനെ പാത്രിയർക്കീസിന്റെ സമ്മതത്തോടുകൂടെ പാലയൂരെ മെത്രാൻ സ്ഥാനീയനും കോഅഡ്ജൂട്ടറുമായി താൻ നിയമിച്ചിരിക്കുന്നതായി മാർ അബ്രഹാം മെത്രാൻ മാർപ്പാപ്പാക്കു് എഴുതി അയക്കയുണ്ടായി. ഒരു കത്തോലിക്കാ മെത്രാനല്ലായിരുന്നു എങ്കിൽ മാർ അബ്രഹാം ഇപ്രകാരം മാർപ്പാപ്പാക്കു് എഴുതി അയക്കുമായിരുന്നില്ല.

4. 1589-ൽ കൊടുങ്ങല്ലൂർ അതിരൂപതക്കായി പൂർണ്ണദണ്ഡവിമോചനം നല്കുന്നതിനു പതിമൂന്നാം ഗ്രിഗോറിയോസ് മാർപ്പാപ്പായോടു് മാർ അബ്രഹാം മെത്രാൻ അഭ്യർത്ഥിക്കയും അതനുസരിച്ചു് മാർപ്പാപ്പാ പൂർണ്ണദണ്ഡവിമോചനം നല്കുകയും ചെയ്കയുണ്ടായി. മാർപ്പാപ്പായുടെ കീഴിലുള്ള ഒരു കത്തോലിക്കാ മെത്രാനായിരുന്നു മാർ അബ്രഹാം എന്ന വാസ്തവമത്രേ ഇതും തെളിയിക്കുന്നതു്. (Beltrami, O. C. P. 194.)

ഉദയംപേരൂർ സൂന്നഹദോസിനുമുമ്പു് 29-വർഷക്കാലം കേരളത്തിലെ ക്രൈസ്തവരെ ഭരിച്ചിരുന്ന മാർ അബ്രഹാം ഒരു കത്തോലിക്കാ മെത്രാനായിരുന്നു എന്നും തന്മൂലം അദ്ദേഹത്തിന്റെ കീഴിലുണ്ടായിരുന്ന ഇവിടത്തെ ക്രൈസ്തവർ കത്തോലിക്കരായിരുന്നു എന്നുമുള്ള വാസ്തവമല്ലയോ മേലുദ്ധരിച്ച സുസ്പഷ്ടങ്ങളായ നാലു രേഖകളും തെളിയിക്കുന്നതു്?

### 23 ജൂബിലിദണ്ഡവിമോചന പ്രഖ്യാപനം

ഉദയംപേരൂർ സൂന്നഹദോസിനു മൂന്നുവർഷങ്ങൾക്കു മുമ്പു് (1596-ൽ) ക്ലെമിസു മാർപ്പാപ്പായുടെ ജൂബിലി കേരളത്തിൽ പ്രഖ്യാപനം ചെയ്യപ്പെടുകയുണ്ടായി. കേരളത്തിലെ ക്രൈസ്തവർ അതു സ്വീകരിച്ച വിധത്തെപ്പററി പീററർ ജാറി എന്ന ഗ്രന്ഥകാരൻ ഇപ്രകാരമാണു പ്രസ്താവിച്ചിരിക്കുന്നതു്. "ഈ ജൂബിലി പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ ഈ ക്രിസ്തീയജനം അത്യന്തം സന്തുഷ്ടരാകയും മാർപ്പാപ്പായെ ബഹുമാനിക്കുന്നതിനും പ്രശംസിക്കുന്നതിനും അവക്കു് ഏതൊരു കാരണമായിബ്ഭവിക്കയും ചെയ്തു. പ്രസ്തുത ജൂബിലി അവസരത്തിൽ അവർ ഉപവസിച്ചിരുന്ന ദിവസങ്ങളിൽ സന്ധ്യവരെ യാതൊന്നും അനുഭവിക്കാതെ പകൽ മുഴുവൻ ദൈവാലയത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ജൂബിലി പ്രസിദ്ധീകരിക്കപ്പെട്ടതും അധികം ജനബാഹുല്യമുള്ളതുമായ പട്ടണത്തിൽ രണ്ടായിരത്തിൽ പരം ആളുകൾ കുമ്പസാരിക്കയുണ്ടായി." (O. C. I, pp 615—616)

ഉദയംപേരൂർ സൂന്നഹദോസിനു മൂന്നു വർഷം മുൻപുവരെ കേരളീയ ക്രൈസ്തവർ റോമാ മാർപ്പാപ്പായെ തങ്ങളുടെ ആദ്ധ്യാത്മികതലവനായി സ്വീകരിച്ചിരുന്നു എന്നു് ഈ സംഭവവും സ്പഷ്ടമായി തെളിയിക്കുന്നു.

മേലുദ്ധരിച്ച സുസ്പഷ്ടങ്ങളായ ഇരുപത്തിമൂന്നു ചരിത്രരേഖകൾ തെളിയിക്കുന്ന വാസ്തവം 1599-ൽ നടന്ന ഉദയംപേരൂർ സൂന്നഹദോസിനുമുമ്പു് കേരളത്തിലുണ്ടായിരുന്ന ക്രൈസ്തവർ റോമാ മാർപ്പാപ്പായുടെ ഭരണത്തിൻ കീഴിലുള്ള കത്തോലിക്കരായിരുന്നു എന്നുള്ളതത്രേ. ആകയാൽ ഉദയംപേരൂർ സൂന്നഹദോസിനു മുൻപു ജീവിച്ചിരുന്ന കേരളീയനസ്രാണികൾ അകത്തോലിക്കരായിരുന്നു എന്നും, ഉദയംപേരൂർ സൂന്നഹദോസിൽവെച്ചാണു് ആർച്ചുബിഷപ്പു് മെനസ്സിസും പോർട്ടുഗീസ് മിഷനറിമാരും അവരെ കത്തോലിക്കരാക്കിത്തീർത്തതെന്നുമുള്ള ചില അകത്തോലിക്കാ ചരിത്രകാരന്മാരുടെ വാദം ചരിത്രസത്യത്തിനു് കടകവിരുദ്ധവും സത്യാന്വേഷികളെത്തെററിദ്ധരിപ്പിക്കുന്നതിനുവേണ്ടിമാത്രം നിർമ്മിതവുമായിട്ടുള്ളതാണെന്നു് സുസ്പഷ്ടം തെളിയുന്നു.

("കേരളത്തിലെ ക്രൈസ്തവസഭകൾ" എന്ന ഗ്രന്ഥത്തിൽ നിന്നു്. അത്യന്തം വിജ്ഞാനപ്രദവും വിപുലവുമായ ഈ ഗ്രന്ഥം ഉൽകൃഷ്ടമായ വിലയ്ക്കു (1 രൂ. 8 ണ.) ഫാദർ തോമസ് ഇഞ്ചെക്കലോടി, പന്തളം എന്ന മേൽവിലാസത്തിൽ എഴുതിയാൽ കിട്ടുന്നതാണു്. )


## നോട്ടീസ്

എറണാകുളം പട്ടണത്തെ ഇപ്പോൾ പ്രത്യേകം പ്രത്യേകം പോസ്റ്റൽ ഡെലിവറി വിഭാഗങ്ങളായി തിരിച്ചിരിക്കുന്നതുകൊണ്ടു് എഴുത്തുകൾ വേഗത്തിൽ കിട്ടുന്നതിനുവേണ്ടി മേലാൽ ഇങ്ങോട്ടയക്കുന്ന എഴുത്തുകൾക്കെല്ലാം മേൽവിലാസത്തിൽ എറണാകുളം എന്നതിനു പകരം

**എറണാകുളം-1** എന്നെഴുതി അയക്കേണ്ടതാണു്.

മാനേജർ, സത്യദീപം


## മതവും കമ്മ്യൂണിസ്റ്റ് നേതാക്കളും

(പോൾ എഫ്. ഫോർഡ്)

ഉപഗ്രഹരാജ്യങ്ങളിൽ മോസ്കോവിനു് തലവേദനയുണ്ടാക്കുന്ന അനേകം കാര്യങ്ങളുടെകൂട്ടത്തിൽ മറെറാരു പ്രശ്നംകൂടി ഇപ്പോൾ ഉയർന്നുവന്നിരിക്കുന്നു. മതസംഘടനകൾ—പ്രത്യേകിച്ചു് പോളണ്ടിലും ചെക്കോസ്ലോവാക്കിയായിലുമുള്ളവ — കമ്മ്യൂണിസത്തെ നിരന്തരം ചെറുത്തുകൊണ്ടിരിക്കുന്നു.

പോളീഷുകാരിൽ 95 ശതമാനവും ഭക്തിനിഷ്ഠയുള്ള കത്തോലിക്കരാണു്. ജൂൺ 4-ാംനു- കോർപ്പുസ് ക്രിസ്റ്റി പെരുന്നാൾദിനത്തിൽ വാഴ്സാ കത്തീഡ്റലിൽ തിങ്ങിക്കൂടിയ ജനതതിയോടു് സ്റ്റീഫാൻ കാർഡിനൽ വിസിൻസ്കി പ്രഖ്യാപിച്ചു:

"വേണ്ടിവന്നാൽ രക്തസാക്ഷിമരണത്തിനും പോളിഷ് കത്തോലിക്കർ തയാറായിരിക്കണം. രക്തച്ചൊരിച്ചിലോളം അവർ രാഷ്ട്രം ചെലുത്തുന്നഹേമം ചെറുത്തുനില്ക്കണം."

ആരാധനയുടെ അവസാനത്തിൽ, ആവേശഭരിതരായ 50,000-ത്തോളം വിശ്വാസികൾ കർദ്ദിനാളിന്റെപിന്നാലെ വാഴ്സാ തെരുവീഥികളിൽക്കൂടി ഘോഷയാത്ര നടത്തി. കമ്മ്യൂണിസ്റ്റ് പട്ടാളവും രഹസ്യപ്പോലീസും മരപ്പാവകൾപോലെ നിശ്ശബ്ദരായി നിന്നതേയുള്ളു.

വീണ്ടും ജൂൺ 6-ാംനു- കർദ്ദിനാൾ പ്രസംഗിച്ചു. കത്തീഡ്റൽ നിറയെ ആളുകൾ തിങ്ങിക്കൂടിയിരുന്നു. പുരോഗമനപരമെന്നു് ഇന്നറിയപ്പെടുന്ന രാജ്യങ്ങളിലെ സഭയുടെ സ്ഥിതി അന്ധകാരയുഗങ്ങളിലേക്കാൾ മോശമാണെന്നു് അദ്ദേഹം ചൂണ്ടിക്കാണിച്ചു.

"ജയിലുകളിലും ആസ്പത്രികളിലുംപോയി ക്രിസ്ത്യാനികളെ സന്ദർശിക്കുന്നതിനു് ബിഷപ്പന്മാർക്കു് അനുവാദം നിഷേധിക്കയും ജയിലുകളിലടച്ച ജനങ്ങളെ മർദ്ദിക്കയും ചെയ്യുമ്പോൾ യാതൊരു പുരോഗതിയും സാധ്യമല്ല."

കർദ്ദിനാളിന്റെ ആഗ്നേയമായ ആരോപണങ്ങളിലൊന്നുപോലും കമ്മ്യൂണിസ്റ്റു പത്രങ്ങളും പോളണ്ടു് റേഡിയോയും പ്രസിദ്ധീകരിച്ചില്ല.

ചെക്കോസ്ലോവാക്കിയായിൽ രണ്ടാഴ്ചമുമ്പു് ബാപ്റ്റിസ്റ്റു് സഭയിലെ നാലു നേതാക്കന്മാർക്കു് 18 വർഷംവരെ കാലദൈർഘ്യമുള്ള തടവുശിക്ഷകൾ നൽകി. "രാജ്യദ്രോഹം", "ഗൂഢാലോചന" എന്നീ കുററങ്ങളാണു് അവരുടെമേൽ ആരോപിച്ചതു്. അവരുടെ വിചാരണ നടക്കുമ്പോൾ കമ്മ്യൂണിസ്റ്റ് ഔദ്യോഗിക പത്രമായ "റൂഡ് പ്രാവോ" എഴുതി:

"നിത്യജീവനിലുള്ള വിശ്വാസത്തോടു്, വിനയം, ശത്രുസ്നേഹം, സജീവ വർഗ്ഗസമരനിഷേധം എന്നിവയടങ്ങിയ ഒരു സുവിശേഷത്തോടുംകൂടിയ മതം, കമ്മ്യൂണിസത്തിന്റെ ലോകവീക്ഷണത്തിനു കടകവിരുദ്ധമാണു്. മതത്തോടും സഭയോടുമുള്ള ബന്ധം എന്നേക്കുമായി നിശ്ശേഷം വേർപെടുത്താൻ കമ്മ്യൂണിസ്റ്റ് പാർട്ടി അംഗങ്ങളെ നിർബന്ധിക്കേണ്ടതു് ആവശ്യമായിവരും."

ഇതിനെക്കാൾ തീവ്രമായ ഒരു പ്രബോധനമാണു് ചെക്കു് ഉപപ്രധാനമന്ത്രി വാക്ലാവു് കോപ്കി ജൂൺ 28-ാംനു- പുറപ്പെടുവിച്ചതു:

"ചരിത്രചക്രം പുറകോട്ടു കറങ്ങുന്നില്ല. മസ്സാറിക്കിനാകട്ടെ ദൈവത്തിനാകട്ടെ കൂടുതലൊന്നും ചെയ്യാൻ കഴികയില്ല."


തൈക്കാട്ടുമൂസ്സ് വക

**ഇ. ടി. എം. വൈദ്യശാല**

ബ്രാഞ്ചു്: ആലുവാ (റെയിൽവെസ്റ്റേഷനു സമീപം)

എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ

**ഇ. ടി. ആര്യൻമൂസ്സ് അവർകൾ**

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു് ചികിത്സ നിശ്ചയിക്കുന്നതുമാണു്.


# "സമ്മാനം" ലഭിച്ചുകഴിഞ്ഞു

## കർദ്ദിനാൾ മിൻസെന്തിയെ ദ്രോഹിച്ചവർക്കു്

(ഫാദർ ജോസഫ് ഏറുമാന്തക്കാരൻ)

കത്തോലിക്കാ തിരുസ്സഭയെ ആരംഭംമുതൽ ശത്രുക്കൾ നിർദ്ദയം പീഡിപ്പിച്ചിട്ടുണ്ടു്. ഒരിക്കൽ ഒൻപതാം പീയൂസു് മാർപ്പാപ്പാ പ്രസ്താവിച്ചതുപോലെ "നിരന്തരം പീഡിപ്പിക്കപ്പെടുക" എന്നതു് തിരുസ്സഭയുടെ ഒരു ലക്ഷണമായിത്തീർന്നിട്ടുണ്ടു്. എന്നാൽ സഭ ഒരിക്കലും മർദ്ദകന്മാരുടെ നാശത്തെ അഭിലഷിക്കുന്നില്ലെന്നു മാത്രമല്ല അവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുന്നുമുണ്ടു്. തിരുസ്സഭയെ മർദ്ദിച്ചിട്ടുള്ളവരിൽ ഭൂരിപക്ഷത്തിന്റെയും അന്ത്യം ഏററം ദയനീയമാണു്. അപ്പസ്തോലപ്രമുഖന്മാരുടെ നിർമ്മലരക്തം ചിന്തിയ ദുഷ്ടനായ നീറോയുടെ ആത്മഹത്യമുതൽ എത്ര സംഭവങ്ങളാണു് ഇതിനുദാഹരണങ്ങളായി ചൂണ്ടിക്കാണിക്കാനുള്ളതു്. ഇങ്ങനെയുള്ള ദുർമ്മരണങ്ങൾ ഇന്നും നടന്നുകൊണ്ടിരിക്കുന്നു എന്നതിനു് തെളിവാണു് കർദ്ദിനാൾ മിൻസെന്തിയെ ദ്രോഹിച്ചവർക്കുണ്ടായ അനുഭവം.

കർദ്ദിനാൾ തിരുമേനി ശിക്ഷയ്ക്കു വിധേയനാക്കപ്പെട്ടപ്പോൾ ഹങ്കറിയിലെ നീതിന്യായവകുപ്പുമന്ത്രിയായിരുന്ന റീയസിനെ പൊതുജനശത്രുവെന്നു പറഞ്ഞു് കമ്മ്യൂണിസ്റ്റു ഗവർമ്മെന്റു് വെടിവെച്ചുകൊന്നു.

കർദ്ദിനാൾ തിരുമേനിയുടെ പേരിൽ കുററാരോപണം നടത്തുന്നതിനു് പ്രധാനകാരണക്കാരനായിരുന്ന ഹങ്കറിയിലെ എക്സ് മന്ത്രി സോൾട്ടു് ആത്മഹത്യ ചെയ്തു.

പോലീസ് മേധാവിയായിരുന്ന ദേച്ചസി അറസ്റ്റിലാണു്. വിദേശികൾക്കുവേണ്ടി ചാരവൃത്തി നടത്തി എന്നതാണു് കുററം.

രാഷ്ട്രീയകുററക്കാർക്കായുള്ള പോലീസുവകുപ്പിന്റെ മേധാവിയായിരുന്ന ബീദർമാൻ രാജ്യദ്രോഹക്കുററത്തിനു കാരാഗൃഹവാസമനുഭവിക്കുന്നു.

കർദ്ദിനാൾ മിൻസെന്തി തിരുമേനിയെ അറസ്റ്റുചെയ്തതു് കേണൽ ഓദ്സ്ലോ എന്ന പോലീസ് ഉദ്യോഗസ്ഥനാണു്. നാട്ടുവിട്ടോടുന്നതിനുള്ള ശ്രമത്തിൽ ഇയാൾ വധിക്കപ്പെട്ടു.

കർദ്ദിനാൾ മിൻസെന്തി കുററം സമ്മതിച്ചു എന്നു പറഞ്ഞാണു് ഹങ്കേറിയൻകോടതി തിരുമേനിയെ ശിക്ഷിച്ചതു്. തിരുമേനിയുടെ കുററസമ്മതപത്രം വ്യാജമായി നിർമ്മിച്ചതാണു്. അതു് തിരുമേനിയുടെ കൈപ്പടയിൽ എഴുതിയതാണെന്നു് കൈയെഴുത്തുരേഖാവിദഗ്ദ്ധനായ സുൾനെർ കോടതിയിൽ മൊഴികൊടുത്തു. ഈ സുൾനെർ സംശയാസ്പദമായ സാഹചര്യങ്ങളിൽ പാരീസിൽവെച്ചു മരണമടഞ്ഞു.

കർദ്ദിനാൾ മിൻസെന്തിയുടെ കുററസമ്മതപത്രത്തെപ്പററി ചില സംഗതികൾ പ്രസ്താവിക്കേണ്ടതായുണ്ടു്. തിരുമേനി സ്വന്തം കൈപ്പടയിൽ എഴുതിയതാണു് ഈ രേഖ എന്നു വിശ്വസിക്കാൻ യാതൊരു നിവൃത്തിയുമില്ല. എന്തുകൊണ്ടെന്നാൽ രണ്ടരപേജുകൾ മാത്രമുള്ള ആ രേഖയിൽ അൻപത്തിയൊൻപതു് അക്ഷരത്തെററുകളുണ്ടു്. പണ്ഡിതാഗ്രേസരനായ കർദ്ദിനാൾ തിരുമേനി ഇത്രയും തെററുകൾ വരുത്തിയെന്നു് ഊഹിക്കാൻപോലും സാദ്ധ്യമല്ല. ഇരുമ്പുമറയ്ക്കുള്ളിലുള്ള രാജ്യങ്ങളിൽ രാഷ്ട്രീയക്കുററക്കാരെക്കൊണ്ടു് മരുന്നുകൾകൊടുത്തു് ബോധം മയക്കി കുററസമ്മതം വാങ്ങിക്കുന്ന വസ്തുത കുപ്രസിദ്ധമായിത്തീർന്നിട്ടുണ്ടല്ലോ. താനും ഇപ്രകാരം "കുററസമ്മത"ത്തിനു് വിധേയനാക്കപ്പെടുമെന്നു് ദീർഘദൃഷ്ട്യാ ഗ്രഹിച്ചുകൊണ്ടു് കർദ്ദിനാൾ മിൻസെന്തി ഹങ്കറിയിലെ മെത്രാന്മാർക്കയച്ചുകൊടുത്ത ഒരു കത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു: "ഞാൻ എന്തെങ്കിലും സമ്മതിച്ചിരിക്കുന്നു എന്നു് കേട്ടാൽ അതു് എന്റെ ശരിയായ അഭിപ്രായമല്ലെന്നു് നിങ്ങൾ മനസ്സിലാക്കണം. അതു് അററമായി വിചാരിച്ചാൽ മനുഷ്യബലഹീനതയുടെ ഒരു ലക്ഷ്യമായി എടുത്തുകൊള്ളുക. എന്റേതായി പ്രസിദ്ധീകരിക്കപ്പെടാവുന്ന വസ്തുതകളെ ഇപ്പോൾത്തന്നെ ഞാൻ പിൻവലിക്കുന്നു." ഇരുമ്പുമറയ്ക്കുള്ളിൽ നടത്തപ്പെടുന്ന കുററസമ്മതങ്ങൾക്കു യാതൊരു വിലയും കല്പിക്കാനില്ലെന്നു് ഈയിടെ റഷ്യയിലുണ്ടായ യഹൂദഡോക്ടറന്മാരുടെ മോചനം വിളിച്ചറിയിക്കുന്നുണ്ടല്ലോ. സ്റ്റാലിന്റെകീഴിൽ കുററം സമ്മതിച്ചവരാണു് ആ ഡോക്ടറന്മാർ. പക്ഷേ മലെങ്കോവു് പറയുന്നു അവർ നിർദ്ദോഷികളാണെന്നു്. സോവ്യററു് ഗവർമ്മെന്റിന്റെ ഈ പുനർവിചാരണാനയം ശ്ലാഘനീയമാണു്. കത്തോലിക്കാ വൈദികാദ്ധ്യക്ഷന്മാരുടെ കാര്യത്തിലും ഇതേനയംതന്നെ സ്വീകരിച്ചിരുന്നെങ്കിൽ മതിയായിരുന്നു.

# മാർ ഇവാനിയോസ്

## തിരുമേനിയുടെ ജീവചരിത്രം

മാവേലിക്കരയുള്ള ഏററവും പുരാതനവും ചരിത്രപ്രസിദ്ധവുമായ മല്ലിട്ടി പണിക്കർവംശത്തിലെ ഒരംഗമായിട്ടാണു് അഭിവന്ദ്യ തിരുമേനി ഭൂജാതനായതു്. പെരുമാക്കന്മാർ കേരളം ഭരിച്ചിരുന്ന കാലത്തുതന്നെ ഈ കുടുംബം പ്രശസ്തനിലയിൽ ഇരുന്നതായി ചരിത്രരേഖകളിൽ കാണുന്നുണ്ടു്. ഒടുവിലത്തെ പെരുമാൾരാജാവായ ഭാസ്കരരവിവർമ്മപ്പെരുമാൾ സ്വസഹായികളും ആശ്രിതരുമായ പലക്കും സ്ഥാനമാനങ്ങളും അധികാരങ്ങളും ദേശങ്ങളും ആൾ, അടിമ മുതലായവയും പ്രദാനംചെയ്ത കൂട്ടത്തിൽ ഈ കുടുംബത്തിനും കരമൊഴിവായി പല സ്ഥലങ്ങളും കൊടുക്കുകയും "പണിക്കർ" എന്ന ബഹുമതിസ്ഥാനം നൽകുകയും ചെയ്തിട്ടുണ്ടു്.

ഈ കുടുംബത്തിൽ തരിയതു പണിക്കർ തോമാപണിക്കരുടെ സന്താനമായി 1058 കന്നി 8-ാംനു- ദൈവമാതാവിൻെറ ജനനപ്പെരുന്നാളിലത്രെ വന്ദ്യ തിരുമേനി ഭൂജാതംചെയ്തതു്. തിരുമനസ്സിലെ മാതാവായ അന്നാമ്മ പള്ളിക്കൽ അരിപ്പുറത്തു സുപ്രസിദ്ധനായ മത്തായിആശാൻെറ മകളും ഒരു വലിയ ദൈവഭക്തയുമായിരുന്നു. തിരുമേനിക്കുണ്ടായിരുന്ന സഹോദരന്മാരിൽ ഒരാൾ ചെറുപ്പത്തിൽത്തന്നെ മരിച്ചുപോയി. ഇളയസഹോദരനായ മത്തായിപണിക്കർ ഇപ്പോൾ കുടുംബകാര്യങ്ങളിൽ വ്യാപൃതനായിരിക്കുന്നു. ശോശാമ്മ, കുഞ്ഞമ്മ എന്നീ രണ്ടു സഹോദരികളും തിരുമേനിക്കുണ്ടു്.

പുതിയകാവു യാക്കോബായ പള്ളി പുരയിടത്തിലുള്ള ദാവിദാശാൻെറ പള്ളിക്കൂടത്തിലാണു് നിലത്തെഴുത്തുമുതൽ കുട്ടി വായനവരെ കുട്ടി അഭ്യസിച്ചതു്. മലയാളവിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം മാവേലിക്കര ഗവർമ്മെൻറു് സ്കൂളിൽച്ചേർന്നു് നാലാംഫോറംവരെ പഠിക്കയും അഞ്ചാംഫോറവും മട്രിക്കുലേഷനും കോട്ടയം എം. ഡി. സെമ്മിനാരിയിൽവച്ചു പൂർത്തിയാക്കുകയും ചെയ്തു. 1889-ൽ 17-ാമത്തെ വയസ്സിൽ കന്യകാമറിയാമിൻെറ പുകഴ്ചപ്പെരുന്നാൾ ദിവസം പുത്തൻകാവു പള്ളിയിൽവച്ചു് പുലിക്കോട്ടു മാർ ദിവന്നാസ്യോസ് തിരുമേനി ശെമ്മാശുപട്ടം നൽകി. പിന്നീടു പഴയസെമ്മിനാരിയിൽ താമസിച്ചുകൊണ്ടു് സി. എം. എസ്. കോളെജിൽ എഫ്. എ. ക്ലാസിൽ രണ്ടുവർഷം പഠിക്കുകയും അനന്തരം മദ്രാസ് ക്രിസ്ത്യൻ കോളെജിൽച്ചേർന്നു് ബി. എ. ക്കും എം. എ. ക്കും പഠിച്ചു് 1907-ൽ എം. എ. ഡിഗ്രി സമ്പാദിക്കുകയുംചെയ്തു. പുത്തൻകൂർ സുറിയാനി വൈദികരുടെ കൂട്ടത്തിൽ ആദ്യം എം. എ. പാസ്സായതു് ഇദ്ദേഹമാണെന്നുള്ളതു പ്രസ്താവ്യമാണു്.

1908-ൽ എം. ഡി. സെമ്മിനാരി ഹൈസ്കൂളിൻെറ പ്രിൻസിപ്പാളായി നിയമിക്കപ്പെട്ടു. 1909-ൽ ദൈവമാതാവിൻെറ വാങ്ങിപ്പുദിനമായ ചിങ്ങം 15-ാംനു- പുലിക്കോട്ടു മാർ യൗസേപ്പ് ദിവന്ന്യാസ്യോസ് തിരുമനസ്സുകൊണ്ടു്, ഒസ്താന്നിയോസ് ബാവ, വട്ടശ്ശേരിൽ മാർ ഗീവറുഗീസ് ദിവന്ന്യാസ്യോസ് എന്നീ തിരുമേനിമാരുടെ സാന്നിദ്ധ്യത്തിൽ ഇദ്ദേഹത്തെ പൗരോഹിത്യ പദത്തിലേക്കുയർത്തുകയും അന്നുമുതൽ "എം. എ. അച്ചൻ" എന്ന അപരാഭിധാനത്താൽ ഇദ്ദേഹം അറിയപ്പെടുകയും ചെയ്തു.

മലങ്കരയിലെ യാക്കോബായ സഭ രണ്ടായി പിളരുവാനുള്ള സമയം ആഗതമായി. പുലിക്കോട്ടു മാർ ദിവന്ന്യാസ്യോസ് തിരുമേനി കബറടങ്ങിക്കഴിഞ്ഞു. യാക്കോബായ പാത്രിയർക്കീസായ അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ടു് മലങ്കരയ്ക്കെഴുന്നെള്ളി. തുടന്നു ഗൗരവാവഹങ്ങളും വിനാശകരങ്ങളുമായ നിരവധി സംഭവങ്ങൾ സമുദായത്തെ ഇളക്കിമറിച്ചുകൊണ്ടിരുന്നു. അധികാരലബ്ധിക്കായുള്ള വടംവലി പാത്രിയർക്കീസ് ബാവായും മാർ ഗീവറുഗീസ് ദിവന്ന്യാസ്യോസ് തിരുമേനിയും തമ്മിൽ ആരംഭിച്ചു. പേരും പെരുമയുമുള്ള പലരും ഇരുകക്ഷികളിലും ഉൾപ്പെട്ടുകൊണ്ടു് പരസ്പരസംഘട്ടനങ്ങൾ നടത്തിത്തുടങ്ങി. ഈ ഘട്ടങ്ങളിലെല്ലാം വട്ടശ്ശേരിൽ തിരുമേനിയുടെ വലംകൈയായിരുന്നുകൊണ്ടു് സൂത്രധാരത്വം വഹിച്ചതു് എം. എ. അച്ചൻതന്നെ ആയിരുന്നു.

1913-ൽ കല്ക്കത്തായ്ക്കു സമീപമുള്ള സെറാംപൂർ കോളെജിലെ ധനശാസ്ത്രപ്രൊഫസറുദ്യോഗത്തിനു ലഭിച്ച ക്ഷണം സ്വീകരിച്ചുകൊണ്ടു് ഫാ. പി. ടി. ഗീവറുഗീസ് അവിടേക്കുപോയി. ആറു വർഷത്തോളം സ്തുത്യർഹമായി പ്രസ്തുതജോലി നിർവ്വഹിച്ചുകൊണ്ടിരുന്നു. ഈ കാലഘട്ടത്തിലാണു് അദ്ദേഹം യാക്കോബായസഭയിലെ ഒട്ടനേകം ശെമ്മാശന്മാരെ സ്വന്തം കൈയിൽനിന്നു പണം ചെലവാക്കി സെറാമ്പൂർ കോളെജിൽ പഠിപ്പിച്ചു ബിരുദധാരികളാക്കിത്തീർത്തതു്.

യാക്കോബായസഭയ്ക്കു സാമുദായികമായും ആദ്ധ്യാത്മികമായുമുള്ള പുരോഗതി കൈവരുത്തുവാൻ വേറൊരുമാർഗ്ഗത്തിൽക്കൂടെ ശ്രമിക്കണമെന്നുള്ള ആഗ്രഹത്താൽ പ്രേരിതനായി ഫാ. പി. ടി. ഗീവറുഗീസ് 1919-ൽ സെറാമ്പൂർ കോളെജിലെ ഉദ്യോഗം രാജിവച്ചു നാട്ടിലേക്കു മടങ്ങിവന്നു. സന്യാസാശ്രമംവഴിയായി യാക്കോബായ സമാംഗങ്ങൾക്കു് ആദ്ധ്യാത്മികസഹായം ചെയ്യാമെന്നും അങ്ങനെ സഭാസേവനകൃത്യം നിർവ്വഹിക്കാമെന്നുമാണു് അദ്ദേഹം വിചാരിച്ചതു്. അതിനുവേണ്ടി വടശ്ശേരിക്കര പെരുനാട്ടിൽ പുരുഷന്മാർക്കായി ഒരു ആശ്രമവും സ്ത്രീകൾക്കായി ഒരു മഠവും സ്ഥാപിച്ചു.

വഴക്കിൽനിന്നും വ്യവഹാരത്തിൽനിന്നും ഒഴിഞ്ഞുനില്ക്കുന്ന ഒരു സ്വതന്ത്രസ്ഥാപനമായിട്ടാണു് ബഥനിയെ സ്ഥാപിച്ചതു്. ബഥനിവകയായി പല സ്ഥലങ്ങളിലും പള്ളികൾ പണിയിച്ചു. 1925 ജനുവരി 15-ാംനു- റമ്പാൻസ്ഥാനത്തേക്കും മേടമാസം 19-ാംനു- എപ്പിസ്കോപ്പാ സ്ഥാനത്തേക്കും തിരുമേനി ഉയർത്തപ്പെട്ടു. അനന്തരം "മാർ ഇവാനിയോസ്" എന്ന നാമം സ്വീകരിച്ചു് 1929 ഫെബ്രുവരി 2-ാംനു- ബഥനിയുടെ മെത്രാപ്പോലീത്തായായും അവരോധിക്കപ്പെട്ടു. പിറെറദിവസം ആശ്രമാംഗമായിരുന്ന യാക്കോബ് റമ്പാനെ മാർ തിയോഫിലോസ് എന്ന പേരിൽ എപ്പിസ്കോപ്പായായി വാഴിക്കുകയും ചെയ്തു. ആശ്രമത്തിൻെറയും മഠത്തിൻെറയും ഇടവകകളുടെയും പുരോഗതിക്കായി മാർ ഇവാനിയോസ് തിരുമനസ്സുകൊണ്ടു് പരിശ്രമിച്ചു. പക്ഷെ യാക്കോബായസഭയെ അഭിവൃദ്ധിപ്പെടുത്തുവാൻ സാദ്ധ്യമല്ലെന്നു തിരുമേനിക്കു ബോദ്ധ്യപ്പെട്ടു. മാതൃസഭയിൽനിന്നു് 1500 വർഷങ്ങൾക്കുമുമ്പു് ഭിന്നിച്ച യാക്കോബായസഭ ഇക്കഴിഞ്ഞ 15 ശതവർഷങ്ങൾക്കുള്ളിലും അധഃപതിച്ചുകൊണ്ടാണിരുന്നിട്ടുള്ളതെന്നും പ്രസ്തുത സഭയ്ക്കുള്ള ഏക രക്ഷാമാർഗ്ഗം കത്തോലിക്കാസഭയോടു പുനരൈക്യപ്പെടുകയാണെന്നും തിരുമേനിക്കു ബോധ്യപ്പെട്ടു. തൽഫലമായി വട്ടശ്ശേരിൽ മാർ ദിവന്ന്യാസ്യോസ് തിരുമേനിയുടേയും ഇതരമെത്രാന്മാരുടേയും ആലോചനയോടും സഹകരണത്തോടുംകൂടി കത്തോലിക്കാസഭയുമായുള്ള പുനരൈക്യത്തിനുള്ള എഴുത്തുകുത്തുകൾ തിരുമേനി നടത്തിക്കൊണ്ടിരുന്നു. അവസാനം പരിശുദ്ധ സിംഹാസനത്തിൽനിന്നും മലങ്കര സുറിയാനിറീത്തു് അനുവദിച്ചുകൊണ്ടുള്ള രേഖകൾ കിട്ടിക്കഴിഞ്ഞു. തത്സമയം വട്ടിപ്പണക്കേസ്സു് ജയിച്ചുകഴിഞ്ഞതിനാൽ യാക്കോബായസഭയിലെ ഇതരമെത്രാന്മാർ പുറകോട്ടു വലിയുകയും മാർ ഇവാനിയോസു് തിരുമേനിയും മാർ തിയോഫിലോസു് തിരുമേനിയും കത്തോലിക്കാസഭയുമായി പുനരൈക്യത്തിനു് സുധീരം മുന്നോട്ടുവരികയും ചെയ്തു.

അങ്ങനെ ചരിത്രപ്രസിദ്ധമായ പുനരൈക്യം 1930 സെപ്റ്റംബർ 20-ാംനു- കൊല്ലത്തു് അരമനച്ചാപ്പലിൽവച്ചു നടന്നു

മാർ ഇവാനിയോസു് തിരുമേനി, മാർ തിയോഫിലോസ് തിരുമേനി, റവ. ഫാ. ജോൺ അലക്സാണ്ടർ ശെമ്മാശൻ (ഫാദർ സെറാഫിയോൻ), കാളിച്ചേത്തു ചാക്കോ (തിരുവല്ല) എന്നിങ്ങനെ അഞ്ചുപേരാണു് ഡോ. ബൻസിഗർ തിരുമേനിയുടെ മുൻപാകെ വിശ്വാസപ്രതിജ്ഞനടത്തി കത്തോലിക്കാസഭയോടു് അന്നു പുനരൈക്യപ്പെട്ടതു്. ഇതേത്തുടന്നു് വന്ദ്യ ശ്രീമാന്മാരായ പുലിക്കോട്ടു് ജോസഫ് റമ്പാൻ, ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ, ബഥനി ആശ്രമസ്ഥന്മാർ, കന്യാസ്ത്രീകൾ, യാക്കോബായസഭയിലെ ഒട്ടനേകം വൈദികർ, അത്മായർ എന്നിവരൊക്കെ തിരുസ്സഭയെ ആശ്ലേഷിച്ചുതുടങ്ങി.

11-ാംപിയൂസ് തിരുമേനിയെ സന്ദർശിക്കുന്നതിനായി തിരുമേനി 1932-ൽ റോമിലേക്കു എഴുന്നള്ളുകയും മാർപ്പാപ്പാ തിരുമേനിയെ പലപ്രാവശ്യം സന്ദർശിച്ചു് പുനരൈക്യകാര്യങ്ങൾ ഉണർത്തിക്കുകയും പരിശുദ്ധ പിതാവിൽനിന്നും പാലിയം സ്വീകരിക്കുകയും മലങ്കര സിറിയൻ ഹയരാർക്കിക്കുള്ള അനുവാദം സമ്പാദിക്കുകയു ചെയ്തു. അനന്തരം അയർലണ്ടിൽ ഡബ്ളിനിൽവച്ചു നടന്ന സാർവ്വദേശീയ ദിവ്യകാരുണ്യകോൺഗ്രസിൽ സംബന്ധിച്ചു. യൂറോപ്പപര്യടനാനന്തരം തിരുമേനി തിരിച്ചെഴുന്നള്ളുകയും മലങ്കര സുറിയാനി ഹയരാർക്കിയും തിരുവനന്തപുരം തിരുവല്ലാ രൂപതകളും ഉൽഘാടനം ചെയ്യുകയും ചെയ്തു. 1937 നവമ്പർ 29-ാംനു- നിരണം ഭദ്രാസന ഇടവകയുടെ മെത്രാപ്പോലീത്താ മാർ സെവേരിയോസ് തിരുമേനിയും 1939 നവമ്പർ 11-ാംനു- ക്നാനായ മെത്രാപ്പോലീത്താ മാർ ദീയസ്കോറോസ് തിരുമേനിയും കത്തോലിക്കാസഭയെ ആശ്ലേഷിച്ചു. ദീയസ്കോറോസ് തിരുമേനി 1943 ഫെബ്രുവരി 23-ാംനു- തിരുമൂലപുരത്തുവച്ചു കാലംചെയ്തു.



ബ. അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ. താമസിച്ചതിനു് ക്ഷമാപണം.

K. M. P.

മാർ ഇവാനിയോസ് തിരുമേനി അമേരിക്ക, ആസ്ത്രേല്യ മുതലായ രാജ്യങ്ങളിൽ ഒരു വർഷത്തോളം പര്യടനം നടത്തിയശേഷം 1948 ജൂൺ 24-ാംനു- തിരുവനന്തപുരത്തു തിരിച്ചെഴുന്നള്ളി. കഴിഞ്ഞ ഒരു വർഷത്തോളമായി രോഗശയ്യയിൽ കിടന്നുകൊണ്ടു് തിരുമേനി തൻെറ മഹനീയയത്നങ്ങൾ തുടന്നിരുന്നു. തിരുവനന്തപുരം സഹായമെത്രാനായി മാർ ഗ്രീഗോറിയോസ് തിരുമേനിയെ, കഠിനരോഗബാധിതനായിരുന്നിട്ടും തിരുമനസ്സുകൊണ്ടുതന്നെയാണു് അഭിഷേകം ചെയ്തതു്. 1953 ജൂലൈ 15-ാംനു- തിരുമേനി ദിവംഗതനായി.

## ക. കോൺഗ്രസ്സ് പ്രസിഡണ്ടു്

അ. കേ. ക. കോൺഗ്രസ് ഇലക്ഷൻ ബോർഡിൻെറ ഒരു യോഗം ജൂലൈ 19-ാംനു- ഹെഡാഫീസിൽവച്ചു് മി. കെ. സി. തോമസിൻെറ അദ്ധ്യക്ഷതയിൽക്കൂടി, ശ്രീ ടി. ജെ. മാത്യു ബി. എ. ബി. എൽ. (തെള്ളി) അവർകളെ അഖിലകേരളകത്തോലിക്കാകോൺഗ്രസിൻെറ അടുത്ത പ്രസിഡണ്ടായി എതിരുകൂടാതെ തിരഞ്ഞെടുത്തിരിക്കുന്നതായി പ്രഖ്യാപിച്ചിരിക്കുന്നു.



കാലംചെയ്ത മാർ ഇവാനിയോസ് തിരുമേനിയെ സ്ഥാനവസ്ത്രങ്ങൾ അണിയിച്ചിരുത്തിയിരിക്കുന്നു. ഇരുവശങ്ങളിലായി മാർ സെവേരിയോസ് തിരുമേനി, മാർ ഗ്രിഗോറിയോസ് തിരുമേനി, ചേപ്പാട്ടു റമ്പാൻ അവർകൾ എന്നിവരെ കാണാം.

സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 26 | ERNAKULAM JULY 22 1953 | No. 46

# മഹച്ചരമം

"There hath passed away a glory from the earth" എന്ന ആംഗ്ലേയകവിസാർവ്വഭൗമനായ വേഡ്സ്വർത്തിന്റെ വാക്യമാണ്, കത്തോലിക്കാ സഭാമണ്ഡലത്തിലെ ഒരു സമുജ്ജ്വലതാരമായിരുന്ന മാർ ഈവാനിയോസ് തിരുമേനിയുടെ ചരമവാർത്ത ശ്രവിച്ചമാത്രയിൽ ഞങ്ങളുടെ സ്മൃതിപഥത്തിൽ വന്നതു്—അതേ, "ഭൂമിയിൽനിന്നു് ഒരു തേജസ്സ് തിരോധാനം ചെയ്തിരിക്കുന്നു." യാക്കോബായ പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രണേതാവ്, മലങ്കരസുറിയാനി ഹൈരാർക്കിയുടെ സംപൂജ്യാദ്ധ്യക്ഷൻ എന്നീ നിലകളിൽ വിശ്വവിഖ്യാതനായ തിരുമേനി കേരളസഭാചരിത്രത്തിൽ ഒരു സുവർണ്ണാദ്ധ്യായം രചിച്ചുകൊണ്ടാണ് കടന്നുപോയിരിക്കുന്നതു്. ധർമ്മധീരനും നയചതുരനുമായ ഒരു കർമ്മകുശലൻ, ധിഷണാശക്തിയും വാഗ്വൈഭവവും ഒത്തിണങ്ങിയ ഒരു പണ്ഡിതശ്രേഷ്ഠൻ, അചഞ്ചലമായ ഈശ്വരവിശ്വാസത്തിന്റെ പര്യായമായ ഒരു ഭക്തശിരോമണി എന്നിങ്ങനെ തിരുമേനിക്കുണ്ടായിരുന്ന അനന്യസാധാരണമായ വ്യക്തിപ്രാഭവം ചരിത്രത്തിന്റെ ഏടുകളിൽ മായാമുദ്രകൾ പതിച്ചിട്ടുണ്ടെന്നു് നിസ്സംശയം പറയാം. ശ്രോതാക്കളെ അപഹൃതചിത്തരാക്കുന്ന ആ വാഗ്ധോരണിയും, ശത്രുമിത്രഭേദമെന്യേ ആരേയും ഹഠാദാകർഷിക്കുന്ന ആ സംഭാഷണരീതിയും, ഹൃദയഹാരിയായ ആ പുഞ്ചിരിയും ആർക്കാണ് വിസ്മരിക്കുവാൻ സാധിക്കുക. തിരുമേനിയുടെ ഹൃദയം ആകാശംപോലെ വിശാലമായിരുന്നു; അവിടത്തെ വിജ്ഞാനം ജലനിധിപോലെ അഗാധമായിരുന്നു; അവിടത്തെ പെരുമാററം ശരൽക്കാലചന്ദ്രികപോലെ ആനന്ദദായകമായിരുന്നു; അവിടത്തെ മധുരഭാഷണം തപ്തഹൃദയങ്ങൾക്കു അമൃതസേചനവുമായിരുന്നു. തടസ്സങ്ങളെ തട്ടിനീക്കിക്കൊണ്ടു് തന്റേടത്തോടെ മുന്നേറുവാൻ തിരുമേനിക്കുണ്ടായിരുന്ന കഴിവു് തിരുമേനിയുടെ സംഭവബഹുലമായ ജീവചരിത്രത്തിൽ ഉടനീളം തെളിഞ്ഞുകാണാവുന്നതാണ്.



"The history of the world is but a history of the great men that have lived there" (ലോകത്തിന്റെ ചരിത്രം അതിൽ ജീവിച്ച മഹാന്മാരുടെ ചരിത്രം മാത്രമാണ്) എന്നു സുപ്രസിദ്ധചിന്തകനായ കാർലൈൽ പ്രസ്താവിച്ചിരിക്കുന്നു. അങ്ങനെ, നാസിജർമ്മനിയുടെ ചരിത്രം ഹിററ്ലറിന്റെ ചരിത്രം മാത്രമാണ്; ഫാസിസ്റ്റ് ഇററലിയുടെ ചരിത്രം മുസ്സോലിനിയുടെ ചരിത്രം മാത്രമാണ്; കമ്മ്യൂണിസ്റ്റ് റഷ്യയുടെ ഇദാനീന്തനചരിത്രം ലനിന്റേയും സ്റ്റാലിന്റേയും ചരിത്രം മാത്രമാണ്; ഇൻഡ്യയുടെ സ്വാതന്ത്ര്യസമരത്തിന്റെ ചരിത്രം ഗാന്ധിജിയുടെ ചരിത്രം മാത്രമാണ്. അതായതു് പ്രസ്തുത വ്യക്തികളാണ്, മേൽപ്പറഞ്ഞ പ്രസ്ഥാനങ്ങൾക്കു രൂപംകൊടുത്തിട്ടുള്ളതും ജീവൻ കൊടുത്തിട്ടുള്ളതും അവയെ ഓരോ ചാലുകളിൽക്കൂടി തിരിച്ചുവിട്ടിട്ടുള്ളതും. ഏതന്ന്യായത്താൽ, കേരളത്തിലെ പുനരൈക്യപ്രസ്ഥാനത്തിന്റെ ഇതഃപര്യന്തമുള്ള ചരിത്രം മാർ ഈവാനിയോസിന്റെ ചരിത്രംമാത്രമാണെന്നു അതിശയോക്തികൂടാതെ പറയാവുന്നതാണ്. "പണിക്കരു ശമ്മാശ എം. എ., പ്രിൻസിപ്പാളച്ചൻ എം. എ., പ്രൊഫസർ ഫാദർ പി. ററി. ഗീവറുഗീസ് എം. എ., ബഥനി ആശ്രമാദ്ധ്യക്ഷൻ എം. എ. ഒ. ഐ. സി, ബഥനി എപ്പിസ്കോപ്പ ഒ. ഐ. സി., ബഥനിത്തിരുമേനി (മെത്രാപ്പോലീത്താ)" എന്നിങ്ങനെ പടിപടിയായി ഉയർന്നു് യാക്കോബായ സഭയിൽവച്ചുതന്നെ പേരും പെരുമയും സമാർജ്ജിക്കുകയും വാശിയേറിയ വട്ടിപ്പണക്കേസിൽ മെത്രാൻകക്ഷിയുടെ സൂത്രധാരനായി വർത്തിക്കുകയും ചെയ്തു് ഈ വൈദികശ്രേഷ്ഠൻ നേരത്തേതന്നെ ഒരു നേതാവായി ഭവിച്ചിരുന്നു. അങ്ങനെയിരിക്കവേയാണ്, തിരുമനസ്സുകൊണ്ടു് 1930 സെപ്ററംബർ 20-ാംനു, മാർ തിയോഫിലസ് തിരുമേനിയുമൊരുമിച്ചു് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതു്. അന്നുമുതൽ, ഇംഗ്ലണ്ടിൽ കാർഡിനൽ ന്യൂമന്റെ നേതൃത്വത്തിൽ സമാരംഭിച്ച "ഓക്സ്ഫോർഡ് പ്രസ്ഥാന"ത്തെ അതിശയിക്കുമാറു്, കേരളന്യൂമനായ തിരുമേനിയുടെ നേതൃത്വത്തിൽ ആരംഭിച്ച കത്തോലിക്കാസഭയിലേക്കുള്ള പ്രവാഹവും നാൾക്കുനാൾ ശക്തിപ്രാപിച്ചുകൊണ്ടാണിരുന്നിട്ടുള്ളതു്. ഇന്നു തിരുവനന്തപുരം അതിരൂപതയിലും തിരുവല്ലാ രൂപതയിലുമായി എഴുപത്തയ്യായിരത്തോളം ജനങ്ങളും ഇരുനൂറോളം വൈദികരും നൂററിയൻപതോളം കന്യാസ്ത്രീകളും മുന്നൂറോളം പള്ളികളും നിരവധി വിദ്യാലയങ്ങളും ധർമ്മസ്ഥാപനങ്ങളുമുണ്ടു്. തിരുമനസ്സിലെ വലംകൈയായി വർത്തിച്ചുപോന്നിട്ടുള്ള ഭരണനിപുണനും തീക്ഷ്ണമതിയുമായ തിരുവല്ലാ രൂപതാദ്ധ്യക്ഷൻ മാർ സെവേരിയോസും, തിരുമനസ്സിലെ കരങ്ങളിൽനിന്നു് അഭിഷേകം സ്വീകരിച്ചസഹായമെത്രാൻ—എല്ലവരുടേയും കണ്ണിലുണ്ണിയായി വിരാജിക്കുന്ന കൊച്ചുതിരുമേനി—മാർ ഗ്രിഗോറിയോസും, ദിവംഗതനായ മാർ ദിയസ്കോറോസും പുനരൈക്യപ്പെട്ടവരുടെ ഗണത്തിൽ ഉൾപ്പെടുന്നു. തിരുവനന്തപുരം അതിരൂപതയിലെ ഓരോ സ്ഥാപനങ്ങളിലും പരേതനായ തിരുമേനിയുടെ വ്യക്തിവിലാസത്തിന്റെ വെള്ളിരേഖകൾ പതിഞ്ഞിട്ടുണ്ടു്. തിരുവനന്തപുരം പട്ടണത്തിൽ വിജയശ്രീയാർന്നു വിരാജിക്കുന്ന "മാർ ഈവാനിയോസ് കോളെജ്" തിരുമനസ്സിലെ വാർദ്ധക്യകാലത്തെ നേട്ടങ്ങളിൽ ഏററവും പ്രധാനപ്പെട്ടതാണ്.

"All Greece is the monument of Euripides" (ഗ്രീസു മുഴുവനും യൂരിപ്പിഡിസിന്റെ സ്മാരകമാണ്) എന്നത്രെ അദ്ദേഹത്തിന്റെ ഓർമ്മയെ നിലനിറുത്തുവാനായി ആഥൻസിൽ തദ്ദേശവാസികൾ സ്ഥാപിച്ച ശിലയിൽ കൊത്തിയ വാക്കുകൾ. അതുപോലെ മാർ ഈവാനിയോസ് തിരുമേനിയെപ്പററിയും പറയാവുന്നതാണ്, കത്തോലിക്കാലോകം മുഴുവനും അദ്ദേഹത്തിന്റെ സ്മാരകങ്ങൾകൊണ്ടു് നിറഞ്ഞിരിക്കുന്നെന്നു്. യൂറോപ്പ്, അമേരിക്ക, ഓസ്ട്രേലിയ മുതലായ ഭൂഖണ്ഡങ്ങളിലെ മിക്കരാജ്യങ്ങളും അദ്ദേഹം സന്ദർശിച്ചിട്ടുണ്ടു്; ലോകത്തിലെപ്രമുഖരും പ്രശസ്തരുമായ നിരവധി വ്യക്തികളുമായി നേരിട്ടോ കത്തുമുഖേനയോ അദ്ദേഹം പരിചയപ്പെടുകയും സമ്പർക്കത്തിലേർപ്പെടുകയും ചെയ്തിട്ടുണ്ടു്. അദ്ദേഹത്തിന്റെ നാമം സ്ഥലംപിടിക്കാത്ത ഒരു കത്തോലിക്കാപത്രം ഇന്നു ലോകത്തിലുണ്ടെന്നു തോന്നുന്നില്ല. 1932-ൽ അഭിവന്ദ്യതിരുമേനി ഡബ്ലിൻ ദിവ്യകാരുണ്യസമ്മേളനത്തിൽ സംബന്ധിക്കുന്നതിനായി പോയ അവസരത്തിൽ സുപ്രസിദ്ധ ആംഗ്ലേയസാഹിത്യകാരനായ ജി. കെ. ചെസ്റ്റർട്ടൺ ലണ്ടനിലെ "യൂണിവേഴ്സ്" പത്രത്തിൽ തിരുമേനിയെ പരാമർശിച്ചു് ഒരു ലേഖനമെഴുതിയ കാര്യം വായനക്കാരിൽ ചിലരെങ്കിലും ഓർക്കാതിരിക്കുകയില്ല. "ഉദയദേശത്തിലെ വിദൂരമായ ഈ വിജയത്തിന്റെ (പുനരൈക്യപ്രസ്ഥാനത്തിന്റെ) പ്രാതിനിദ്ധ്യത്തെ വഹിക്കുന്ന ഗംഭീരാകൃതിയായ ഈ ഭാരതീയപുരുഷൻ", "ആധിബൗദ്ധികനായ ഒരു മെത്രാൻ", "അദ്ദേഹത്തിന്റെ ബുദ്ധിമത്തും ജാഗ്രത്തുമായ മുഖം" എന്നെല്ലാം ചെസ്റ്റർട്ടൺ പ്രസ്തുത ലേഖനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്.

പരേതനായ മാർ ഈവാനിയോസു തിരുമേനി പ്രഗത്ഭമതിയായ ഒരു ഭാഷാപണ്ഡിതൻ കൂടിയായിരുന്നുവെന്ന സംഗതി ഊന്നിപ്പറയേണ്ടതുണ്ടു്. ഇംഗ്ലീഷിലും സുറിയാനിയിലും അദ്ദേഹം പ്രത്യേകവ്യുല്പത്തി സമ്പാദിച്ചിരുന്നു. തിരുമേനിയുടെ "ഉൽകൃഷ്ടമായ ഇംഗ്ലീഷ്" ചെസ്റ്റർട്ടന്റെപോലും അഭിനന്ദനത്തിനു പാത്രീഭവിച്ചതാണ്. മദ്രാസ് സർവ്വകലാശാലയിലെ സുറിയാനിവകുപ്പിന്റെ അദ്ധ്യക്ഷപദം തിരുമനസ്സുകൊണ്ടു് ദീർഘകാലത്തേക്കു് അലങ്കരിച്ചിട്ടുണ്ടു്. സുറിയാനിഭാഷയുടെ അഭിനവമായ ഒരു വ്യാകരണം തിരുമേനി രചിച്ചിട്ടുള്ളതായി അറിയുന്നു. മാതൃഭാഷയായ മലയാളത്തിൽ ഭംഗിയായി പ്രസംഗിക്കുവാനും എഴുതുവാനും തിരുമേനിക്കു കഴിവുണ്ടായിരുന്നെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. യാക്കോബായ സമുദായത്തിലെ തന്റെ സേവനാനുഭവങ്ങളെ ക്രോഡീകരിച്ചു് തിരുമേനി രചിച്ചിട്ടുള്ള "ഗിരിദീപം" എന്ന പുസ്തകം ഒരു നോവൽപോലെ ആകർഷകമായിരിക്കുന്നു. "ഉത്തമഃ ക്ലേശവിക്ഷോഭം ക്ഷമഃ സോഢും നഹീതരഃ—മണിരേവ മഹാശാണഘർഷണം നതു മൃൽകണഃ." (ക്ലേശാതിരേകം സഹിപ്പാൻ ഉത്തമന്മാർക്കല്ലാതെ, മററുള്ളവക്കു കഴിയുന്നതല്ല; മാണിക്യത്തിനല്ലാതെ മണ്ണാംകട്ടയ്ക്കു ശാണാഘർഷണം— ചാണയിൽ വച്ചുള്ള ഉരസ്സൽ—സഹിപ്പാൻ ശക്തിയില്ല) എന്നു കവി പറഞ്ഞിരിക്കുന്നതുപോലെ, ക്ലേശം സഹിപ്പാൻ കരുത്തുണ്ടായിരുന്ന ഒരു മാണിക്യമായിരുന്നു മാർ ഈവാനിയോസെന്നു പ്രസ്തുതകൃതി വായിച്ചാൽ ഗ്രഹിക്കാവുന്നതാണ്.

"നന്നായി ചെലവഴിക്കുന്ന ഒരു ജീവിതം എത്ര ഹ്രസ്വമായിരുന്നാലും ദൈർഘ്യമേറിയതായി പരിഗണിക്കണ"മെന്നത്രെ ഒരുത്തമകത്തോലിക്കാ കലാകാരനായ ലേണാർദോ ദ വിഞ്ചി പ്രസ്താവിച്ചിരിക്കുന്നതു്. ആ തോതുവച്ചു നോക്കുമ്പോൾ, 72 കൊല്ലംമാത്രമേ മാർ ഈവാനിയോസു് തിരുമേനി ഈ ലോകത്തിൽ ജീവിച്ചുള്ളുവെങ്കിലും അതു് എഴുനൂററാണ്ടിനു തുല്യമായിരുന്നെന്നു പറയാം. എന്നുതന്നെയല്ല, അദ്ദേഹത്തിന്റെ ശരീരം മൺമറഞ്ഞെങ്കിലും അദ്ദേഹം മരിച്ചിട്ടില്ലെന്നുതന്നെ പറയാം. അദ്ദേഹത്തിന്റെ ചൈതന്യപ്രാഭവം ആചന്ദ്രതാരം നിലനില്ക്കും; അദ്ദേഹത്തിന്റെ മഹത്തായ സന്ദേശം അനേകം മനുഷ്യഹൃദയങ്ങളിൽ അലയടിച്ചുകൊണ്ടിരിക്കും; അദ്ദേഹത്തിന്റെ വിശിഷ്ടമാതൃക, സാഹചര്യങ്ങളുടെ സമ്മർദ്ദംമൂലം നിർഭാഗ്യവശാൽ ശീശ്മയിൽ പെടാൻ ഇടവന്ന മലങ്കരസഭാമാതാവിന്റെ അരുമസന്താനങ്ങളെ സത്യസഭാമാതാവിന്റെ മടിയിലേക്കു മാടിവിളിച്ചുകൊണ്ടിരിക്കും; അദ്ദേഹം നൽകിയ പ്രേരണകളുടേയും പ്രചോദനങ്ങളുടേയും വഴിത്താരയിൽക്കൂടി നടക്കാൻ ആയിരമായിരമാളുകൾ ഉണ്ടാകയുംചെയ്യും. ഒരു "നല്ല യുദ്ധം ചെയ്തു്, ഓട്ടം പൂർത്തിയാക്കി, സ്വവിശ്വാസം സംരക്ഷിച്ചു്," നമ്മിൽനിന്നു വേർപിരിഞ്ഞുപോയ മാർ ഈവാനിയോസു തിരുമേനി വിനാവിളംബം വിജയമകുടം ചൂടുവാൻ ഇടയാകുന്നതിനുവേണ്ടി നമുക്കേവക്കും സർവ്വശക്തനോടു പ്രാർത്ഥിക്കാം.

# ശ്രീ എ. കെ. ഗോപാലന്

## ശ്രീ ദേവിന്റെ തുറന്നകത്തു്

ശ്രീ പി. കേശവദേവു് "ഇന്ത്യൻ സ്റ്റാലിനിസ്റ്റുകളുടെ നേതാവും ഇന്ത്യൻ പാർലമെന്ററിലെ പ്രതിപക്ഷനേതാവുമായ" ശ്രീ എ. കെ. ഗോപാലനു് ഒരു തുറന്നകത്തു് എഴുതിയിരിക്കുന്നു. "നിങ്ങളുടെ പിതൃരാജ്യമായ സോവ്യററു് റഷ്യയിൽനിന്നു് തിരിച്ചുവന്നതിനു ശേഷമുള്ള നിങ്ങളുടെ പ്രസംഗങ്ങളേയും പത്രസമ്മേളനങ്ങളേയും പ്രസ്താവനകളേയും ഞാൻ കൗതുകപൂർവ്വം വായിച്ചുകൊണ്ടിരിക്കുകയാണു്" എന്ന വാക്യത്തോടുകൂടി തുറന്നകത്തു് ആരംഭിക്കുന്നു. ആ വായന തന്നിൽ ജനിപ്പിച്ച പ്രത്യാഘാതത്തെ ശ്രീ ദേവു് ഇങ്ങനെ പ്രകാശിപ്പിക്കുന്നു.

### ഗോപാലന്റെ പ്രസംഗങ്ങളിലെ വിഡ്ഢിത്തങ്ങളും അസംബന്ധങ്ങളും

"ഇന്ത്യൻ ജനതയ്ക്കുവേണ്ടി നിങ്ങളുടെ പിതൃരാജ്യത്തിൽനിന്നും, രക്ഷകനായ സ്റ്റാലിനി"ൽനിന്നും എന്തെങ്കിലും പുതിയ സന്ദേശം കൊണ്ടുവന്നിരിക്കുമെന്ന പ്രതീക്ഷയോടുകൂടിയാണു് ഞാനിതെല്ലാം വായിക്കുന്നതു്. പക്ഷെ, പുതിയ യാതൊരു സന്ദേശവും നിങ്ങൾ കൊണ്ടുവന്നിട്ടില്ലെന്നു മാത്രമല്ല, ഈ നാട്ടിൽ നിങ്ങളുടെ അനുചരന്മാർ പറഞ്ഞുകൂട്ടുന്ന രാഷ്ട്രീയവിഡ്ഢിത്തങ്ങൾ അവരുടെ ഭാഷയിൽത്തന്നെ ആവർത്തിച്ചു പറയുവാനേ നിങ്ങൾക്കു കഴിഞ്ഞിട്ടുള്ളുവെന്നതു്, എന്നെ അത്യധികം നിരാശപ്പെടുത്തുകയുണ്ടായി.

"റഷ്യൻ സ്വർഗ്ഗത്തിൽ ഇരുമ്പുമറയില്ലെന്നും, അവിടത്തെ ജനങ്ങളെല്ലാം സമൃദ്ധിയിൽ ആറാടുകയാണെന്നും, കാലാകാലങ്ങളിൽ "ദുക്സാക്ഷി"കളെക്കൊണ്ടു് മൊഴികൊടുപ്പിക്കുന്ന പതിവു് പലവർഷങ്ങളായി തുടന്നുവരുന്നതാണു്. അത്തരമൊരു "ദുക്സാക്ഷി"യുടെ മൊഴി എന്നതിൽ കവിഞ്ഞ വിലയൊന്നും നിങ്ങളുടെ പ്രസംഗങ്ങളും പ്രസ്താവനകളും അർഹിക്കുന്നില്ല. പക്ഷെ, നിങ്ങൾ ഇന്ത്യയിൽ നിന്നുകൊണ്ടു് റഷ്യയിൽ "ലോകരക്ഷകന്മാ"ക്കുവേണ്ടി വാദിക്കുമ്പോൾത്തന്നെ, അവർ കുററങ്ങളേറുപറഞ്ഞു "തെററുതിരുത്തി" നിങ്ങളെ ദയനീയമാംവിധം പരാജയപ്പെടുത്തുന്നതു് നിങ്ങൾ അറിയുന്നില്ലേ? അറിയുന്നെങ്കിൽ, അറിയുന്നില്ലെന്നു ഭാവിച്ചുകൊണ്ടു് കുററസമ്മതംചെയ്ത കുററക്കാരനുവേണ്ടി വാദിക്കാൻ

നിർബന്ധിതനാണോ? അതോ, എന്തസംബന്ധം പറഞ്ഞാലും അതെല്ലാം അപ്പാടെ വിഴുങ്ങുന്നവരാണ് ഈ നാട്ടുകാരെന്ന് നിങ്ങൾ ധരിച്ചിട്ടുണ്ടോ?

### ശ്രീ ഗോപാലൻെറ പരാതി

അനന്തരം ശ്രീ ഗോപാലൻ പറഞ്ഞിട്ടുള്ള ഒരു പരാതി ശ്രീ ദേവ് ഉദ്ധരിക്കുന്നു:- "എന്തക്രമങ്ങൾ ചെയ്യുവാനും എന്തു കൊള്ളരുതായ്മകൾ പ്രസംഗിക്കുവാനും അവർ മുതിരുന്നു. അസഭ്യമായ ഭാഷയിൽ അവർ എന്നേയും എൻെറ ഭാര്യയേയും കുടുംബത്തേയും ആക്ഷേപിക്കുന്നു. ഇതെല്ലാം പൊതുയോഗത്തിൽ വച്ചാണ്." ഈ പരാതിയുടെ സാഹചര്യങ്ങളും ശ്രീ ദേവ് വിവരിക്കുന്നു:- "നിങ്ങളുടെ തിരു-കൊച്ചിപര്യടനവേളയിൽ, നിങ്ങൾക്കു ഏററവുമധികം സ്വാധീനശക്തിയുണ്ടെന്ന് കരുതപ്പെടുന്ന ചേർത്തല അമ്പലപ്പുഴ താലൂക്കുകളിലെ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിക്കാരിൽ നിന്നു നിങ്ങൾക്കുണ്ടായ അനുഭവങ്ങളെപ്പററി ചെയ്തിരിക്കുന്ന പ്രസ്താവനയിലെ നാലു വാചകങ്ങളാണ് മേലുദ്ധരിച്ചിരിക്കുന്നതു്." തുടർന്ന് ശ്രീ ഗോപാലൻെറ പ്രസ്തുത പരാതിപറയലിനെ അദ്ദേഹം പരാമർശിക്കുന്നു:- "സഖാവേ, നിങ്ങളുടെ ബുദ്ധിപരമായ കഴിവിൽ വലിയ മതിപ്പൊന്നും എനിക്കില്ലെങ്കിലും, ഒരു പടയാളി എന്ന നിലയിൽ നിങ്ങളെ ഞാൻ ബഹുമാനിക്കുന്നു. പ്രബലന്മാരായ എതിരാളികളോട് കാൽപതറാതെ മനസ്സ് ഇടറാതെ നിങ്ങൾ എതിർക്കുന്നതു് ഞാൻ നേരിട്ടുകണ്ടിട്ടുള്ളതുമാണ്. നിങ്ങൾ എതിരാളികളുടെ ആഭാസമായ പെരുമാററത്തെപ്പററി പരാതിപ്പെട്ടിട്ടുള്ളതായും എനിക്കറിവില്ല. പക്ഷെ, നിങ്ങളുടെ ഭാര്യയേയും കുടുംബത്തേയും 'ആഭാസമായി' ശകാരിച്ചപ്പോൾ നിലവിട്ടു പരാതിപറയുവാൻ നിങ്ങൾ നിർബന്ധിതനായി. നിങ്ങളെപ്പോലെതന്നെ ഒട്ടേറെ പരാതികൾ പറയുവാനുള്ള ഒരു ഭർത്താവാണു ഞാൻ. നിങ്ങളുടെ നവവധുവിനെ ആക്ഷേപിച്ചതിൽ നിങ്ങൾ പരാതിപ്പെടുന്നു. പതിനേഴുവർഷം ദാരിദ്ര്യത്തിലും ക്ലേശങ്ങളിലുംകൂടി, അഗ്നിമദ്ധ്യത്തിൽക്കൂടി എന്നോടൊപ്പം യാത്രചെയ്ത എൻെറ ഭാര്യയെ കഴിഞ്ഞ ആറു വർഷങ്ങളായി നിങ്ങളുടെ അനുചരന്മാർ തുടർച്ചയായി അപമാനിച്ചുകൊണ്ടിരിക്കുന്നതിനെപ്പററിയാണ് എനിക്കു പരാതിപറയുവാനുള്ളതു്."

### സ്റ്റാലിനിസ്റ്റുകളോട് ശ്രീ ദേവ് ചെയ്ത അപരാധങ്ങൾ

കഴിഞ്ഞ ഏതാനും വർഷങ്ങളായി ശ്രീ ഗോപാലൻെറ അനുചരന്മാരായ സ്റ്റാലിനിസ്റ്റുകൾ തൻെറ (ദേവിൻെറ) നേരെ ആഭാസമായ ശകാരങ്ങളും നുണപ്രചരണങ്ങളും ചൊരിഞ്ഞുകൊണ്ടിരിക്കുന്നതിനു് താൻചെയ്ത അപരാധങ്ങൾ എന്തെന്നു് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നതിങ്ങനെയാണ്:- "കല്ക്കത്താതീസിസ് എന്ന പ്രതിവിപ്ലവപരമായ രാഷ്ട്രീയവിഡ്ഢിത്തം, വിഡ്ഢിത്തമായിപ്പോയിഎന്നു നിങ്ങൾ സമ്മതിക്കുന്നതിനുമുമ്പു് ഞാൻ പറഞ്ഞുപോയി എന്നതാണ് ഞാൻ ആദ്യമായി ചെയ്തുപോയ അപരാധം. ഇന്ത്യയിൽ സോഷ്യലിസം നടപ്പാകുന്നതോടൊപ്പം തന്നെ റഷ്യൻ സ്വേച്ഛാധികാരത്തിൻെറ ആധിപത്യം സ്വീകാര്യമല്ല എന്നു ഞാൻ പറഞ്ഞതാണു മറെറാരപരാധം. അമേരിക്കയേയും ബ്രിട്ടനേയും ഫ്രാൻസിനേയും പോലെതന്നെ റഷ്യയും ഒരു സാമ്രാജ്യത്വശക്തിയാണെന്നു ഞാൻ പറഞ്ഞതാണ്, വേറൊരപരാധം." ഈ അപരാധങ്ങൾക്കുള്ള ശിക്ഷയനുഭവിക്കുന്നതിൽ തനിക്കു പരാതിയില്ലെന്നു് ശ്രീ ദേവ് പറയുന്നു:- "അതിനു ചേർത്തലയിലേയും കൊടുങ്ങല്ലൂരേയും പൂരപ്പാട്ടുമഹാകവികളെപ്പോലും ലജ്ജിപ്പിക്കത്തക്കവിധം നിങ്ങളുടെ 'ഗൊറില്ലാ' പടയാളികളും 'പൊരുതുന്ന' സാഹിത്യകാരന്മാരും എൻെറ നേരെ വാരിയെറിഞ്ഞ ചളിയൊന്നും എൻെറ ശരീരത്തിൽ പാറാത്തതുകൊണ്ടു അതേപ്പററിയും എനിക്കു പരാതിയില്ല. ഞാൻ പ്രസംഗിക്കുന്ന യോഗങ്ങളിൽ കലക്കമുണ്ടാക്കാൻ ശ്രമിക്കുന്നതിലും എന്നെ കല്ലെറിഞ്ഞതിലും എനിക്കു പരാതിയില്ല."

### ശ്രീ ഗോപാലനോടുള്ള ശ്രീ ദേവിൻെറ പരാതി

എന്നാൽ പിന്നെ ശ്രീ ദേവിൻെറ പരാതി എന്താണ്? അദ്ദേഹംതന്നെ പറയുന്നുണ്ട്:- "എനിക്കു 'തിക്കിടക്ക' സൃഷ്ടിക്കുവാൻ വേണ്ടി, എൻെറ കുടുംബജീവിതം ദുസ്സഹമാക്കുവാൻവേണ്ടി നിങ്ങളുടെ അനുചരന്മാർ എൻെറ വീടിനുചുററും ആഭാസനൃത്തം ചെയ്യുന്നതിനെപ്പററി സഖാവേ, ഞാൻ നിങ്ങളോടു പരാതിപറയുന്നു." ഇങ്ങനെ ചുരുക്കത്തിൽ പറഞ്ഞതു് അദ്ദേഹം തുടർന്നു വിസ്തരിക്കുന്നു:

"നിങ്ങളുടെ അനുചരന്മാർ എൻെറ വീടിനു മുൻപിൽത്തന്നെ, ഈ നാട്ടിലെ കുപ്രസിദ്ധനായ ഒരു റൗഡിയെ കാവലിട്ടിരിക്കുകയാണ്. അയാളുടെ ചായക്കട, നിങ്ങളുടെ അനുചരന്മാരുടെ താവളവുമാണ്. അവരുടെ സാന്നിദ്ധ്യത്തിൽത്തന്നെ അയാൾ എന്നെയും എൻെറ ഭാര്യയേയും നൂറുനൂറുപ്രാവശ്യം ആഭാസമായി ശകാരിച്ചിട്ടുണ്ട്. എൻെറ ഭാര്യയോ ഞാനോ വീട്ടിൽനിന്നും പുറത്തിറങ്ങുമ്പോഴെല്ലാം അയാൾ നേരെനോക്കി കാക്കിച്ചു തുപ്പാറുണ്ട്. രാത്രികാലങ്ങളിൽ ആ റൗഡിയുടെ നേതൃത്വത്തിൽ മദ്യപാനികൾ വീട്ടിൻെറ മുൻവശത്തു നിന്നുകൊണ്ടു് ഭീക്ഷണിപ്പെടുത്തുകയും, ശക്തിയേറിയ ഇലക്ട്രിക്ക് ടോർച്ച് വീട്ടിനുള്ളിലേക്കു് അടിക്കുകയും ചെയ്യാറുണ്ട്. പഞ്ചായത്തു തിരഞ്ഞെടുപ്പിൽ ഒരു ആയുർവ്വേദകമ്മ്യൂണിസ്റ്റ് ജയിച്ചതിൽ ആഹ്ളാദിച്ചുമദിച്ച ഒരു ഗുണ്ടാകമ്മ്യൂണിസ്റ്റ് ചെറുക്കൻ പീടികക്കമ്പിയും ഓങ്ങിക്കൊണ്ടു് ആറു വയസ്സുമാത്രം പ്രായമുള്ള എൻെറ കുഞ്ഞിനെ അടിക്കാൻ വരികയുണ്ടായി; ഇത്തരം നീചപ്രവൃത്തികൾക്കെല്ലാം സ്റ്റഡിക്ലാസുകളിൽവെച്ചു് നിർദ്ദേശം കൊടുക്കാറുള്ളതായും എനിക്കു അറിവു കിട്ടിയിട്ടുണ്ട്. ഞാൻ പതിവായി വീട്ടിലുണ്ടായിരിക്കാറില്ലെന്നും, എൻെറ ഭാര്യയും ആറുവയസ്സുമാത്രം പ്രായമുള്ള കുഞ്ഞും മാത്രമാണ് ഈ റൗഡിസത്തെ നേരിടേണ്ടിവരുന്നതെന്നും, ഭർത്താവും പിതാവുമായ നിങ്ങൾ ഓർക്കണം.

"എൻെറ വീടിനു മുൻവശത്തുള്ള മൈതാനത്തിൽ കൂടുന്ന കമ്മ്യൂണിസ്റ്റ്യോഗങ്ങളിൽ നിങ്ങളുടെ പ്രധാനപ്രാസംഗികന്മാർ, ഇത്തരത്തിലുള്ള ഗുണ്ടാപ്രവർത്തനങ്ങൾക്കു് വ്യക്തമായ പ്രേരണ കൊടുക്കാറുണ്ടു്. ഒരു ഇലക്ഷൻ പ്രചരണയോഗത്തിൽ, നിയമസഭയിൽ ബഹളം[illegible]ട്ടുക്കാറുള്ള ഒരു കമ്മ്യൂണിസ്റ്റ് എം. എൽ. എ. അലറുകയുണ്ടായി, ഞാൻ എല്ലുനക്കുന്ന പട്ടിയാണെന്നു്. മറെറാരു ജന്മികമ്മ്യൂണിസ്റ്റുകാരൻ താക്കീതുതന്നു, കഠാരിയും ആസിഡ് ബൾബുമെല്ലാം ഇപ്പോഴും കൈവശമുണ്ടെന്നു്. ഇതെല്ലാം കേട്ടു പ്രചോദനംകൊള്ളുന്ന റൗഡികൾ എൻെറ വീടിനു ചുററും പേക്കോലം തുള്ളുന്നതിൽ അത്ഭുതമുണ്ടോ? പുരോഗതിയുടേയും സോഷ്യലിസ്റ്റ് വിപ്ലവത്തിൻേറയും പേരുംപറഞ്ഞുകൊണ്ടു് നിങ്ങളുടെ സ്റ്റാലിനിസ്റ്റു കുഞ്ഞാടുകൾ നടത്തുന്ന സാമൂഹ്യവിരുദ്ധമായ ഈ ഗുണ്ടാപ്രവർത്തനങ്ങളാൽ വീർപ്പുമുട്ടിക്കഴിയുന്ന അനവധി ആളുകളെ എനിക്കറിയാം. വിവിധ രാഷ്ട്രീയകക്ഷികളുടെ പ്രതിനിധികളടങ്ങിയ ഒരു അന്വേഷണക്കമ്മീഷനെ നിയമിക്കുവാൻ നിങ്ങൾ ധൈര്യപ്പെട്ടുമെങ്കിൽ നിങ്ങളുടെ അനുചരന്മാരുടെ ഗുണ്ടായിസത്തെ അസന്ദിഗ്ദ്ധമാംവിധം തെളിയിക്കുവാൻ ഞാൻ തയ്യാറാണ്."

### അക്രമവിത്തു് ഈ നാട്ടിൽ വിതച്ചതു സ്റ്റാലിനിസ്റ്റുകാർ

കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിക്കാർ തന്നോടു് അക്രമം പ്രയോഗിച്ചതിനെപ്പററിയായിരുന്നു ശ്രീ ഗോപാലൻെറ പരാതി. അതിനു മറുപടിയായി ശ്രീ ദേവ് ചോദിക്കുന്നു, അക്രമവിത്തു് ഈ നാട്ടിൽ വിതച്ചതു് സ്റ്റാലിനിസ്റ്റുകാരല്ലയോയെന്നു്. ആ ഭാഗവുമുദ്ധരിക്കാം:-

"മാനുഷികമൂല്യങ്ങളെ നിഷേധിച്ചുകൊണ്ടു്, സാമാന്യമര്യാദകളെപ്പോലും വിസ്മരിച്ചുകൊണ്ടു്, നിങ്ങളുടെ അനുചരന്മാർ നാടുനീളെ ഗുണ്ടാനൃത്തം ചെയ്യുമ്പോൾ നിങ്ങൾ പരാതി പറയുകയാണ്, നിങ്ങളേയും ഭാര്യയേയും ശകാരിച്ചുവെന്നു്. സഖാവേ, നിങ്ങളോടൊപ്പം കണ്ണീർ പൊഴിച്ചുകൊണ്ടുതന്നെ ഞാൻ നിങ്ങളോടു ചോദിക്കട്ടെ, ആരാണ് ഈ വിന ഈ നാട്ടിൽ വിതച്ചതു്? കല്ക്കത്താതീസിസെന്നറിയപ്പെടുന്ന രാഷ്ട്രീയ ആത്മഹത്യയുടെ അടിസ്ഥാനത്തിൽ മാർക്സിസത്തിൻേറയും വിപ്ലവത്തിൻേറയും പേരിൽ, റഷ്യൻ വിദേശവകുപ്പിൻെറ ചാരന്മാരായ നിങ്ങളല്ലേ, ഈ വിന ഈ നാട്ടിൽ വിതച്ചതു്? വിവേകത്തിലും സഹിഷ്ണുതയിലും അസ്ഥിവാരമുറപ്പിച്ചിട്ടുള്ള ഇന്ത്യൻ സംസ്കാരത്തിൽ, മുപ്പതിൽപ്പരം വർഷങ്ങളിൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന സ്വാതന്ത്ര്യസമരത്തിൻെറ പശ്ചാത്തലത്തിൽ, നിങ്ങൾ വിതച്ച അക്രമവിത്തു അങ്ങിങ്ങായി ഇതാ മുളച്ചു പൂത്തു് കായ്ച്ചു് തുടങ്ങിയിരിക്കുന്നു. ആ വിന നിങ്ങളും കൊയ്യേണ്ടതായി വരും."

### ശ്രീ ഗോപാലൻെറ പരാതിക്കു് വിരുദ്ധമുന്നണിക്കാരുടേയും മററും മറുപടി

കമ്മ്യൂ: വിരുദ്ധമുന്നണിക്കാരെപ്പററി ശ്രീ ഗോപാലൻ പറയുന്ന പരാതിക്കു് മറുപടിയായി ആ മുന്നണിയുടെ പ്രസിഡൻറു് ശ്രീ കെ. പി. ജോസഫ് വെട്ടിക്കാടൻ നടത്തിയ വെല്ലുവിളിയെപ്പററി ഞങ്ങൾ കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിച്ചിരുന്നല്ലോ. അതിലെ സംഗതമായ ഭാഗം വീണ്ടും ഉദ്ധരിക്കുന്നു:—"സ: എ. കെ. ഗോപാലൻ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയും കോൺഗ്രസ്സും ഗുണ്ടാപ്രവർത്തനം നടത്തുന്നതായി നുണപ്രചരണം നടത്തുന്നു. സ: എ. കെ. ഗോപാലൻ ഒരുമാസം ഞങ്ങളോടുകൂടി നാടാകെ നടന്നു ആരാണീനാട്ടിൽ ഗുണ്ടാപ്രവർത്തനങ്ങൾ നടത്തിയതെന്നു ഞങ്ങളോടു ചേർന്നു ഒന്നന്വേഷിക്കുമോ? കമ്മ്യൂണിസ്റ്റുപാർട്ടി ഒരു വർഷത്തിനുള്ളിൽ വിരുദ്ധമുന്നണിക്കാരുടെ പല യോഗങ്ങൾ കലക്കിയിട്ടുണ്ടെന്നും പലരേയും മർദ്ദിച്ചിട്ടുണ്ടെന്നും ചിലരെയെല്ലാം കൊന്നിട്ടുണ്ടെന്നും ചിലയിടത്തെല്ലാം കവച്ച് നടത്തിയിട്ടുണ്ടെന്നും ബോദ്ധ്യപ്പെടുത്തിയാൽ സ: എ. കെ. ഗോപാലൻ കമ്മ്യൂ: പാർട്ടിയിൽനിന്നും രാജിവയ്ക്കുവാൻ തയ്യാറുണ്ടോ?"

ശ്രീ ഗോപാലൻ ജൂലൈ 2-ാംനു- തിരുവനന്തപുരത്തുവച്ചു നടത്തിയ പ്രസ്സ്കോൺഫറൻസിൽ, തനിക്കെതിരായി നടക്കുന്ന പ്രകടനങ്ങളെപ്പററി പ്രസ്താവിച്ചതിനിടയ്ക്കു് കേരള ഐ. എൻ. ടി. യു. സി. യുടെ പ്രസിഡൻറു് ശ്രീ ബി. കെ. നായർ പ്രകടനങ്ങളുടെ പിന്നിലുള്ളതായിപറയപ്പെടുന്നുവെന്നു് പ്രസ്താവിച്ചിരുന്നു. അതിനു മറുപടിയായി ശ്രീ നായർ ചെയ്ത ഒരു പത്രപ്രസ്താവനയിൽ ഇങ്ങനെ പറയുന്നു:—

"ആലപ്പുഴ സന്ദർശിച്ച മി: എ. കെ. ഗോപാലൻെറ സ്വീകരണസമയത്തു് 'തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ' ആഫീസിൻെറ മുൻപിൽ ആരൊക്കെയോ ചേർന്നു കരിങ്കൊടിപ്രകടനം നടത്തിയതു് ഇവിടത്തെ ഐ. എൻ. ടി. യു. സി. യുടെ, പ്രത്യേകിച്ചും എൻെറ, പ്രേരണയിൽ ആയിരുന്നുവെന്നു സ്ഥാപിക്കുന്നതിനു മി: എ. കെ. ഗോപാലൻ തൻെറ പ്രസംഗമദ്ധ്യേ വളരെ സാഹസപ്പെട്ടതായി അറിയുവാൻ കഴിഞ്ഞു. അതിനു തെളിവായി അദ്ദേഹം പറഞ്ഞതു് ഞാൻ സംഭവസമയത്തു് ആരോടോ 'ടെലഫോണിൽ' സംസാരിക്കുന്നതു് ആരോ കണ്ടു എന്നതാണത്രെ; പാർലമെൻറിലെ കമ്മ്യൂ: പാർട്ടിനേതാവു്, ഏററവും ദുർബലമായ ഈ തെളിവിനെ ആധാരമാക്കി, ഇത്രയും വ്യക്തമായ രീതിയിൽ ഒരു കുററാരോപണത്തിനു് മുതിർന്നുകാണുന്നതു് തികച്ചും ദയനീയവും പരിതാപകരവുമാണ്. കഴിഞ്ഞ ദിവസം നടന്നതായി പറയപ്പെടുന്ന ഈ പ്രകടനത്തിൽ എനിക്കോ, ഞങ്ങളുടെ സംഘടനയ്ക്കോ യാതൊരു ബന്ധവുമില്ലെന്നു വ്യക്തമാക്കിക്കൊള്ളട്ടെ.

"മി: ഗോപാലൻേറയോ, അവരുടെ മററു നേതാക്കളുടേയോ, വരവും പോക്കും, അത്രകണ്ടു പ്രാധാന്യം അർഹിക്കുന്ന സംഭവങ്ങളായി ഇന്നാട്ടിലെ ജനങ്ങളോ, മററാരെങ്കിലുമോ കരുതുന്നില്ല. കരിങ്കൊടി പ്രകടനങ്ങൾ നടത്തുന്നതിനും, പ്രതിമകൾ കത്തിച്ചു എരിയിക്കുന്നതിനും, 'ഗോബാക്ക്' വിളിക്കുന്നതിനും, പൊതുയോഗങ്ങളിൽ കലശലുകൾ ഉണ്ടാക്കുന്നതിനും, കല്ലെറിയുന്നതിനും സാധുക്കളെ കയ്യേററം ചെയ്യുന്നതിനും, കത്തിക്കുത്തു് ഏല്പിക്കുന്നതിനും, മററും മററുമുള്ള ഈ മൗലികാവകാശങ്ങൾ കമ്മ്യൂണിസ്റ്റുകാർക്കുള്ളതാണ്. അതു് അവരുടെ കുത്തകയായിത്തന്നെ ഇരുന്നുകൊള്ളട്ടെ. ഇത്തരം പ്രവൃത്തികളിൽക്കൂടിയുള്ള വിപ്ലവം തികച്ചും ആക്ഷേപാർഹമാണെന്നും, ഇന്നാട്ടിൽ വിലപ്പോകുകയില്ലെന്നും, അവർതന്നെ കണ്ടുകഴിഞ്ഞിട്ടുള്ളതാണ്. അതിനാൽ മാത്രമാണ് അവരുടെ ആത്മശത്രുക്കളായിത്തീർന്നിരിക്കുന്ന ഐ. എൻ. ടി. യു. സി. യെ പരിഹാസപാത്രമാക്കുന്നതിനുവേണ്ടി കണ്ണിൽ കണ്ടതെല്ലാം ഞങ്ങളുടെമേൽ കെട്ടിവയ്ക്കുന്നതിനു് അവർ വെമ്പൽ കാണിച്ചുതുടങ്ങിയിരിക്കുന്നതു്. ഇതുകൊണ്ടൊന്നും ഇന്നാട്ടിലെ മഹാജനങ്ങൾ വഞ്ചിതരാകരുതേ! എന്നുള്ള അഭ്യർത്ഥനയാണ് ഞങ്ങൾക്കുള്ളതു്."

സോവ്യററുഷ്യയുടെ പിടിയിലമർന്നിരിക്കുന്ന തെക്കുകിഴക്കേ യൂറോപ്യൻ രാജ്യങ്ങളിൽ പലതിലും കമ്മ്യൂണിസ്റ്റു ഭരണകൂടങ്ങളുടെ വ്യാവസായികവും കാർഷികവുമായ നയപരിപാടികൾക്കെതിരായി തൊഴിലാളികളും കർഷകരും ഉണരുകയും, ഗത്യന്തരമില്ലാത്തതിനാൽ അക്രമങ്ങൾ അടങ്ങിയ പണിമുടക്കങ്ങളും പ്രകടനങ്ങളും നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്ന ഈയവസരത്തിൽ, സോവ്യററു് റഷ്യയിൽ ഭരണചക്രം തിരിക്കുന്നവരുടെ ഇടയിൽത്തന്നെ അധികാരത്തിനുവേണ്ടിയുള്ള മത്സരം നടക്കുകയും പരസ്പരം കുററാരോപണങ്ങൾ വാരിച്ചൊരിയുകയും മററും ചെയ്തുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ, ശ്രീ എ. കെ. ഗോപാലൻ കമ്മ്യൂണിസസന്ദേശവുമായി ഈ നാട്ടിൽ പര്യടനം നടത്തിക്കൊണ്ടിരിക്കുന്നതു് ഏററവും പരിഹാസ്യമല്ലയോ?

## പ്രസാധകക്കുറിപ്പുകൾ

### റഷ്യൻ ഉപപ്രധാനമന്ത്രിയെ സ്ഥാനഭ്രഷ്ടനാക്കിഅറസ്റ്റുചെയ്തു

സോവ്യററുഷ്യയിലെ ആഭ്യന്തരമന്ത്രിയായ മിസ്റ്റർ ലവറൻഡി ബെറിയായെ മന്ത്രിസ്ഥാനത്തുനിന്നും റഷ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയിൽനിന്നും പുറത്താക്കുകയും തുടർന്നു് അറസ്റ്റുചെയ്യുകയും ചെയ്തകാര്യം പ്രസ്താവിച്ചിരുന്നല്ലോ. ഈ ബെറിയ റഷ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയിലെ അതിശക്തനായ ഒരു നേതാവാണ്; രഹസ്യപ്പോലീസു് വകുപ്പിൻെറ മേധാവിയാണ്; ആഭ്യന്തരകാര്യങ്ങളുടെ ചുമതല, സ്റ്റാലിൻെറ മരണശേഷം ഭരണം കൈയേററ മൂവരിൽ ഒരുവനായി വഹിച്ചിരുന്ന മന്ത്രിയാണ്; ഉപപ്രധാനമന്ത്രിയുമാണ്; സർവ്വോപരി സ്റ്റാലിൻെറ അനന്തരഗാമിയായിരിക്കുമെന്നു് പ്രതീക്ഷിക്കപ്പെട്ടിരുന്നവനുമാണ്.

കമ്മ്യൂണിസ്റ്റുപാർട്ടിയുടെ സെൻട്രൽ കമ്മിററി സമ്മേളനത്തിൽ പ്രധാനമന്ത്രി മലങ്കോവ് ബെറിയായ്ക്കെതിരായി ഒരു റിപ്പോർട്ടു സമർപ്പിച്ചു. ആ റിപ്പോർട്ടു് സമ്മേളനം ഐകകണ്ഠമായി അംഗീകരിച്ചു. ബെറിയായുടെമേൽ നടപടി നടത്തുന്നതിനു് തീരുമാനിക്കുകയും ചെയ്തു. വിദേശമുതലാളിത്തത്തിൻെറ താല്പര്യത്തിനുവേണ്ടി, സോവ്യററുയൂണിയൻെറ താല്പര്യത്തിനെതിരായി പ്രവർത്തിച്ചുവെന്നും രാജ്യത്തിനും പാർട്ടിക്കും എതിരായുള്ള കുററങ്ങൾ ചെയ്തുവെന്നുമാണ് ബെറിയായുടെമേൽ ചുമത്തിയിരിക്കുന്ന ആരോപണങ്ങൾ. അറസ്റ്റുചെയ്യപ്പെട്ട ബെറിയായെ റഷ്യൻ സുപ്രീംകോടതിയുടെ മുമ്പിൽ ഹാജരാക്കി വിചാരണ നടത്തുവാൻ നിശ്ചയിച്ചിരിക്കുകയാണ്.

### ബെറിയായുടെ വീഴ്ചയെപ്പററി എക്സ്പ്രസ്സ് പത്രത്തിൻെറ പരാമർശനം

സ്റ്റാലിനുശേഷമുള്ള സ്റ്റാലിനായ ബെറിയായാണ്, സ്റ്റാലിൻ മരിച്ചിട്ടു് 4 മാസത്തിനകം ഡിസ്മിസ്സ് ചെയ്യപ്പെടുന്നതും കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്നുപോലും പുറന്തള്ളപ്പെടുന്നതും. സോവ്യററു് നാട്ടിലെ ഭരണരീതിയേയും നേതൃത്വത്തേയും കുറിച്ചു് അറിയുന്നവർ ഈ വാർത്തകേട്ടു് അമ്പരക്കുകയില്ല. ചരിത്രം തിരിച്ചടിക്കുകയാണ്. 'ചെക്ക'യു

ടേയും "എൻ. കെ. വി. ഡി." യുടേയും "എം. വി. ഡി." യുടേയും (റഷ്യൻ രഹസ്യപ്പോലീസിൻെറ മാറിമാറിയുള്ള പേരുകളാണിവ) തണലിൽ സോവ്യററ് നാട്ടിൽ കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളിൽ നടത്തപ്പെട്ടിട്ടുള്ള ലക്ഷോപലക്ഷം കൂട്ടക്കൊലയുടേയും വെടിവയ്പുകളുടേയും "ശുദ്ധീകരണങ്ങളു"ടേയും നായകനായ ബെറിയ ഇന്നു് താൻ കുഴിച്ച കുഴിയിലേക്കുതന്നെ അയക്കപ്പെടുന്നതിനെപ്പററി മറിച്ചെന്താണു പറയേണ്ടതു്? കൊലമരക്കാരൻതന്നെ ഒടുവിൽ കൊലമരത്തിന്മേൽ കയറേണ്ടിവരുന്നു. ആരാച്ചാർതന്നെ മറെറാരു ആരാച്ചാരുടെ വാളിനുമുമ്പിൽ തല കാട്ടേണ്ടിവരുന്നു. "ശുദ്ധീകരണക്കാരൻ" തന്നെ "ശുദ്ധീകരിക്ക"പ്പെടേണ്ടിവരുന്നു, "ലിക്വിഡേററർ" തന്നെ ലിക്വിഡേററുചെയ്യപ്പെടുന്നു! അതും ആ ലിക്വിഡേററർ ചിരകാലമായി സ്വീകരിച്ചുപോന്നിട്ടുള്ള കുററപത്രത്തിന്മേൽ!

റഷ്യയിൽ സ്റ്റാലിനുശേഷം നയമാററം ഉണ്ടായിട്ടുണ്ടെന്നു പറയുന്നവരുടെ വിവരമില്ലായ്മ നോക്കൂ!! ഒരു നയത്തിനും അവിടെ മാററംവരുന്നില്ല. "മഹാനായ" സ്റ്റാലിൻെറ അതേ കാലടിപ്പാടുകളിലൂടെത്തന്നെയല്ലേ മലങ്കോവും മുന്നോട്ടുപോകുന്നതു്! ഇന്നലെ റൂയക്കിൻ, ഇന്നു ബെറിയ, നാളെ—?

ഇതാണു് സോഷ്യലിസ്റ്റ് സ്വർഗ്ഗത്തിലെ സ്ഥിതിയെങ്കിൽ, ഞങ്ങൾ ജനുവരി 17-ാംനു-യിലെ മുഖപ്രസംഗത്തിൽത്തന്നെ മറെറാരിടത്തു പറഞ്ഞിരുന്നതുപോലെ "ആർക്കും ഒരിക്കലും രക്ഷയില്ലാത്തതും, ആർക്കും ആരേയും ഒരിക്കലും വിശ്വസിക്കാൻ കഴിയാത്തതും, മകൻ അച്ഛനേയും ഭാര്യ ഭർത്താവിനേയും ഒററിക്കൊടുക്കാൻ നിർബന്ധിക്കപ്പെടുന്നതുമായ ഈ ക്രമ"ത്തെപ്പററി നമുക്കു്, മനുഷ്യർക്കു്, സഹതപിക്കുക. ഈ ക്രമംകെട്ട ക്രമത്തെ ഇങ്ങോട്ടും കെട്ടിയെഴുന്നള്ളിക്കാൻ വെമ്പൽകൊണ്ടു നടക്കുന്ന "പിതൃരാജ്യ"ത്തിൻെറ "കൂലിയില്ലാപ്പട്ടാള"ക്കാരുടെ ബുദ്ധിഗദ്ഭതത്തിൽ നമുക്കു സഹതപിക്കുക.

**ബെറിയായുടെ അധഃപതനത്തെപ്പററി അമേരിക്കൻ പ്രസിഡണ്ടുസ്ഥാനാർത്ഥി**

ഐസനോവറിനെതിരായി ഡെമോക്രാററിക് പാർട്ടിയുടെ സ്ഥാനാർത്ഥിയായി അമേരിക്കൻ പ്രസിഡണ്ടു് തിരഞ്ഞെടുപ്പിനു നിന്ന മി. സ്റ്റീവൻസൺ ലോകവ്യാപകമായ സഞ്ചാരം നടത്തിക്കൊണ്ടിരിക്കുകയാണല്ലോ. അതിനിടയിൽ ഇന്ത്യയിലുംവന്നു രണ്ടുമൂന്നാഴ്ച സഞ്ചരിച്ചു. അദ്ദേഹം ബർലിനിൽ എത്തിയപ്പോഴാണു് ബെറിയായുടെ അധഃപതനം സംഭവിച്ചതു്. അതിനെപ്പററി തൻെറ അഭിപ്രായം പത്രറിപ്പോർട്ടറന്മാരോടു് പ്രകാശിപ്പിച്ചതിങ്ങനെയാണു്:- "റഷ്യയിലെ മൂവരിൽ രണ്ടുപേർകൂടി മൂന്നാമനെ അടിപ്പെടുത്തുമ്പോൾ അവിടെ എന്തോ കുഴപ്പമുണ്ടെന്നു നിഷ്പ്രയാസം പറയാം." ബെറിയായുടെ ബഹിഷ്കരണം താഴെപ്പറയുന്ന മൂന്നിൽ ഏതെങ്കിലും ഒരു കാരണംനിമിത്തമായിരിക്കണം എന്നദ്ദേഹം ഊഹിക്കുന്നു. 1)റഷ്യയിൽ ഒരു പുതിയ നയം ഏർപ്പെടുത്തിയതിൻെറ അടയാളമാകാം. 2) പഴയനയം തിരസ്കരിച്ചതിൻെറ ലക്ഷണമാണെന്നു വരാം. 3) വൻതോക്കുകളുടെയിടയിൽ അധികാരക്കുത്തകയ്ക്കുള്ള വടംവലിയാകാം ഒരുപക്ഷേ.

**ഡോക്ടർ സിൻഹാ കമ്മ്യൂണിസ്റ്റ് ജർമ്മനിയിലെ സംഭവവികാസങ്ങളെ നേരിട്ടുകണ്ടറിഞ്ഞു**

ഇന്ത്യൻ പാർലമെൻററിലെ ഒരു സാമാജികനായ ഡോക്ടർ സത്യനാരായണസിൻഹാ കിഴക്കെ ജർമ്മനി സന്ദർശിച്ചശേഷം ഈ ജൂലൈ 11-ാംനു-യാണു് മടങ്ങിയെത്തിയതു്. ബോംബേപ്രദേശ് കോൺഗ്രസ്സ് കമ്മിററിയുടെ പ്രസിഡണ്ടു് നൽകിയ ഒരു പാർട്ടിയിൽവച്ചു് തൻെറ സന്ദർശനവിവരങ്ങൾ അദ്ദേഹം നൽകുകയുണ്ടായി. കിഴക്കെ ജർമ്മനിയിൽ അദ്ദേഹം എത്തിയതു് അവിടെ ഈയിടെ ബഹളങ്ങൾ നടന്നതിൻെറ തലേദിവസമാണു്. ആ സംഭവങ്ങളെപ്പററി അദ്ദേഹം പ്രകാശിപ്പിച്ച അഭിപ്രായങ്ങൾ ഇങ്ങനെയായിരുന്നു:-

"വിപ്ലവമെന്നോ, സ്വാതന്ത്ര്യത്തിനായുള്ള സമരമെന്നോ അതിനെ നിങ്ങൾ വിളിച്ചുകൊള്ളുക. 1942- ആഗസ്റ്റിൽ നമുക്കിവിടെയുണ്ടായ അനുഭവങ്ങൾ ഇന്നു് കിഴക്കെ ജർമ്മനിയിലും കിഴക്കെ യൂറോപ്പിലുള്ള റഷ്യയുടെ ഉപഗ്രഹരാജ്യങ്ങളിലും ആവർത്തിക്കപ്പെടുകയാണു്. അധീനതയിലിരിക്കുന്ന ഈ ഭൂഭാഗങ്ങളിലുള്ള ജനങ്ങളുടെയിടയിൽ യഥാർത്ഥമായ ഉണർവുണ്ടായിരിക്കുന്നു." അദ്ദേഹം ഇങ്ങനെ തുടന്നു:- "കിഴക്കെ ജർമ്മനിയിൽ സോവ്യററു ടാങ്കുകളും സോവ്യററു് പട്ടാളവും വളരെയധികം നിലയുറപ്പിച്ചിരുന്നു. ജർമ്മൻകാർക്കു് വിദേശീയഭരണത്തോടു് ആഴമായ അമർഷം ഉള്ളതായും വിദേശീയ ഭരണാധികാരികളോടു്, റഷ്യക്കാരാകട്ടെ, അമേരിക്കാക്കാരാകട്ടെ, മറേറതുരാജ്യക്കാരാകട്ടെ, അവർക്കു് യാതൊരു സ്നേഹവും ഇല്ലാത്തതായി അദ്ദേഹം കണ്ടു. കിഴക്കെ ജർമ്മൻ വിപ്ലവത്തിനുമുമ്പു് യൂറോപ്പിലും പുറമേയും ഒരു ധാരണയുണ്ടായിരുന്നു; ഉപഗ്രഹരാജ്യങ്ങളിലെ 110 ഡിവിഷൻസൈന്യങ്ങൾ സോവ്യററു് റഷ്യയുടെ സ്വാധീനത്തിലാണെന്നു്. അടിയന്തിരഘട്ടങ്ങളിൽ ഈ സൈന്യഡിവിഷനുകളെ സോവ്യററു് റഷ്യക്കു് ഇനിമേലിൽ ആശ്രയിക്കാൻ സാദ്ധ്യമല്ലെന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം. കിഴക്കെ യൂറോപ്പിൽ ഭക്ഷ്യങ്ങളുടേയും കണ്ട്റോളുകളുടേയും നില അസഹ്യമായതുകൊണ്ടു് ജനങ്ങളുടെ മനോഭാവം വിദേശീയരുടെ നുകത്തെ വലിച്ചെറിയുവാനും തങ്ങളുടെ സ്വാതന്ത്ര്യത്തെ സ്ഥാപിക്കാനുമാണു്.

ഈ രാജ്യങ്ങളിൽനിന്നു് വേഗമോ താമസിച്ചോ, താമസിച്ചെന്നതിനെക്കാൾ വേഗത്തിൽ, സോവ്യററു് റഷ്യക്കു പിൻവലിയേണ്ടിവരുമെന്നാണു് തൻെറ അഭിപ്രായമെന്നു് ഡൊക്ടർ സിൻഹാ പറഞ്ഞു. കിഴക്കെ ജർമ്മനിയിൽ താൻ കേട്ടതനുസരിച്ചു്, റഷ്യയിൽ നേതൃത്വത്തിനായുള്ള ഒരു സമരം മുറയ്ക്കു നടക്കുന്നുണ്ടു്. തന്മൂലം ബെറിയാ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടതിൽ തനിക്കാശ്ചര്യമില്ല. മോസ്കോയിൽ ആധിപത്യത്തിനുവേണ്ടിയുള്ള ആഭ്യന്തരസമരം കിഴക്കെ യൂറോപ്പിലെ ജനങ്ങൾ ഉണരുകയും ബഹളം ഉണ്ടാക്കുകയും ചെയ്യുന്നതിനുള്ള അടയാളം കൊട്ടുകലായിരുന്നു. സ്വയം വിമോചിക്കുവാൻ അവർ തീരുമാനിച്ചിരിക്കുന്നതായിട്ടാണു് അദ്ദേഹം കണ്ടതു്. ബ്രിട്ടീഷ്കാർക്കെതിരായുള്ള ഇന്ത്യയുടെ സമരം, റഷ്യയുടെ സായുധശക്തിക്കെതിരായി സമരം ചെയ്യാൻ നിരായുധരായ യൂറോപ്പിലെ ജനങ്ങൾക്കു് ഉത്തേജനം നൽകിയിരിക്കുന്നു. ആ രാജ്യങ്ങളിൽ റഷ്യയുടെ ആധിപത്യം പാലിച്ചുകൊണ്ടു പോകുവാൻ റഷ്യൻ ടാങ്കുകൾക്കു് സാധിക്കുകയില്ലെന്നാണു് അദ്ദേഹം വിചാരിക്കുന്നതു്. സ്വാതന്ത്ര്യപരമായ പരിഷ്കാരങ്ങൾ അനുവദിക്കുകയും സ്വയംഭരണം ഏർപ്പെടുത്തുകയും ചെയ്യാത്തപക്ഷം ആ പ്രദേശങ്ങളിൽനിന്നു് പിൻതിരിയാതെ റഷ്യക്കു ഗത്യന്തരമില്ല. സ്വയംഭരണം അനുവദിക്കുകയെന്നതു് സ്വേഛാധിപത്യത്തിനു് സാദ്ധ്യമല്ലല്ലോ.


സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കു പുറമെ | " 8—0—0 |


മാർ ഇവാനിയോസ് തിരുമനസ്സിലെ

## കബറടക്കം

തിരുവനന്തപുരം മെത്രാപ്പോലീത്താ മാർ ഇവാനിയോസ് തിരുമേനിയുടെ കബറടക്കകർമ്മങ്ങൾ ജൂലൈ 17-ാംനു- വൈദികമേലദ്ധ്യക്ഷന്മാർ, വൈദികർ, കന്യാസ്ത്രീകൾ, മന്ത്രിമാർ, ഉദ്യോഗസ്ഥാനുദ്യോഗസ്ഥരടക്കം ആയിരക്കണക്കിനു ജനങ്ങളുടെ സാന്നിദ്ധ്യത്തിലും സഹകരണത്തിലും പൗരസ്ത്യാചാരപ്രകാരമുള്ള ശുശ്രൂഷകളോടുകൂടി നടത്തപ്പെട്ടിരിക്കുന്നു. രാവിലെ പാളയം സെൻറ് മേരീസ് കത്തീഡ്റൽ ദേവാലയത്തിൽ പാലാ മെത്രാൻ ഡോക്ടർ വയലിൽ തിരുമനസ്സുകൊണ്ടു് പൊന്തിഫിക്കൽ കർബാനയർപ്പിച്ചു. എട്ടുമണിയോടുകൂടി മൂന്നുമ്മേൽ കർബാനയുമാരംഭിച്ചു. ദിവ്യബലികൾക്കുശേഷം ചങ്ങനാശേരി മെത്രാൻ ഡോ. കാവുകാട്ടു തിരുമേനി ഹൃദയസ്പൃക്കമായ വിധത്തിൽ ചരമപ്രസംഗം നടത്തി. അതേത്തുടന്നു് നഗരികാണിക്കൽ ചടങ്ങു നടന്നു. പത്തുമണിക്കാരംഭിച്ച വിലാപയാത്രയിൽ നാനാജാതി മതസ്ഥരായ പതിനായിരത്തിലധികം ആളുകൾ കറുത്ത ബാഡ്ജുകൾ ധരിച്ചുകൊണ്ടു് സംബന്ധിക്കുകയുണ്ടായി. 12 മണിക്കു് വിലാപയാത്ര പട്ടത്തു് എത്തിച്ചേർന്നു. അവിടെ പുതുതായി പണിയുന്ന ഭദ്രാസനദേവാലയത്തിൻെറ മദ്ബഹായിൽ പ്രത്യേകം തയാർചെയ്തിരുന്ന കല്ലറയിൽ തിരുമേനിയുടെ മൃതദേഹം അടക്കംചെയ്തു. വരാപ്പുഴമെത്രാപ്പോലീത്ത ഡോ. അട്ടിപ്പേററി തിരുമേനിയും തിരുവനന്തപുരം, തൃശ്ശൂർ, കോട്ടയം, കോട്ടാർ, വിജയപുരം, ചങ്ങനാശേരി, പാലാ, തിരുവല്ല, കൊച്ചി, ആലപ്പുഴ, കൊല്ലം എന്നീ മെത്രാന്മാരും, എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രത്യേകപ്രതിനിധിയായി മോൺ. മാത്യു പോത്തനാമൂഴിയും കബറടക്കശുശ്രൂഷകളിൽ സംബന്ധിക്കുകയുണ്ടായി. തിരുകർമ്മങ്ങൾക്കുശേഷം, സ്ഥലത്തു സന്നിഹിതരായിരുന്ന സാധുക്കൾക്കു അന്നദാനം നടത്തപ്പെട്ടു. മൃതദേഹം കസേരയിൽ ഇരിക്കുന്ന സ്ഥിതിയിലാണു ദേവാലയത്തിൽ പരസ്യബഹുമാനത്തിനായി പ്രദർശിപ്പിച്ചതും കല്ലറയിൽ അടക്കംചെയ്തതും.

## അനുശോചന സന്ദേശങ്ങൾ

മാർ ഇവാനിയോസു തിരുമേനിയുടെ ചരമംപ്രമാണിച്ചു മാർപ്പാപ്പാ തിരുമേനി അയച്ച അനുശോചനസന്ദേശത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "പണിക്കർവീട്ടിൽ ആർച്ചുബിഷപ്പു് മാർ ഇവാനിയോസിൻെറ നിര്യാണത്തിൽ പ. പിതാവു് അഗാധം വ്യസനിക്കുകയും അദ്ദേഹത്തിനു നിത്യശാന്തി നേരുകയും ചെയ്യുന്നു. സീറോ-മലങ്കരറീത്തിലെ മെത്രാന്മാർ, വൈദികർ, വിശ്വാസികൾ എന്നിവർക്കെല്ലാം പ. പിതാവിൻെറ അപ്പസ്തോലിക ആശംസകൾ."

രാജപ്രമുഖൻെറ സന്ദേശം

"ഇവാനിയോസു് തിരുമേനിയുടെ ദേഹവിയോഗവാർത്ത അത്യധികമായ ഖേദഭാരത്തോടുകൂടിയാണു് ഞാൻ വായിച്ചതു്. ഇതു് തിരുവനന്തപുരം അതിരൂപതയ്ക്കോ തിരുമേനിയെ അറിയുന്നവർക്കോ മാത്രമുള്ള ഒരു മഹാനഷ്ടംമാത്രമല്ല; അതു് എൻെറ കുടുംബത്തിലെ അംഗങ്ങൾക്കും എനിക്കുമുള്ള വ്യക്തിപരമായ ഒരു നഷ്ടമാണു്. തിരുമേനിയെ കഴിഞ്ഞ അനേകവർഷങ്ങളായി ഞങ്ങൾക്കു് അടുത്തറിയാം. തിരുമേനി എന്നും ഞങ്ങളുടെ ആത്മാർത്ഥതയുള്ള ഒരു സുഹൃത്തായിരുന്നു. ആകയാൽ ശോകപൂർണ്ണമായ ഈ സന്ദർഭത്തിൽ ഞങ്ങളുടെ ഹൃദയംഗമമായ അനുശോചനം സദയം സ്വീകരിച്ചാലും."

എറണാകുളം മെത്രാപ്പോലീത്താതിരുമനസ്സിലെ സന്ദേശം

"സഭാനഭോമണ്ഡലത്തിലെ സമുജ്ജ്വലതാരവും, പുനരൈക്യപ്രസ്ഥാനത്തിൻെറ പ്രണേതാവും പ്രശസ്ത വൈദികാദ്ധ്യക്ഷനുമായ നമ്മുടെ പ്രിയപ്പെട്ട ആർച്ചുബിഷപ്പു് മാർ ഇവാനിയോസ് തിരുമനസ്സുകൊണ്ടു് കാലംചെയ്തുവെന്ന വാർത്ത നമ്മെ അത്യധികം സന്തപ്തനാക്കിയിരിക്കുന്നു. തിരുമനസ്സിലേക്കു പരമകാരുണികൻ നിത്യശാന്തി പ്രദാനം ചെയ്യുമാറാകട്ടെ. കബറടക്കചടങ്ങുകളിൽ സന്നിഹിതനാകുവാൻ സാധിക്കാത്തതിൽ ഖേദിക്കുന്നു. നമ്മുടെ വികാരി ജനറാൾ നമ്മുടെ പ്രതിനിധിയായി പ്രസ്തുത ചടങ്ങുകളിൽ സംബന്ധിക്കുന്നതാണു്. നമ്മുടെ ഹൃദയംഗമമായ അനുശോചനങ്ങൾ."

കൂടാതെ കാർഡിനൽ ടിസ്സറൻറു്, കാർഡിനൽ ഗിൽറോയി, കാർഡിനൽഗ്രേഷ്യസ്, കാർഡിനൽ മൂണി (അമേരിക്ക), കാർഡിനൽ കപ്പൂണി(അന്ത്യോക്യ) രാജാജി, ഇൻഡ്യയിലെ വൈദികമേലദ്ധ്യക്ഷന്മാർ തുടങ്ങി പലരിൽനിന്നും അനുശോചനസന്ദേശങ്ങൾ വന്നിട്ടുള്ളതായറിയുന്നു.

## അഡ്മിനിസ്ട്രേററർ

തിരുവനന്തപുരം അതിരൂപതാ കൗൺസിലിൻെറ ഒരു യോഗം ജൂലൈ 18-ാംനു- പട്ടം അരമനയിൽകൂടി, മാർ ഗ്രിഗോറിയോസ് തിരുമേനിയെ അതിരൂപതാ അഡ്മിനിസ്ട്രേറററായി തിരഞ്ഞെടുത്തിരിക്കുന്നു.

## തിരുക്കൊച്ചിവാർത്തകൾ

തിരുക്കൊച്ചി നിയമസഭയിലെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നു

തിരുക്കൊച്ചി നിയമസഭയിലെ അംഗസംഖ്യ 104-ൽനിന്നു 117 ആയി വർദ്ധിപ്പിക്കുവാൻ ഡിലിമിറേഷൻ കമ്മീഷൻ നിർദ്ദേശിച്ചിരിക്കുന്നു.

സർജൻ ജനറൽ

സർജൻ ജനറൽ ഡോക്ടർ ജേക്കബ്ബ് ജൂലൈ 18-ാംനു- പെൻഷൻപററി പിരിയുകയും ഡോക്ടർ വി. ആർ. നാരായണൻനായർ ചാർജെടുക്കുകയും ചെയ്തിരിക്കുന്നു.

—

## ഹിലേർ ബല്ലക്ക് നിര്യാതനായി

ഇംഗ്ലണ്ടിലെ പ്രസിദ്ധ കത്തോലിക്കാ സാഹിത്യകാരനായിരുന്ന മി. ഹിലേർ ബല്ലക് ജൂലൈ 16-ാംനു- 82-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

—

സോവ്യററുമേഖലയിൽ

## ശുദ്ധീകരണ ബഹളം

സോവ്യററു് ആഭ്യന്തരകാര്യമന്ത്രിയായിരുന്ന ബെറിയായുടെ ബഹിഷ്കരണത്തോടുകൂടി സോവ്യററു മേഖലയിൽ വൻതോതിലുള്ള ഒരു "ശുദ്ധീകരണപ്രസ്ഥാനം" ആരംഭിച്ചിരിക്കയാണു്. സ്റ്റാലിൻെറയും ബെറിയായുടേയും ജന്മദേശമായ ജോർജ്ജിയാറിപ്പബ്ളിക്കിലെ ആഭ്യന്തരമന്ത്രിയായ വി ജി. ഡെക്കാനാസോവിനെയും ജോർജ്ജിയൻ കമ്മ്യൂണിസ്റ്റുപാർട്ടി നേതാവായ മാമുലോവിനെയും ഡിസ്മിസ് ചെയ്തിരിക്കുന്നതായി ജൂലൈ16-ാംനു- റിപ്പോർട്ടുചെയ്തിരിക്കുന്നു. ബെറിയായുടെ സുഹൃത്തായിരുന്ന ഡെക്കാനാസോവു് ഒരുകാലത്തു സോവ്യററു്റഷ്യയിലെ ഡപ്യൂട്ടിവിദേശകാര്യമന്ത്രിയായിരുന്നു. മുൻപു് സ്വതന്ത്രമായിരുന്ന ജോർജ്ജിയായെ റഷ്യൻ ജനതയിൽ നിന്നും വേർപെടുത്താൻ ബെറിയായുമായി ഗൂഢാലോചന നടത്തി എന്ന കുററം ഡെക്കാനാസോവിൻെറ മേലും മററു പലരുടെമേലുംചുമത്തപ്പെട്ടിരിക്കുന്നു. സ്റ്റേററു്കൺട്രോൾ വകുപ്പുമന്ത്രിയായ എ.റപ്പാവായെയും കമ്മ്യൂണിസ്റ്റ് കേന്ദ്രകമ്മിററി കുററക്കാരനെന്നു വിധിച്ചിട്ടുണ്ടു്. ജോർജ്ജിയായിലെ ആഭ്യന്തരമന്ത്രിയെ ഡിസ്മിസ്ചെയ്ത വാർത്തപ്രക്ഷേപണം ചെയ്തിട്ടു 24 മണിക്കൂർ കഴിഞ്ഞപ്പോൾ സോവ്യററു് ഫെഡറൽ റിപ്പബ്ളിക്കിൻെറ പ്രമുഖമന്ത്രിമാരിൽ ഒരാളായ പവൽ മെഷിക്കിനെയും ഡിസ്മിസ് ചെയ്തതായി പ്രഖ്യാപിക്കപ്പെട്ടു. അദ്ദേഹത്തിന പകരം അദ്ദേഹത്തിൻെറ മുൻഗാമിയായിരുന്ന സ്ട്രോക്കച്ചിനെ നിയമിച്ചിരിക്കുന്നു. ഇവയ്ക്കുപുറമെ കിഴക്കെ ജർമ്മനിയിലെനിയമവകുപ്പുമന്ത്രി മാക്സ്പെക്നർ സ്റ്റേററിനെതിരായി പ്രവർത്തിച്ചു എന്ന കാരണംപറഞ്ഞു് അദ്ദേഹത്തെയും ഡിസ്മിസ്ചെയ്തു. പകരം പൂർവ്വജർമ്മൻ സുപ്രീംകോർട്ടിൽ വൈസ് പ്രസിഡണ്ടായിരുന്ന ഫ്റാവോ ഹിൽഡെ ബഞ്ചമിനെ നിയമിക്കുകയും, എസ്റ്റോണിയായിലെ നീതിന്യായമന്ത്രിയും റഷ്യൻ വംശജനുമായ ഇവാൻ നീക്കോളയെവിച്ചു് ഉസൻകോയെ പ്രസ്തുതോദ്യോഗത്തിൽ നിന്നും ഡിസ്മിസ് ചെയ്കയും ചെയ്തിരിക്കുന്നതായും റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. അസർബായിജാനിലെ കമ്മ്യൂ. പാർട്ടിയുടെ പ്രഥമ സെക്രട്ടറി മി. ബെയിൽ ഡിബഗിറോവിനെ "ഗുരുതരമായ കൃത്യവിലോപ"ത്തിനു ഡിസ്മിസ് ചെയ്തിരിക്കുന്നതായി ജൂലൈ 18-ാംനു- മോസ്കോ റേഡിയോ പ്രസ്താവിച്ചിരിക്കുന്നു. ബെറിയ ഇതിനകം മരിച്ചിരിക്കണമെന്നാണു് അമേരിക്കൻ സ്റ്റേററ് സെക്രട്ടറി മി. ഡള്ളസിൻെറ അഭ്യൂഹം.

ചെറുകഥ

# മറിയാമ്മയുടെ ജപമാല

(എൻ. എക്സ്. കുര്യൻ ബി. ഏ. ബി. എൽ)

II

പാരം ചലം ഭവസുഖം ഭുവിയിങ്കലെന്ന
സാരോക്തിയോർത്തു വെടിഞ്ഞ വധൂടിവൃന്ദം
ആരാലമന്നവരമാശ്രമവാസപുണ്യം
ആരാലഹോ പാവതിന്നു കഴിഞ്ഞിടുന്നു?

കവിപുരം കന്യകാലയം പവിത്രതയ്ക്കും ആ മഠംവക പാഠശാല പെൺകുട്ടികൾക്ക് ജീവിതത്തിൽ ജയംവരിക്കുന്നതിനുതകുന്ന അഭ്യസനപരിശീലനങ്ങൾക്കും പ്രസിദ്ധിനേടിയതായിരുന്നു. ശാസ്ത്രപരമായ പാഠങ്ങൾക്കും പുറമേ സാഹിത്യം, സംഗീതം, നർത്തനം, ഗൃഹഭരണം, പരിചരണം, പാചകം, തയ്യൽ, നട്ടുവളർത്തൽ മുതലായി കലാപരമായ വിഷയങ്ങളിലും അവർക്ക് പ്രായോഗികപരിശീലനം പ്രദാനംചെയ്തുമിരുന്നു. ഈ പാഠശാലയുടെ പരിശുദ്ധിയും, പ്രായോഗികപാഠപദ്ധതികളും അറിഞ്ഞതുകൊണ്ടാണ്, പരിഷ്കൃതാശയനും അന്ന് പണക്കാരനുമായിരുന്ന പിതാവു വിദൂരമായ കവിപുരത്തേക്ക് വിദ്യാഭ്യാസത്തിനായി കുഞ്ഞമ്മയെ അയച്ചതു്. കുഞ്ഞമ്മയുടെ അമ്മയുടെ ജപമാലഭക്തി നാം കണ്ടുവല്ലോ. ഈ കുമാരി ഇതിലും ഉപരിയായി ഈ ഭക്തിപ്രചുരിമയുടെ പ്രായോഗികനിദർശനമായിരുന്നു. മാതാവിൻെറ മാറിൽ വിളങ്ങുന്നതായി അവൾ ദർശിച്ച ആ കൊന്തമാല സ്വന്തം പിഞ്ചുകൈകൾ നീട്ടി പിടിച്ചുകൊണ്ടല്ലാതെ ഒരിക്കലും തങ്ങളുടെ സ്വന്യം അവൾ നുകർന്നിട്ടില്ല. അമ്മ നൽകിയ "അമ്മിഞ്ഞി"യോടുകൂടി, ലോകമാതാവിൻെറ അനുഗ്രഹപീയൂഷം വർഷിപ്പിക്കുന്ന ജപമാലയുടെ ആദ്ധ്യാത്മികഭക്ഷണവും പോഷിപ്പിച്ചുപോന്ന ഈ യോഷാമണി, കൊന്തഭക്തിയുടെ പ്രേഷിതയായി ഭവിച്ചതിൽ എന്താണത്ഭുതപ്പെടുവാനുള്ളതു്? മഠത്തിലെ പഠിത്തംകഴിഞ്ഞു സ്വന്തം ഭവനാന്തഃപുരത്തിൽ, ഒരു കുലീനകന്യകയ്ക്ക് അനുയോജ്യമായ ശാലീനചര്യകളിൽ ജീവിച്ചുപോന്ന ഈ കുമാരീകുസുമത്തിൻെറ ഗുണാതിരേകങ്ങളുടെ ഒരു ലാഞ്ഛനം മാത്രമാണ് നാം ഇതുവരെ ദർശിച്ചതു്. അവയുടെ വികസനവും, ഈ യുവതിയുടെ മാനസികവും ശാരീരികവുമായ സൗകുമാര്യവും അദ്ധ്യാപികയെന്ന നിലയിലുംമററും അവൾ വർത്തിക്കുന്ന ആശ്രമത്തിൻെറ പവിത്രാന്തരീക്ഷത്തിൽ സൽഫലസംദായകമായി ഭവിക്കുന്നതെങ്ങനെയെന്നു് നോക്കാം. ഒരു പുരാതനകുടുംബത്തിലാണ് അവൾ ജനിച്ചതു്. കുടുംബത്തിൻെറ പുരാതനത്വം പവിത്രതയ്ക്കു് നിദാനമാകാം. ("Nobility of birth is a gift of God") അതുപോലെ തന്നെ മ്ലേച്ഛതയ്ക്കു് നിദാനവുമാകാം. അങ്ങനെയുള്ള കുടുംബത്തെപ്പററിയാണു് "Nobility means corruption and that corruption, the corruption of the best is the worst". അങ്ങനെയുള്ള സ്ഥലങ്ങളിലാണ് തോട്ടംമൂത്തു് പിച്ചിലുണ്ടാകുന്നതു്. പാരമ്പര്യം പാപാചാരങ്ങളേയും, ബലം അഹങ്കാരത്തേയും, പണം മദ്യാസക്തിയേയും പോഷിപ്പിക്കുന്ന കുടുംബങ്ങൾ കുടുംബത്തിൻെറയും സമുദായത്തിൻെറയും കണ്ണകുടാരങ്ങളാണ്. എന്നാൽ പാരമ്പര്യം പഠിപ്പിക്കുന്ന പാവനഗുണങ്ങളെ പോഷിപ്പിക്കുന്ന കുടുംബാംഗങ്ങൾ സാമ്പത്തികചക്രത്തിൻെറ ആരോഹണാവരോഹണങ്ങളിൽ പണക്കാരല്ലാതെ ഭവിച്ചേക്കാമെങ്കിലും ഗുണവാന്മാരല്ലാതെ ഭവിക്കയില്ല. മംഗലത്തുകുടുംബത്തിൻെറ പുരാതനത്വം മഹനീയഗുണങ്ങളുടെ വിളനിലമായിരുന്നതുകൊണ്ടു്, ഈ കുമാരിയുടെ കുടുംബത്തിൻെറ പൗരാണികത്വവും അവൾക്കു ഗുണദായകമായി ഭവിച്ചു എന്നു പ്രസ്താവിച്ചതാണ്. അതെങ്ങനെയുമിരിക്കട്ടെ, ദൈവഭക്തരും ഗുണപുഷ്ടരുമായ പൂർവ്വന്മാരിൽനിന്നും ലഭിച്ച ശേഷികളെ പോഷിപ്പിക്കുന്നതിനു് സഹായിക്കുന്ന സാമ്പത്തികസാഹചര്യങ്ങളും ആദ്യകാലങ്ങളിൽ അവൾക്കു് സുലഭങ്ങളായിരുന്നു. അങ്ങനെയിരിക്കെപ്പോഴാണു് അവളുടെ കുടുംബത്തിനു പണസംബന്ധമായ അത്യാഹിതങ്ങൾ സംഭവിച്ചതും കവിപുരം മഠത്തിലെ സ്കൂളിലെ അദ്ധ്യാപികയായി അവൾ ജീവിതരംഗം മാററിയതും. ആശ്രമത്തിൽ അധിവാസമാക്കിയശേഷം പഠിപ്പിക്കുന്നതിനു മാത്രമല്ല കൂടുതൽ കൂടുതൽ പഠിക്കുന്നതിനും അവൾ അതീവതല്പരയായിരുന്നു. എന്നു മാത്രമല്ല തൻെറ പഠിത്തത്തേയും പാടവത്തേയും പ്രായോഗികമാക്കി അവൾ പ്രദർശിപ്പിക്കയും ചെയ്തിരുന്നു. ആശ്രമാരാമത്തിൽ തഴച്ചു തളിരിട്ടു വളന്ന പുഷ്പലതാദികൾ അവൾ നേതൃത്വംവഹിച്ച നതാംഗിമാരുടെ കരപല്ലവങ്ങളുടെ പരിചരണഫലമായിരുന്നു. ചാപ്പലിൽ അൾത്താരയുടെ ചമൽക്കാരസംവിധാനങ്ങൾ കുഞ്ഞമ്മയുടെ മഞ്ജുളമനോധർമ്മം നയിച്ച കന്യാജനത്തിൻെറ നിർമ്മലകരകൗശലങ്ങളുടെ നിദർശനമായിരുന്നു. മഠംപള്ളിയിൽ മാത്രമല്ല, മടപ്പള്ളിയിലെ പാചകങ്ങളിലും കുഞ്ഞമ്മയുടെ കൈയും മെയ്യും കടന്നുചെല്ലുമായിരുന്നു എന്നാൽ ഇവയൊന്നുമല്ല നമ്മുടെ ശ്രദ്ധയെ ആകർഷിക്കാൻ പോകുന്നതു്. ആയതെന്താണെന്നു പ്രസ്താവിക്കാം. പെൺപള്ളിക്കൂടങ്ങളുടെ വാർഷികപ്രധാനാഘോഷങ്ങളിൽ ഒന്നു്, "രക്ഷാകർതൃദിന"മഹോത്സവമാണല്ലോ. അവിടത്തെ അദ്ധ്യേതാക്കളുടേയും മററും മനോധർമ്മങ്ങളേയും, കലാപരമായ വാസനകളേയും പ്രകടീകരിപ്പിച്ചു് മാതാപിതാക്കളേയും മററു ബന്ധപ്പെട്ടവരേയും കാണിച്ചു്, അവരെ പ്രീണിപ്പിച്ചു്, കലാലയത്തോടും കുട്ടികളോടുമുള്ള അഭിനന്ദനങ്ങൾക്കു് അവരെ പാത്രീഭൂതരാക്കേണ്ട സന്ദർഭവുമാണതു്. യാഥാർത്ഥ്യം ആലോചിച്ചാൽ ഒരു കലാലയത്തിൻെറ വാർഷികപ്പരീക്ഷയെക്കാൾ അതിലെ അദ്ധ്യാപികാദ്ധ്യേതാക്കൾക്കു് ചിലക്കെങ്കിലും ശോഭനമായ ഭാവിജീവിതത്തിനു് മാർഗ്ഗം തെളിക്കുന്ന ഒരു മഹാപരീക്ഷകൂടെയാണിതു്.

പ്രസ്തുത സ്കൂളിൻെറ ഈ വാർഷികോത്സവസമ്മേളനത്തിനുള്ള ചടങ്ങുകളുടെ പരിപാടിയും അതു് നിർവ്വഹിക്കേണ്ട പാത്രങ്ങളുടെ സജ്ജീകരണങ്ങളും പൂർത്തിയായി. സമ്മേളനം ആരംഭിച്ചു, നിശ്ചിതദിവസംതന്നെ. സമ്മേളനഹാൾ മുഴുവൻ ആ ഇടവകയിലെയും പരിസരപ്രദേശങ്ങളിലെയും മാതാപിതാക്കന്മാരെക്കൊണ്ടും മററു് അനുഭാവികളെക്കൊണ്ടും നേരത്തെ നിറഞ്ഞുകഴിഞ്ഞു. വാർഷികാഘോഷത്തിലെ പ്രധാനചടങ്ങു് ഒരു സംഗീതനാടകമായിരുന്നു. ഒരു രാജകുമാരിക്കു് നേരിട്ട അത്യാഹിതങ്ങൾ ഒഴിവാകാൻ ആ കുമാരി ജപമാലരാജ്ഞിയുടെ അഭയം തേടി അനുഗ്രഹങ്ങൾ പ്രാപിക്കുന്നതായിരുന്നു അതിലെ ഇതിവൃത്തം. അതിലെ പ്രധാന പാർട്ടു് രാജകുമാരിയുടേതായിരുന്നു ആ പാർട്ടെടുത്തു് ആക്ററു ചെയ്യുവാൻ പററിയതായി ഒരേ ഒരാൾ മാത്രമേ ആ സ്കൂളിൽ ഉണ്ടായിരുന്നുള്ളൂ. അതു കുഞ്ഞമ്മയല്ലാതെ മററാരുമായിരുന്നില്ല. സ്വതേ സുന്ദരിയായ കുഞ്ഞമ്മ രാജകുമാരിക്കു് അനുയോജ്യമായ അംബരാഡംബരഭൂഷാപരിവേഷിതയായി ആ ഭാഗം അഭിനയിക്കാൻ തുടങ്ങി. നിർമ്മലമായ മനസ്സിൻെറ നിദർശനമായ അവളുടെ മുഖാരവിന്ദത്തിലെ ശോകരസം കാണികളെ കാതരചിത്തരാക്കി. പാണിപത്മങ്ങൾ കൂപ്പി, ആ കൂപ്പുകൈയിൽ ജപമാല ധരിച്ചുകൊണ്ടും അക്ഷികളെ അർദ്ധോന്മീലിതങ്ങളാക്കിയും വക്ത്രത്തെ മേല്പോട്ടുയർത്തിയുംകൊണ്ടുള്ള അവളുടെ പ്രാർത്ഥനാകീർത്തനങ്ങൾ കാണികളെ ഭക്തിമാർഗ്ഗത്തിൽ ലയിപ്പിച്ചു. വസന്തകോകിലത്തിൻെറ സ്വരമാധുര്യത്തോടുകൂടെ അവൾ ഗാനംചെയ്തു; വൈജയന്തിമാലയുടെ നടനകലാവൈദഗ്ദ്ധ്യത്തോടുകൂടി അവൾ നർത്തനംചെയ്തു ഈ സന്ദർഭത്തിൽ കാണികൾക്കുണ്ടായ ആനന്ദാനുഭവങ്ങൾ അവർണ്ണനീയങ്ങളായിരുന്നു. ആ യുവതിയിൽ അന്തർലീനമായി അജ്ഞാതമായി ശയിച്ചിരുന്ന ചമൽക്കാരത്തിൻെറ ചാതുര്യശക്തികളെ സന്ദർഭത്തിൻെറ ആഹ്വാനങ്ങൾ തട്ടിയുണർത്തിയപ്പോൾ കുലീനതയുടെ വിനമ്രമാധുരിയിൽ തന്മയത്വത്തോടുകൂടി അവൾ പ്രദർശിപ്പിച്ചു. നാടകം അതിൻെറ നടുനായകരംഗത്തിലെത്തി. ഭക്തിരസപ്രകടനത്തിൻെറ കലാപരമായ മൂർദ്ധന്യത്തിലേക്കു് അവൾ സകല കഴിവുകളും ഉപയോഗിച്ചു് കയറിച്ചെന്നു. ആ ഉന്നതസങ്കേതത്തിൽ അവളുടെ ഭക്തോദ്ധൂതഹൃദയം ദർശിച്ച മഹനീയദർശനത്തെ സംഗീതനടനകലകളുടെസകലപാടവങ്ങളും പ്രയോഗിച്ചു്, സദസ്യരുടെ തരളിതകരളുകളിലേക്കു് അവൾ പ്രകടീകരിച്ചു പകന്നു. സൂര്യനെ ഉടയാടയാക്കിയും ചന്ദ്രക്കലയിൽ പാദങ്ങൾ അർപ്പിച്ചും, നക്ഷത്രമാല കിരീടമാക്കിയും, നരകുലത്തിൻെറ പാപപരിഹാരത്തിനും, സന്താപശാന്തിക്കുംവേണ്ടി സ്വപുത്രനായ രാജാധിരാജനോടു ജപമാല കരങ്ങളിൽ ധരിച്ചുകൊണ്ടു പ്രാർത്ഥിക്കുന്ന ത്രിലോകരാജ്ഞിയുടെ ചിത്രണമായിരുന്നു, കുമാരി, തൻെറ കലാചാതുരികൊണ്ടു കാണികളുടെ മുമ്പിൽ ആലേഖനം ചെയ്തതു്. നർത്തനസമന്വിതയായി, ആശ്രമത്തിലെ ദേവാംഗനാസമകളായ കന്യാജനങ്ങളുടെ സംഗീതോപകരണങ്ങളുടെ സാഹായ്യത്തോടുകൂടി അവൾ ഗാനം ചെയ്തു. അതിലെ പദങ്ങൾക്കൊപ്പിച്ചു്, പാണി ചരണാദികൾ വിന്യസിപ്പിച്ചു്, അവൾ നർത്തനം ചെയ്യുകയും ചെയ്തു. ആ കീർത്തനമിതായിരുന്നു.

(സംസ്കൃതവൃത്തം — വേദാദ്ധ്യയവുമാ എന്നമട്ടിലും പാടാം)

അരുണാമല-കിരണാവലി-
പരിപാവന-വസനം,
അരമക്കല-ശുഭപാദുക-യുഗ
ശൃംഖല-മകുടം;
കരതാരതിൽ-അതിശോഭവ-
ജപമാലിക-വിമലം;
ഇതി മേ വിന-കരുണാകരി-മ
റിയം-മമശരണം!

ആ കുമാരിയുടെ കാഞ്ചനകങ്കണങ്ങളുടെ കണിതങ്ങളോടും, ചെഞ്ചേവടികളിലെ മഞ്ജീരശിഞ്ജിതങ്ങളുടെ "ഝം, ഝണം"ങ്ങളോടും സമ്മിളിതമായ ഈ നർത്തനകീർത്തനം നിർജ്ജംഗണത്തിൻെറ സനാതനസംഗീതനിർഝരികയുടെ ഒരു പരമാനന്ദപ്രവാഹംപോലെ ആ അരുമക്കുമാരിയുടെ കളകണ്ഠനാളത്തിൽനിന്നും പൊട്ടിപ്പുറപ്പെട്ടു്, കാണികളുടെ കണ്ണുകളിലേക്കും കരളുകളിലേക്കും പ്രവഹിച്ചപ്പോൾ അവരിൽ പലരും താങ്ങാൻ വഹിയാത്ത ആനന്ദതാരള്യത്തിനു് വിധേയരായി.

എന്നാൽ ലോകർ ഭിന്നരുചികളും ഭിന്നാഭിപ്രായക്കാരുമാണല്ലോ. സദസ്സിൽ അപ്പോൾ അലതല്ലിയ ആനന്ദാഭിനന്ദനകല്ലോലങ്ങൾക്കിടയിൽ ഒരിടത്തു നിന്നെങ്കിലും അല്പമൊരു വിപരീതവിമർശനം ഉയരാതിരുന്നില്ല. സദസ്സിൽ പിറകുവരികളിൽ ഇരുന്ന രണ്ടു സ്നേഹിതന്മാർ, രണ്ടുപേരും പരിഷ്കാരികൾ, ഒരാൾ "പുരോഗമന"ക്കാരൻ മററയാൾ പഴമയേയും ആദരിക്കുന്നവൻ, തമ്മിൽ താഴെപ്പറയുന്ന സംഭാഷണം നടന്നു.

ഒരാൾ: "ഈ പെൺകുട്ടി മിടുക്കി, എങ്കിലും കുറേ കടന്നുപോയില്ലേ. കിട്ടിയിരുന്നെങ്കിൽ, സിനിമാനടിയാക്കി ധാരാളം പണം സമ്പാദിക്കാമായിരുന്നു. കണ്ടില്ലേ അവളുടെ ആട്ടം, പാട്ടിരിക്കട്ടെ. കത്തോലിക്കാ പെൺകുട്ടികൾ ആടുകയോ? അതും മഠത്തിൻെറ പരിസരത്തിൽ!"

അപരൻ: "കത്തോലിക്കാ പെൺകുട്ടികൾ മഠത്തിൻെറയും കുടുംബത്തിൻെറയും പാവനാന്തരീക്ഷത്തിലല്ലേ ആടേണ്ടതു്? അല്ലാതെ സിനിമാരംഗങ്ങളിലാണോ? ഹേ, തനിക്കെന്താണിത്ര കണ്ണുകടി! എവിടെയാണു് പറഞ്ഞിരിക്കുന്നതു് നമ്മുടെ പെൺകുട്ടികൾ, നർത്തനം അഭ്യസിക്കരുതെന്നും നൃത്തം ചെയ്തുകൂടെന്നും?"


ആദ്യത്തെയാൾ: "ഓഹോ, അവർക്കു ഭക്തകൃത്യങ്ങളിലുംഇവ പ്രയോഗിക്കാം എന്നാണല്ലേ താങ്കളുടെ അഭിപ്രായം?"

അപരൻ: "പുരോഗമന" സാഹിത്യങ്ങൾ വായിച്ചു തലതിരിഞ്ഞുപോയ താൻ, ആ ബൈബിൾ എടുത്തൊന്നു വായിക്കു. പഴയനിയമവും പുതിയനിയമവും. തന്നെപ്പോലെയുള്ള മുടിയന്മാരായ പുത്രന്മാരുടെ മടങ്ങിവരവിൻെറ ആഘോഷങ്ങളിൽ ആ നല്ലപിതാവു നൃത്തവും നടത്തിച്ചില്ലേ. രാജർഷി ദാവീദ്, ആ ഗായകകവി, വാഗ്ദത്തപെട്ടകത്തിൻെറ മുമ്പിൽ എന്താണു് ചെയ്തതു? തൻെറ സകല കഴിവുകളും ഉപയോഗിച്ചു പാടുകമാത്രമല്ല ആടുകയുംചെയ്തു. യഥാർത്ഥ വാഗ്ദാനപേടകമായ കന്യാമാതാവിനെ സ്തുതിച്ചു് ആ യുവതി പാടിയതും ആടിയതും കണ്ടിട്ടു് നിങ്ങളെന്തിനാണു്, ആ മഹാരാജാവിൻെറ പത്നിയെപ്പോലെ ശാപാർഹമായ ആക്ഷേപവിമർശനത്തിനു ഒരുങ്ങുന്നതു്. താൻ കണ്ടുകൊൾക, മാതാവു് അവളെ അനുഗ്രഹിക്കുന്നതു്."

അല്ല, നാം എവിടെയായി? തെററിദ്ധരിക്കണ്ട, നാം ആ നാടകരംഗത്തിൽത്തന്നെയാണു്. ആ നാടകത്തിനിടയിൽ നടന്ന ചില അന്തർനാടകങ്ങളെ സംബന്ധിച്ചും പ്രസ്താവിക്കാതെ ഈ കഥ അതിൻെറ പരിണാമത്തിൽ എത്തുകയില്ല. അതുകൊണ്ടു് ആ ഹാളിലെ മറെറാരു രംഗത്തിലേക്കു് നമ്മുടെ ശ്രദ്ധയെ ഒന്നു നയിക്കാം. രാജകുമാരി—കുഞ്ഞമ്മ, ദൈവമാതാവിനോടു പ്രാർത്ഥിക്കയല്ലേ ചെയ്യുന്നതു്. ആവുന്നത്ര അവൾ അതു ചെയ്തുകൊള്ളട്ടെ.

ആ സമ്മേളനഹാളിൻെറ മുന്നണിസീററിൽ ഒരു കുടുംബത്തിലെ പിതാവും മാതാവും നാടകത്തിലും രാജകുമാരിയുടെ ഗാനത്തിലും അഭിനയത്തിലും ലയിച്ചു് ആനന്ദഭരിതരായി അങ്ങനെ സ്ഥിതിചെയ്യുന്നു. ആ കുടുംബനാഥൻ മററാരുമല്ല, മാണിക്കമംഗലമെന്ന പ്രഭുകുടുംബത്തിലെ നാഥനായ വക്കിയച്ചനാണു്. അദ്ദേഹത്തിൻെറ ദയിത കുഞ്ഞേലിയാമ്മയാണു് സമീപെ ഇരിക്കുന്നതു്. സമ്പത്തുകൊണ്ടും സന്മാർഗ്ഗനിഷ്ഠകൊണ്ടും അവരെ ജയിക്കത്തക്ക കുടുംബക്കാർ ആ പ്രദേശങ്ങളിലെങ്ങുമില്ല. ദൈവഭക്തിയും ദീനാനുകമ്പ

The portable with FULL-SIZE usefulness!
HERMES 2000
• Lightning margin
• Fully automatic tabulation
• Choice of distinctive type styles
• Fast, energy-saving touch
• Special devices for rapid underlining and quick, clean corrections.
'Best Buy in Portables'




Available with full service and spare parts from: VOLKART BROTHERS

VOLKART BROTHERS
P. O. Box No. 3, Cochin-1
Offices at: Alleppey, Kozhikode, Mangalore, & Tellicherry

ക്കു സുപ്രസിദ്ധയുമായ കുഞ്ഞേലിയാമ്മ, രാജകുമാരിയുടെ അഭിനയങ്ങളും ഗാനങ്ങളും അനുഭൂതമാക്കിയ ആനന്ദത്തിൽ ലയിച്ച് വക്കിയച്ചനോട് പറകയാണ്: "ഈ പെൺകുഞ്ഞതാണ്, ഇത്ര നലംതികഞ്ഞ ഒരു പെൺകുട്ടിയെ എന്റെ ജീവിതത്തിനിടയിൽ ഞാൻ കണ്ടിട്ടില്ല. അവളുടെ സൗന്ദര്യം ഹാ! സാമർത്ഥ്യങ്ങളോ, എങ്ങനെ പറയാനാണ്? അവ ഇരിക്കട്ടെ. മാതാവിനോടുള്ള അവളുടെ ഭക്തി കണ്ടോ? അങ്ങോട്ടു കയറിച്ചെന്ന് അവളെ പിടിച്ചു തഴുകാൻ എനിക്കു തോന്നിപ്പോകുന്നു."

(തുടരും)


# ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

ക്ലിപ്തബാദ്ധ്യതയോടുകൂടി 1938-ൽ തിരുവിതാംകൂർ-കൊച്ചിയിൽ രജിസ്റ്റർചെയ്യപ്പെട്ടതു്.

## ഹെഡ് ഓഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ: ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

| | | |
|---|---|---|
| അധികൃതമൂലധനം. | രൂ. | 10,00,000—0—0 |
| വാഗ്ദത്തമൂലധനം. | " | 6,00,000—0—0 |
| പിരിഞ്ഞുകിട്ടിയ മൂലധനം. | " | 5,95,750—0—0 |

## ഡയറക്ടേഴ്സ്

1. ശ്രീ പോൾ വറുഗീസ് ബി. എ., ബി. എൽ., ചങ്ങനാശേരി (ചെയർമാൻ)
2. " കുഞ്ചെറിയാ കെ. പുരക്കൽ, പുളിങ്കുന്നു്
3. " തോമസ് റ്റി. കുരിയാളശ്ശേരിൽ, ചമ്പക്കുളം
4. " ഡോമിനിക്ക് ജോസഫ് കുരുവിനാക്കുന്നേൽ, ഇടമററം, ഭരണങ്ങാനം
5. " മൈക്കൾ എ. കള്ളിവയലിൽ ബി. എ., കൊണ്ടൂപറമ്പിൽ, വിളക്കുമാടം
6. " തോമസ് റ്റി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി
7. " മൈക്കൾ ജെ. കള്ളിവയലിൽ ബി. എസ്സ് സി, കാളകെട്ടി (സെക്രട്ടറി)
8. " കുഞ്ചെറിയാ റ്റി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി (മാനേജിംഗ് ഡയറക്ടർ)


# ബാലപാഠം

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

ചായമിട്ട ചിത്രങ്ങൾ കാണുമ്പോൾ അതൊന്നുകൂടി നോക്കാൻ തോന്നാറില്ലേ? മഴവില്ല് നിങ്ങൾ കണ്ടിട്ടില്ലേ? അതു നോക്കിക്കൊണ്ടിരിക്കാൻ സുഖം തോന്നുന്നുണ്ടോ? എല്ലാനിറങ്ങളും അതിൽ അടങ്ങിയിട്ടുണ്ട്. പൊതുവെ വർണ്ണങ്ങൾ കണ്ണിനു് സുഖംതരുന്നു. പലനിറങ്ങളുണ്ടല്ലോ, ചുവപ്പ്, പച്ച, മഞ്ഞ, കറുപ്പ്, നീലം ഇങ്ങനെ. അതിൽ നിങ്ങൾക്കു് കൂടുതൽ ഇഷ്ടമുള്ള നിറമേതാണ്? സ്വയംഒന്നു ചോദിച്ചു നോക്കൂ അധികം പേരും പറയും, അറ ക്കിഷ്ടം പച്ചയാണെന്ന്. അതു ഏറെക്കുറെ ശരിയാണ്. കണ്ണിനും കരളിനും കൂടുതൽ സന്തോഷം കൊടുക്കുന്ന നിറം പച്ചയാണ്. പ്രകൃതി നോക്കൂ പച്ചപിടിച്ച കുന്നുകളും മേടുകളും കാണാനെന്തുസുഖം. പച്ചിലകളെക്കൊണ്ടു പൊതിഞ്ഞുനില്ക്കുന്ന വൃക്ഷങ്ങളും ചെടികളും വള്ളികളും പടപ്പുകളും ഹോ കണ്ണിനെന്തുസുഖം തരുന്നു ഇല്ലേ? നിങ്ങൾ മുററത്തിറങ്ങിയൊന്നു ചുററും നോക്കൂ. നിങ്ങളുടെ ചുററും ധാരാളം ഇലകളോടുകൂടിയ വൃക്ഷങ്ങളും ചെടികളും ഉണ്ടോ?

നല്ല വെയിലുള്ളപ്പോൾ നിറയെ ഇലകളുള്ള ഒരു വൃക്ഷത്തിന്റെ തണലിൽ ഇരിക്കുക എത്ര ആശ്വാസമാണ്. നിങ്ങൾ പലരും വേനലിൽ വൃക്ഷച്ഛായയിൽ വിശ്രമിച്ചിട്ടുണ്ടാവും. എന്നാ ആ ഇലകൾ വെയിൽകൊള്ളുമ്പോൾ അവയ്ക്കു് വേദനിക്കുന്നില്ലേ? ചുട്ടുഴുന്ന രശ്മികളാണ് ഇലകളിൽ അടിക്കുന്നതെങ്കിലും അതിന്റെ തണലിൽ വിശ്രമിക്കുന്നവർക്കു തണുപ്പാണല്ലോ തോന്നുന്നതു്. കാരണമെന്തെന്നു് നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? സൂര്യപ്രകാശത്തിൽ നിന്നും ജീവാംശമടങ്ങിയ ശക്തി വലിച്ചെടുക്കുവാൻ പച്ചിലകൾക്കേ കഴിയൂ. ആ ഇലകൾ സംഭരിക്കുന്ന ജീവചൈതന്യമാണ് നമുക്കും മററു ജീവജാലങ്ങൾക്കും അനുഭവിക്കാൻ കഴിയുന്നു. പച്ചിലകളില്ലാത്ത സ്ഥലങ്ങളിൽ ജീവിക്കുക വളരെ പ്രയാസമാണ്. അതിനാൽ ധാരാളം വൃക്ഷങ്ങളും ചെടികളും നമ്മുടെ ചുററുമുണ്ടായിരിക്കേണ്ടതു് ജീവിതത്തിനു് അത്യാവശ്യമാണ്. നമ്മുടെ ജീവനു് ചൈതന്യം നൽകുന്ന വൃക്ഷലതാദികൾ ഭൂമുഖത്തു ഒഴിച്ചുകൂടാവുന്നതല്ല.

ഇന്നു് നമ്മുടെ നാട്ടിലെ സ്ഥിതി എന്താണ്? നമ്മുടെ ചുററും വളരെ അപൂർവ്വമായേ പച്ചപിടിച്ച കാഴ്ചകാണാൻ കഴിയുന്നുള്ളു. ധാരാളം വൃക്ഷങ്ങൾ വീണ്ടുവിചാരമില്ലാതെ ആളുകൾ വെട്ടിവീഴ്ത്തി അനേകംചെറുചെടികൾ ആളുകൾ വെട്ടിച്ചുട്ടു ചാമ്പലാക്കി. നമ്മുടെ രാജ്യരക്ഷയ്ക്കു് ഏററവും ആവശ്യമായിരിക്കുന്ന വനങ്ങൾപോലും ഇന്നു് പറെറവടിച്ച തലപോലെ ശൂന്യമായിക്കിടക്കയാണ്. ഇങ്ങനെ അങ്ങു മുന്നോട്ടുപോയാൽ നമ്മുടെ ജീവിതചൈതന്യത്തിനു് വലിയ കേടുതട്ടും. അതിനാൽ കുഞ്ഞുങ്ങളെ ഒരു കാര്യം ഉദ്ബോധിപ്പിക്കുവാൻ കുഞ്ഞമ്മാവൻ തുടങ്ങുകയാണ്.

അതായതു്, കുട്ടികളെല്ലാവരും അവരവരുടെ പുരയിടങ്ങളിൽ ധാരാളം വൃക്ഷങ്ങൾ നട്ടുവളർത്താൻ ഇപ്പോഴേ തുടങ്ങണം. വർഷക്കാലമാണല്ലോ. കിട്ടാവുന്നിടത്തോളം ഫലവൃക്ഷങ്ങളുടെ തൈകൾ നിങ്ങൾ സമ്പാദിക്കണം. അവ സൗകര്യമുള്ള സ്ഥാനങ്ങളിൽനടണം. ഇക്കാര്യങ്ങളിൽ നിങ്ങൾക്കു് പരസ്പരമത്സരബുദ്ധി തന്നെയുണ്ടാകുന്നതു നന്നു്. കൂടുതൽ കൂടുതൽ ഫലവൃക്ഷങ്ങൾ നട്ടുവളർത്തണം എന്നായിരിക്കണം ഓരോ കുട്ടിയുടേയും ആഗ്രഹം. വീട്ടിലുള്ള രക്ഷാകർത്താക്കളും ഈ വിഷയത്തിൽ നിങ്ങളെ സഹായിക്കാതിരിക്കയില്ല. കൃഷിചെയ്യേണ്ടതും വൃക്ഷം നടേണ്ടതുമൊക്കെ പ്രായമായവരുടെ തൊഴിലാണെന്നു വിചാരിക്കരുതു്. കുഞ്ഞുങ്ങൾ ഫലവൃക്ഷങ്ങൾ വെച്ചു വളർത്തുന്നകാര്യത്തിൽ മുൻകൈയെടുക്കണം. അങ്ങനെ നിങ്ങൾ ഉത്സാഹപൂർവ്വം ചെയ്യുന്നെങ്കിൽ നിങ്ങളുടെ ഭാവി സജീവവും ചൈതന്യപൂർണ്ണവുമായിരിക്കും.

നിങ്ങൾ വൃക്ഷത്തൈകൾ നട്ടാൽ മാത്രം പോരാ അവ ആടുതിന്നാതെയും പശുകടിക്കാതെയും നോക്കണം. വളമിടണം വേണ്ടിവന്നാൽ ഉണങ്ങാതെ നനച്ചുകൊടുക്കണം. അമ്മ കുഞ്ഞിനെ വളർത്തുംപോലെ നിങ്ങൾ നടുന്ന ഫലവൃക്ഷങ്ങളെ സ്വന്തമായി നിങ്ങൾ വളർത്തണം.

ബാലപാഠം വായിക്കുന്ന ഓരോകുഞ്ഞും ഈരണ്ടു ഫലവൃക്ഷത്തൈകൾ ഉടനെ നട്ടു എന്നറിവാൻ കുഞ്ഞമ്മാവനു് ആഗ്രഹമുണ്ടു്.

നിങ്ങളുടെ
സ്വന്തം കുഞ്ഞമ്മാവൻ.



"കൂടുതൽ കൂടുതൽ ഫലവൃക്ഷങ്ങൾ നട്ടുവളർത്തണം എന്നായിരിക്കണം ഓരോ കുട്ടിയുടേയും ആഗ്രഹം"

## നിങ്ങൾക്ക് അറിയാമോ?

ഈരണ്ടു വിശുദ്ധരുടെ പേരുകൾ താഴെ കൊടുക്കുന്നു. അവർ തമ്മിലുള്ള ബന്ധം എന്തെന്നറിയാമോ?

1) വി. മോനിക്കയും വി. ആഗസ്തീനോസും.
2) സ്വീഡനിലെ വി. ബ്രിജിത്തയും സ്വീഡനിലെ വി. കത്രീനയും.
3) വി. കോസ്മോസും വി. ദമിയാനോസും.
4) വി. ബെനദിക്തോസും വി. സ്കൊളാസ്തിക്കയും.
5) വി ബസീലിയോസും നിസായിലെ വി. ഗ്രിഗോരിയോസും.
6) അസീസിയിലെ വി. ക്ലാരയും അസീസിയിലെ വി. ആഗ്നസും.
7) വി. ചെച്ചിലിയയും വി. വലേരിയനും.
8) ശ്ലീഹന്മാരായ വി. യോഹന്നാനും വലിയ യാക്കോബും.

ഉത്തരം

1) അമ്മയും മകനും
2) അമ്മയും മകളും
3) സഹോദരന്മാർ
4) സഹോദരനും സഹോദരിയും
5) സഹോദരന്മാർ
6) സഹോദരിമാർ
7) ഭാര്യയും ഭർത്താവും
8) സഹോദരന്മാർ

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത. താമസിച്ചതിൽ മാപ്പപേക്ഷിക്കുന്നു.

ത്രേസ്യ വി. വി.,
നായരമ്പലം

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

കെ. സി. വക്കി,
നായരമ്പലം

---

# പുസ്തകാഭിപ്രായം

## നീറുന്ന നിലവിളി

[ഫാദർ തോമസ് മണക്കാട്ട്, കാത്തലിക്ക് മിഷൻ പ്രസ്സ്, കോട്ടയം. പേജ് IV + 43. വില 10 ണ.]

അത്ഭുതപ്രവർത്തനംമൂലം ഇക്കാലത്തു വിഖ്യാതയായിത്തീർന്നിട്ടുള്ള വിശുദ്ധ ഫിലോമിനായുടെ ജീവിതത്തെ അധികരിച്ചുള്ള ഒരു ലഘുഗ്രന്ഥമാണ് "നീറുന്ന നിലവിളി." വിടാഗ്രേസരനായിരുന്ന ഡയോക്ലീഷൻ ചക്രവർത്തി ആ രാജപുത്രിയുടെ സൗന്ദര്യകാന്തിയാൽ ആകൃഷ്ടനായി ആ ബാലികയെ വശീകരിക്കുന്നതിനു ശ്രമിക്കുന്നു. പ്രേരണകൾക്കു വിധേയയാകാതിരുന്ന ഫിലോമിനായെ കുടിലഹൃദയനായിരുന്ന ചക്രവർത്തി ക്രൂരപീഡനങ്ങൾക്കു് ഇരയാക്കുന്നു. തന്റെ കന്യാത്വത്തെ ക്രിസ്തുനാഥനു സമർപ്പിച്ചുകഴിഞ്ഞിരുന്ന ആ രാജകന്യക ആ പീഡനങ്ങളെ ധൈര്യപൂർവ്വം സഹിച്ച് കന്യാത്വത്തെ സംരക്ഷിച്ചുകൊണ്ടു് വീരമരണം പ്രാപിക്കുന്നു—ഇതാണു കഥ. കന്യാത്വത്തിന്റേയും ചാരിത്രശുദ്ധിയുടേയും മാഹാത്മ്യത്തെ നിസ്സാരീകരിച്ചുകൊണ്ടുള്ള പ്രണയകഥകൾ പുരോഗമനസാഹിത്യമെന്ന വ്യാജനാമത്തിൽ ധാരാളം പ്രചരിച്ചുവരുന്ന ഇക്കാലത്തു് അവമൂലമുണ്ടാകുന്ന വലുതായ ദോഷത്തെ പരിഹരിക്കുവാൻ "നീറുന്ന നിലവിളി" പോലെയുള്ള ഗ്രന്ഥങ്ങൾ വളരെ ഉപകരിക്കും.

(A. V. T.)

## പത്താംപീയൂസ്

[തോമ്മസ്സ് കളം എസ്സ്. ജെ, സേവിയർ പ്രസ്സ്, കോഴിക്കോട്. പേജ് 202. വില 1 ക. 6 ണ]

ഈശോസഭാംഗമായ ഫാദർ കളത്തിൽ 1931-ൽ പ്രസിദ്ധീകരിച്ച "പത്താംപീയൂസ്" പാപ്പായുടെ ജീവചരിത്രത്തിന്റെ പരിഷ്കരിച്ച രണ്ടാംപതിപ്പാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നതു്. ദിവ്യകാരുണ്യത്തിന്റെ പാപ്പാ എന്ന പേരിൽ വിഖ്യാതനായിരിക്കുന്ന പത്താം പീയൂസിനു് പുണ്യപട്ടം നൽകുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ ഈ പരിഷ്കരിച്ച പതിപ്പിന്റെ പ്രസിദ്ധീകരണം സവിശേഷം സ്വാഗതാർഹമായിരിക്കുന്നു. പുണ്യശ്ലോകനായ ഈ മാർപ്പാപ്പായെപ്പററി കൂടുതലായി അറിയുന്നതിനു് പൊതുജനങ്ങൾ ഇത്തരുണത്തിൽ ഔത്സുക്യം പ്രകടിപ്പിക്കുക സഹജമാണ്. അവരുടെ ജിജ്ഞാസാപൂരണത്തിനു പര്യാപ്തമായവിധം പത്താംപീയൂസിന്റെ ജീവിതം സംബന്ധിച്ച വിവരങ്ങൾ സാമാന്യം വിശദമായി ഇതിൽ പ്രതിപാദിച്ചിട്ടുണ്ടു്.

അതീവദരിദ്രനായി ജനിച്ച ഒരു ഗ്രാമീണബാലൻ ദൈവപരിപാലനയുടെ അഗ്രാഹ്യമായ പ്രവർത്തനംമൂലം ജീവിതത്തിൽ പടിപടിയായി ഉയർന്നു് പത്രോസിന്റെ സിംഹാസനത്തിൽ ഉപവിഷ്ടനാകുന്നതും ആ പുണ്യശ്ലോകൻ മരണാനന്തരം ധന്യനെന്നു് തിരുസഭയാൽ ഔദ്യോഗികമായി പ്രഖ്യാപനം ചെയ്യപ്പെടുന്നതുമായ സംഗതികൾ 24 അദ്ധ്യായങ്ങളിലായി ഈ ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നു. പുണ്യശ്ലോകരും ത്യാഗസമ്പന്നരുമായ വൈദികർക്കു്, ഇന്നു വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ലൗകായതികത്വത്തേയും വിശ്വാസക്ഷയത്തേയും ധാർമ്മികാധഃപതനത്തേയും ഫലപ്രദമായി തടയുവാൻ സാധിക്കുമെന്നു് പത്താംപീയൂസിന്റെ ജീവചരിത്രം തെളിയിക്കുന്നു. സാധാരണക്കാർക്കുപോലും ഗ്രഹിക്കത്തക്കവിധം ലളിതവും അക്ലിഷ്ടവുമായ ഭാഷാരീതി ഈ ഗ്രന്ഥത്തിന്റെ രാമണീയകം വർദ്ധിപ്പിച്ചിരിക്കുന്നു. മഹച്ചരിതങ്ങൾ വിരളമായിരിക്കുന്ന കൈരളിക്കു് ഗണ്യമായ ഒരു സമ്പാദ്യമാണ് ഈ വിശിഷ്ടഗ്രന്ഥം.

(A. V. T.)

സുപ്രസിദ്ധങ്ങളായ 3 സിദ്ധൗഷധങ്ങൾ

നിംബാസവം, ദ്രാക്ഷാഘ്റതം, ശാരിബാതൈലം

കൂടുതൽ വിവരങ്ങൾ "അറിയേണ്ടും കാര്യങ്ങൾ" എന്ന പുസ്തകത്തിൽ.

കാളൻ, നെല്ലായി

വിമർശനവീഥി

# കമ്മ്യൂണിസ്റ്റ് യൂറോപ്പിലെ

## പുതിയ സംഭവവികാസങ്ങൾ

കമ്മ്യൂണിസ്റ്റ് ഗവർമ്മെൻറിന്റെ കീഴിലുള്ള കിഴക്കെ ബർലിനിലും കിഴക്കെ ജർമ്മനിയുടെ മററു ഭാഗങ്ങളിലും നടന്നുകൊണ്ടിരുന്ന സാമൂഹ്യവും സാമ്പത്തികവുമായ മർദ്ദനങ്ങളും നിയന്ത്രണങ്ങളും സഹിക്കവഹിയാതെ ആയിരക്കണക്കിനു തൊഴിലാളികൾ പണിമുടക്കങ്ങളും അക്രമപ്രസക്തമായ പ്രകടനങ്ങളും നടത്തിയതും, പോലീസും പട്ടാളവും ടാങ്കുകളും സായുധകാറുകളും യന്ത്രത്തോക്കുകളും ഉപയോഗിച്ച് പ്രകടനക്കാരെ അമർച്ചചെയ്യാൻ ശ്രമിച്ചതും, പണിമുടക്കങ്ങൾക്കും പ്രകടനങ്ങൾക്കും കാരണമാക്കിയ തങ്ങളുടെ തെററുകൾ പ്രധാനമന്ത്രിയും കമ്മ്യൂണിസ്റ്റ് പാർട്ടിനേതാക്കളും പരസ്യമായി ഏററുപറഞ്ഞതും, വ്യവസായവും കൃഷിയും മററും സംബന്ധിച്ച് കമ്മ്യൂണിസ്റ്റാദർശപ്രകാരം നടപ്പിലാക്കിയിരുന്ന സമ്പ്രദായങ്ങൾക്ക് ഗത്യന്തരമില്ലെന്നു കണ്ടു് ഗവർമ്മെൻറും കമ്മ്യൂണിസ്റ്റുപാർട്ടിയും സാരമായ ഭേദഗതികൾ വരുത്തിയതും മററും മുൻ ഒരു ലക്കത്തിൽ വിവരിച്ചിരുന്നല്ലോ.

### കമ്മ്യൂണിസ്റ്റ് ചെക്കൊസ്ലോവാക്കിയായിലെ തൊഴിലാളികളുടെ പണിമുടക്കുപ്രകടനങ്ങൾ

റഷ്യയുടെ പിടിയിലും കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ഭരണത്തിലും അമർന്നുകഴിഞ്ഞിരിക്കുന്ന ചെക്കൊസ്ലോവാക്കിയായിലും തൊഴിലാളികൾ ഗവർമ്മെൻറിനെതിരായി പണിമുടക്കങ്ങളും പ്രകടനങ്ങളും നാടാകെ നടത്തുകയുണ്ടായി. കമ്മ്യൂണിസ്റ്റുപാർട്ടിസംഘടനകളും കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള ട്രേയ്ഡ് യൂണിയനുകളും അവയിൽ പങ്കെടുത്തവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു. പണിമുടക്കുകാരുടെ കൂട്ടത്തിൽപ്പെട്ട ചില കമ്മ്യൂണിസ്റ്റുകാർ അവരുടെ പാർട്ടിചിഹ്നങ്ങൾ വലിച്ചു നിലത്തെറിഞ്ഞു. പങ്കെടുത്ത ട്രെയ്ഡ് യൂണിയനുകളെ "ശുദ്ധീകരിക്കു"മെന്നു് ചെക്കൊസ്ലോവാക്കിയായിലെ പ്രസിഡൻറ് സപ്പോട്ടോക്കി പ്രഖ്യാപിച്ചു. പിൽസനിലുള്ള സ്കോഡാ ആയുധഫാക്ടറിയിൽ അക്രമവും രക്തംചിന്തലും മരണവും നടന്നതായി ആ സ്ഥലത്തെ "പ്രവ്ദാ" എന്ന പത്രം റിപ്പോർട്ടുചെയ്തു. "ലെനിൻ വർക്ക്സ്" എന്ന ഫാക്ടറിയിലെ വേലക്കാർ സോവ്യററുപതാകയെ അവമാനിച്ചെന്നും സ്റ്റാലിൻേറയും മുൻചെക്കൊസ്ലോവാക്കിയൻ പ്രസിഡൻറ് ഗൊട്ട് വാൾഡിൻേറയും പടങ്ങൾ നിലത്തിട്ടു ചവുട്ടിയെന്നും ആ പത്രത്തിന്റെ റിപ്പോർട്ടിൽ കണ്ടു. എത്ര പ്രകടനക്കാരെ "ലിക്വിഡേററു്" ചെയ്തെന്നു് പ്രവ്ദാ പറഞ്ഞിരുന്നില്ലെങ്കിലും അഭയാർത്ഥികളുടെ റിപ്പോർട്ടനുസരിച്ച് ലഹളയിൽ പങ്കെടുത്ത 6 തൊഴിലാളികളുടെ മേൽ വധശിക്ഷ നടത്തി. ഒസ്ട്രാവിയാ എന്ന സ്ഥലത്തു് മൂന്നു വേലക്കാരെ വധിച്ച പട്ടാളഗണത്തിൽപ്പെട്ട ഒരു സ്ത്രീയെ പണിമുടക്കിയ ഖനിത്തൊഴിലാളികൾ തല്ലിക്കൊന്നു.

### ലഹളയ്ക്കു കാരണം നാണയ പരിഷ്കരണം

കഴിഞ്ഞ മേയ് 30-ാംനു- ഗവർമ്മെൻറും കമ്മ്യൂണിസ്റ്റുപാർട്ടിയും ഒരു നാണയപരിഷ്കരണം ഏർപ്പെടുത്തി. അതിന്റെ ഫലമായി വ്യവസായ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം സാധനങ്ങളുടെ ചില്ലറവില്പനവില ഇരട്ടിച്ചു. വിലക്കൂടുതൽ അതിലും കഠിനമായി മററു ജനവർഗ്ഗങ്ങളേയും ബാധിച്ചു. മുമ്പിലത്തെക്കാൾ 4 മണിക്കൂറിലധികം ഒരുറാത്തൽ വെണ്ണവാങ്ങാനും, 2 മണിക്കൂറിലധികം ഒരു റാത്തൽ മാംസം വാങ്ങാനും ഒരു ശരാശരി തൊഴിലാളി ജോലി ചെയ്യേണ്ടതായി വന്നിരിക്കുന്നു. സാമാന്യമായി പറഞ്ഞാൽ നാണയപരിഷ്കരണത്തിന്റെ ഫലമായി വിലപൊന്തിയതിനാൽ പല വേലകളും ഇരട്ടിസമയം ചെയ്തെങ്കിലേ മുമ്പു ലഭിച്ചിരുന്ന സാധനങ്ങൾ വാങ്ങുവാൻ തൊഴിലാളികൾക്കു സാധിക്കുന്നുള്ളു. സാധനങ്ങളുടെ വിലവ്യത്യാസം നാണയപരിഷ്കരണത്തിനു് മുമ്പും പിമ്പുമുള്ളതു്, വേലസമയമനുസരിച്ച് എത്രമാത്രമാണെന്നു്, മാതൃകയ്ക്കായി താഴെ കൊടുക്കുന്ന പട്ടികയിൽനിന്നു കാണാം.

| സാധനം | മുമ്പ് (മിനിട്ട്) | പിമ്പ് (മിനിട്ട്) |
|---|---|---|
| (കമ്പ്)അപ്പം | 8 | 16 |
| ഗോതമ്പുപൊടി | 17 | 34 |
| പഞ്ചസാര | 18 | 78 |
| പശുവിറച്ചി | 54 | 121 |
| വെണ്ണ | 50 | 240 |

മധ്യവർഗ്ഗക്കാരും ഫാക്ടറിവേലക്കാരല്ലാത്ത തൊഴിലാളികളുമാണു് ഏററവുമധികം കഷ്ടതയിലായതു്. മററു വേലക്കാരെക്കാൾ അവർക്കു് നിലവിലുള്ള വരുമാനവും പുതിയ വിലക്കൂടുതലും തമ്മിൽ പൊരുത്തമുണ്ടാക്കുവാൻ ഒട്ടും കഴിവില്ലാതായിരിക്കുന്നു.

ചെക്കൊസ്ലോവാക്കിയായിലെ ഗവർമ്മെൻറുത്തരവിനെതിരായുള്ള ഈ പണിമുടക്കങ്ങളും പ്രകടനങ്ങളും ലഹളകളുമാണു് കിഴക്കേ ജർമ്മനിയിലെ കമ്മ്യൂണിസ്റ്റ് ഗവർമ്മെൻറിനെതിരായി ഉയരുവാൻ അവിടത്തെ തൊഴിലാളികൾക്കു് പ്രേരണ നൽകിയതെന്നു പറയപ്പെടുന്നു. വരാൻപോകുന്ന ആപത്തു് മുൻകൂട്ടി കണ്ടിട്ടായിരിക്കണം കിഴക്കെ ജർമ്മനിയിലെ കമ്മ്യൂണിസ്റ്റുഗവർമ്മെൻറു് സാമ്പത്തികവ്യവസ്ഥിതിയിൽ തൊഴിലാളികൾക്കനുകൂലമായ ഭേദഗതികൾ വരുത്താൻ തുടങ്ങിയതു്. പക്ഷെ അതൊന്നും വകവയ്ക്കാതെ അവിടത്തെ തൊഴിലാളികൾ ഗവർമ്മെൻറിന്റെ മർദ്ദനസമ്പ്രദായങ്ങൾക്കെതിരായി പ്രതിഷേധിക്കുകയാണുണ്ടായതു്. ജർമ്മനിയിലെ ഈ സംഭവവികാസങ്ങളെ തുടർന്നു്, കമ്മ്യൂണിസ്റ്റ് പിടിയിലിരിക്കുന്ന ഹംഗറിയിലും കമ്മ്യൂണിസ്റ്റ് ഭരണസമ്പ്രദായങ്ങൾക്കു് സാരമായ മാററങ്ങൾ വരുത്തിയിരിക്കുന്നതായി കാണുന്നു. അതു താഴെ വിവരിക്കാം.

### ഹങ്കറിയിലെ കമ്മ്യൂണിസ്റ്റ് ഗവർമ്മെൻറും മർദ്ദനഭരണത്തിൽ അയവുവരുത്തുന്നു

പ്രധാനമന്ത്രിയായിരുന്ന മത്യാസ് റെക്കോസിയെ തൽസ്ഥാനത്തുനിന്നു നീക്കംചെയ്തു. പകരം കമ്മ്യൂണിസ്റ്റുപാർട്ടി പൊളിററ്ബ്യൂറോയിലെ അംഗമായ ഇമ്രേനാഗി പ്രധാനമന്ത്രിയായി നിയമിക്കപ്പെട്ടു. വിദേശകാര്യം, പ്രതിരോധം, കൃഷി മുതലായ വകുപ്പുകളിലേക്കും പുതിയ മന്ത്രിമാരെ നിയമിച്ചു. ഹങ്കേറിയൻ പൊളിററ്ബ്യൂറോയിലും വലിയ മാററങ്ങളും വരുത്തി. കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ജനറൽ സെക്രട്ടറി സ്ഥാനം നിർത്തൽചെയ്തു. ചെക്കൊസ്ലോവാക്കിയായിലെ പ്രധാനമന്ത്രിയായ സ്ലാൻസ്കിയെ സ്ഥാനഭ്രഷ്ടനാക്കുകയും, റുമേനിയൻ വിദേശകാര്യമന്ത്രിയായിരുന്ന അന്നാപാക്കറെ പുറത്താക്കുകയും ചെയ്തതും ഈ പ്രകൃതത്തിൽ സ്മർത്തവ്യമാണു്.

### പഴയ നയത്തിൽ വരുത്തുന്ന ഭേദഗതികൾ

പുതിയ ഗവർമ്മെൻറ് വരുത്താനുദ്ദേശിക്കുന്ന മാററങ്ങളെപ്പററി പുതിയ പ്രധാനമന്ത്രി നാഷണൽ അസംബ്ളിയിൽ ഒരു പ്രസംഗം ചെയ്തു: വലിയ രാഷ്ട്രീയകുററങ്ങൾക്കല്ലാതെ തടങ്കലിൽ പാർപ്പിച്ചിരിക്കുന്നവരെ മോചിപ്പിക്കുന്നതിനുള്ള ബില്ല് ഉടനടി അസംബ്ളിയിൽ അവതരിപ്പിക്കും. ആ നിയമം അനുസരിച്ച് സ്പെഷൽ തടങ്കൽ പാളയങ്ങൾ അടച്ചുപൂട്ടും. ചില പ്രത്യേകജോലികൾ ചെയ്തുതീർക്കാത്ത കൃഷിക്കാരുടെമേൽ ചുമത്തിയിട്ടുള്ള പിഴ റദ്ദുചെയ്യും. ഈ പിഴ ചുമത്തൽ അന്യായമായിരുന്നെന്നു് അദ്ദേഹം പ്രസ്താവിച്ചു. ഇപ്പോഴത്തെ പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പല കാര്യങ്ങളും ഇന്നത്തെ നിലയിൽ അസാദ്ധ്യമാണു്. ആകയാൽ പദ്ധതിയിൽ മാററങ്ങൾ വരുത്തണം. തൊഴിലാളികളുടെ ജീവിതത്തോതും, സാധാരണജനങ്ങളുടെ സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവുമായ നിലവാരവും ഉയർത്തുന്നതിനു് ആവശ്യമായ നടപടികൾ ഉടനടി സ്വീകരിക്കുവാൻ വേണ്ടതു ചെയ്യും. അടുത്തു വിളവെടുപ്പു കഴിഞ്ഞാലുടൻ സാധനവിലയിൽ വലിയ കുറവുവരുത്താൻ സാധിക്കുമെന്നാണു് അദ്ദേഹത്തിന്റെ പ്രതീക്ഷ.

### സ്വകാര്യഉടമ വീണ്ടും അനുവദിക്കുന്നു

സ്വകാര്യവ്യവസായങ്ങൾ വീണ്ടും അനുവദിക്കുന്നതാണു്. അതിനുവേണ്ടിയുള്ള ലൈസൻസുകൾ നൽകിത്തുടങ്ങും. കൂട്ടുകൃഷി ഏർപ്പാടിൽനിന്നു് പിൻവാങ്ങുന്നതിനു് കൃഷിക്കാരെ അനുവദിക്കും. സ്വകാര്യകൃഷിക്കാരുടെ ഉല്പാദനശ്രമങ്ങൾ രാജ്യപുരോഗതിക്കു് അത്യന്താപേക്ഷിതമാണെന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. ഭൂരിപക്ഷം അംഗങ്ങൾ ആഗ്രഹിക്കുന്നപക്ഷം കാർഷികപരസ്പരസഹായസംഘടനകൾ പിരിച്ചുവിടുന്നതിനു് അനുവദിക്കും.

### നയംമാററത്തിന്റെ ഉദ്ദേശങ്ങൾ

കിഴക്കെ ജർമ്മനിയിലും ചെക്കൊസ്ലോവാക്കിയായിലും ഉണ്ടായമാതിരി ലഹളകൾ ഹങ്കറിയിൽ ഉണ്ടാകാതിരിക്കുന്നതിനാണു് ഇപ്പോഴത്തെ പരിഷ്കാരങ്ങൾ വരുത്തിയിരിക്കുന്നതെന്നു് ബൽഗ്രേഡ് റേഡിയോ അഭിപ്രായപ്പെടുന്നു. ഹങ്കറിയിൽ ഇപ്പോളുണ്ടായിരിക്കുന്ന ഗുരുതരാവസ്ഥ തരണം ചെയ്യുന്നതിനു് ഇപ്പോഴത്തെ ഗവർമ്മെൻറിനു കഴിയുകയില്ലെന്നും, പുതിയ പ്രധാനമന്ത്രി മുൻപ്രധാനമന്ത്രിയെപ്പോലെയെങ്കിലും പൊതുജനസമ്മതിയുള്ള ആളല്ലെന്നും തുടർന്നു പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. "പൊളിററിക്കാ" എന്ന യൂഗോസ്ലാവിയൻ പത്രം പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു വാർത്തയിൽ, ഹങ്കറിയൻ ഗവർമ്മെൻറിനോടു് അവിടത്തെ പൊതുജനങ്ങളുടെയിടയിലുള്ള അതൃപ്തി വളരെ രൂക്ഷമായി വരികയായിരുന്നു എന്നും, വ്യാവസായികപദ്ധതികളും കാർഷികപദ്ധതികളും തകർക്കുന്നതിനു് അവിടെ അടിക്കടി ശ്രമങ്ങൾ നടന്നുകൊണ്ടിരുന്നുവെന്നും പ്രസ്താവിച്ചിരിക്കുന്നു.

"മതപരമായ പ്രശ്നങ്ങളിൽ നാം കൂടുതൽ സഹിഷ്ണുത പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു" എന്നും മി. നാഗി പ്രസ്താവിച്ചു.

### "ടൈംസ് ഓഫ് ഇൻഡ്യാ" പത്രത്തിന്റെ പരാമർശനം

സോവ്യററുറഷ്യയുടെ പിടിയിലിരിക്കുന്ന, കമ്മ്യൂണിസ്റ്റ് ഭരണത്തിൻകീഴിലുള്ള തെക്കുകിഴക്കെ യൂറോപ്പിലെ പ്രസ്തുത സംഭവവികാസങ്ങളെ പരാമർശിച്ച് "ലെനിനെ അമ്പരപ്പിക്കുന്നതു്" (Confounding Lenin) എന്ന ശീർഷകത്തിൽ "ടൈംസ് ഓഫ് ഇൻഡ്യാ" പത്രം കഴിഞ്ഞ ജൂൺ 25-ാം തീയതിയിലെ ലക്കത്തിൽ ഒരു മുഖപ്രസംഗം എഴുതിയിരുന്നു. "വ്യവസായതൊഴിലാളിവർഗ്ഗം കമ്മ്യൂണിസ്റ്റ് വിപ്ലവത്തിന്റെ മൂർച്ചയേറിയ മുനയാണെന്നുള്ള ലെനിന്റെ ചരിത്രപ്രസിദ്ധമായ പ്രസ്താവത്തെ കഴിഞ്ഞയാഴ്ചയിൽ ബർലിനിലേയും കിഴക്കെ ജർമ്മനിയിലേയും തൊഴിലാളികൾ ഖണ്ഡിച്ചിരിക്കുന്നുവെന്നും, അതിനു് അവർ സ്വീകരിച്ച നടപടികൾമൂലം ജർമ്മൻ കമ്മ്യൂണിസ്റ്റുകാർക്കും അവരുടെ റഷ്യൻ യജമാനന്മാർക്കും നിർദ്ദയമായ ഞെട്ടൽ നൽകിയിരിക്കുന്നെന്നും" പറഞ്ഞുകൊണ്ടാണു് മുഖപ്രസംഗം ആരംഭിച്ചിരിക്കുന്നതു്. തുടർന്നു്, ആ പ്രദേശങ്ങളിലെ തൊഴിലാളിപ്രകടനങ്ങളേയും പ്രകടനക്കാരും പോലീസും തമ്മിലുണ്ടായ ഏററുമുട്ടലുകളേയും വിവരിച്ചുകൊണ്ടു് ഒരു ബ്രിട്ടീഷ് ലിബറൽ പത്രത്തിന്റെ ഈ വാക്കുകളുദ്ധരിക്കുന്നു: "തങ്ങളുടെ അധികാരത്തിന്റെ ഉല്പത്തിസ്ഥാനമാണെന്നു് വിചാരിക്കപ്പെടുന്ന വ്യവസായ തൊഴിലാളികളുമായി ഒരു കമ്മ്യൂണിസ്റ്റ് ഗവർമ്മെൻറിനു് അവരുടെ തലസ്ഥാനത്തിലെ തെരുവുകളിൽവച്ച് സമരംചെയ്യേണ്ടിവന്നതു് യുദ്ധത്തിനുശേഷം ഇതു് ആദ്യമായിട്ടാണു്—അതും ബാഹ്യലോകത്തിന്റെ പൂർണ്ണമായ വീക്ഷണത്തിനു് കീഴിൽത്തന്നെ." കിഴക്കെ ജർമ്മനിയിലെ സംഘടിതതൊഴിലാളിപ്രകടനങ്ങൾ പുറമെനിന്നുള്ള ചുരുക്കം ചില പ്രകോപനക്കാരുടെ പണിയാണെന്നുള്ള കമ്മ്യൂണിസ്റ്റുകാരുടെ വ്യാഖ്യാനത്തെ മുഖപ്രസംഗം ഇങ്ങനെ ഖണ്ഡിക്കുന്നു: "പുറമെനിന്നുള്ള കുറെ ഏജൻറന്മാർക്കു്—അങ്ങനെ ആരെങ്കിലും ഉണ്ടായിരുന്നെന്നു് സങ്കല്പിച്ചാലും; ആ സങ്കല്പം സംശയഗ്രസ്തവുമാണു്—കമ്മ്യൂണിസ്റ്റ് ഭരണത്തിലുള്ള ജനസാമാന്യത്തെ ഇത്ര ഉഗ്രമായ പ്രതിഷേധത്തിനു് പ്രേരിപ്പിക്കുവാൻ കഴിഞ്ഞെങ്കിൽ, തങ്ങളുടെ ഭരണം തൊഴിലാളിവർഗ്ഗത്തിന്റെ ഭക്തിവിശ്വാസങ്ങളിൽ അടിയുറച്ചതാണെന്നു് മേലിൽ ഭാവിക്കുവാൻ ഗ്രോട്ടുവാൾ ഗവർമ്മെൻറിനു് സാദ്ധ്യമല്ല." അനന്തരം, ചെക്കൊസ്ലോവാക്കിയായിലെയും ഇരുമ്പുമറയ്ക്കു പിന്നിലുള്ള മററു രാജ്യങ്ങളിലേയും വിലക്കയററം മുതലായ കുഴപ്പങ്ങളും മററും വിവരിച്ചുശേഷം സോവ്യററ് സാമ്പത്തികസമ്പ്രദായങ്ങൾക്കു് തിരിച്ചടി കിട്ടിയിരിക്കുന്നെന്നും, അതു് അവയുടെ പൊള്ളത്തരം വെളിപ്പെടുത്തിയിരിക്കുന്നെന്നും മുഖപ്രസംഗം ചൂണ്ടിക്കാണിക്കുന്നു. ഒടുവിൽ, ചൈനയിലേയും സോവ്യററ്റഷ്യയിലേയും ഭരണാമൂലമുണ്ടായിട്ടുള്ള സാമ്പത്തികനേട്ടങ്ങളെ പർവതീകരിച്ചു കാണിക്കുന്ന സമ്പ്രദായം ഇന്ത്യയിൽ വളരെനാളായി നടക്കുന്നുവെന്നു പറഞ്ഞുകൊണ്ടു്, ഇൻഡ്യാക്കാരോടു് ഈ സംഭവവികാസങ്ങളിൽനിന്നു് വിവേകപൂർവ്വകമായ പാഠം പഠിക്കുവാൻ ഉദ്ബോധിപ്പിക്കുന്നു. "മാർക്സിസ്റ്റ് സാമ്പത്തികനയപരിപാടികളുടെ പരിതാപകരമായ ന്യൂനതകളെ, തല്പരകക്ഷികളുടെ എത്രവലിയ പ്രചാരണത്തിനും സാധിക്കാൻ കഴിയാത്തവിധം, അവ പൊക്കിക്കാണിക്കുന്നുണ്ടു്. പൗരസ്ത്യരാജ്യങ്ങളിലെന്നപോലെതന്നെ യൂറോപ്പിലും കർഷകനാണു് എപ്പോഴും ഏററവുമധികം ഭൂമിബോധമുള്ള സമുദായാംഗം. കൂട്ടുകൃഷിസമ്പ്രദായത്തിന്റെ അധഃപതനോന്മുഖമായ കരിനിഴലിനോടു് കയ്പോടുകൂടിയ അമർഷമാണു് അവനുള്ളതു്. പട്ടണങ്ങളിലെ ഫാക്ടറികളിൽ ഉല്പാദനം കുറഞ്ഞിട്ടുണ്ടെങ്കിൽ, അത്രത്തോളംതന്നെ കുറവു് നാട്ടിൻപുറങ്ങളിലെ കൃഷിസ്ഥലങ്ങളിലും ഉണ്ടായിട്ടുണ്ടു്. കമ്മ്യൂണിസ്റ്റാധീനതയിലുള്ള കിഴക്കെ യൂറോപ്യൻരാജ്യങ്ങളിൽ കമ്മ്യൂണിസം അതിന്റെ സ്വന്തം വൈരുദ്ധ്യങ്ങളുടെ കെട്ടുപിണച്ചിലിൽ കിടന്നു് വിഷമിക്കുകയാണു്. ബർലിനിലെ ദാരുണകഥയിൽനിന്നു് ഈ പാഠമാണു് പഠിക്കേണ്ടതു്. കമ്മ്യൂണിസ്റ്റ് യജമാനന്മാരുടെ പ്രഹരത്തെക്കാൾ ഒട്ടും കുറയാത്തവിധത്തിൽ സാമ്പത്തികവസ്തുതകളുടെ പ്രഹരം അതിനു വിധേയരാക്കപ്പെട്ട ജനസാമാന്യത്തെ യാഥാർത്ഥ്യബോധത്തിലേക്കും എതിർപ്പിലേക്കും ഉണർത്തിയിരിക്കുകയാണു്."

കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങൾ ജനങ്ങൾക്കു പൊതുവിലും, തൊഴിലാളികൾക്കു പ്രത്യേകിച്ചും, അത്യന്തംനാശകരമാണെന്നു താത്വികമായി ചിന്തിച്ചാൽ ഗ്രഹിക്കാവുന്നതാണു്. ആ ചിന്തയ്ക്കു് തയാറില്ലാത്തവരെ കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന നാശങ്ങളുടെ അനുഭവമെങ്കിലും കണ്ണുതുറപ്പിക്കുവാൻ ഉപകരിച്ചിരുന്നെങ്കിൽ!!

———

Sathya Deepam

Vol. 26 Ernakulam July 22 1953 No. 46

# വിവിധവൃത്താന്തങ്ങൾ

### ബാൾട്ടിമോർ ബാൾട്ടിമോറിനെ സഹായിക്കുന്നു

അയർലണ്ടിൽ കോർണ കൗണ്ടിയിൽ ബാൾട്ടിമോർ എന്നു പേരായി ഒരു ചെറിയ ഗ്രാമമുണ്ടു്. കുറേ കൊല്ലങ്ങൾക്കു മുമ്പു വരെ അതു് അവിടത്തെ മീൻപിടുത്തത്തിന്റെ ഒരു വലിയ കേന്ദ്രമെന്നനിലയിൽ അഭിവൃദ്ധിപ്പെട്ടുവരികയായിരുന്നു. എന്നാൽ കടലിലെ പരിവർത്തനങ്ങൾ നിമിത്തം അവിടത്തെ പ്രസ്തുതവ്യവസായം പെട്ടെന്നു് അധഃപതിച്ചു. തൊഴിലില്ലാത്ത ജനങ്ങൾ പലവഴി ചിതറിപ്പോയി. കഷ്ടിച്ചു് ആയിരത്തിനു താഴെ ജനങ്ങളുള്ള ഒരു ദരിദ്രഗ്രാമമായി അതു രൂപാന്തരപ്പെട്ടു. അമേരിക്കൻ ഐക്യരാജ്യത്തിൽ ബാൾട്ടിമോർ എന്ന നാമത്തിൽ ഐശ്വര്യത്തിൽ കളിയാടുന്ന ഒരു മഹാനഗരമുണ്ടു്. ആകയാൽ ഐറിഷ് ബാൾട്ടിമോർ ഗ്രാമവാസികൾ തങ്ങളുടെ ഗ്രാമത്തെ പുനരുദ്ധരിച്ചു് പൂർവ്വസ്ഥിതിയിലെത്തിക്കുന്നതിലേക്കു് അമേരിക്കൻ ബാൾട്ടിമോറിന്റെ സഹായം അഭ്യർത്ഥിച്ചിരിക്കയാണു്. 60 ആയിരം ഡോളർ അതിലേക്കു് നൽകാൻ അമേരിക്കൻ ബാൾട്ടിമോർ ജനങ്ങൾ സമ്മതിച്ചിരിക്കുന്നു. പുനരുദ്ധാരണച്ചെലവിൽ 50 ശതമാനം വഹിപ്പാൻ ഐറിഷ് ഗവർമ്മെൻറും ഏററിട്ടുണ്ടു്.

### വിദേശവിദ്യാഭ്യാസം വർദ്ധമാനമായിക്കൊണ്ടിരിക്കുന്നു

യുനെസ്കോ സംഘടനയുടെ ഒരു സർവ്വേ അനുസരിച്ചു് വിദേശങ്ങളിൽ ഉന്നതപഠനങ്ങൾക്കായി എത്തുന്ന യുവാക്കന്മാരുടെ സംഖ്യ വർദ്ധിച്ചുവരികയാണു്. ഇക്കഴിഞ്ഞ 1951-52 അക്കാഡമിവത്സരത്തിൽ ആകെ 85000 ത്തോളംപേർ വിദേശങ്ങളിൽ പഠനത്തിനു ചെന്നുചേർന്നിട്ടുള്ളതായി കാണുന്നു. ഇതിൽ 30-നായിരവും അമേരിക്കയിലാണു പഠനം നടത്തുന്നതു്. ഫ്രാൻസിലേക്കു് ഒൻപതിനായിരവും, ബ്രിട്ടനിലേക്കു് ആറായിരവും, ഈജിപ്റ്റിലേക്കു നാലായിരത്തഞ്ഞൂറും, മെക്സിക്കോ ജർമ്മനി ഇവയിലേക്കു മൂവായിരംവീതവുമാണു കടന്നുകൂടിയതു്.

### ദരിദ്രന സ്നേഹിതന്മാരോ?

ദരിദ്രനായിരുന്ന ഒരു ഐറിഷ്കാരൻ അമേരിക്കയിലെത്തി സ്വപരിശ്രമംകൊണ്ടു് ഇപ്പോൾ ഒരു കോടീശ്വരനായിത്തീർന്നിരിക്കയാണു്. ചില പത്രറിപ്പോർട്ടറന്മാർ ഈയിടെ അദ്ദേഹവുമായി നടത്തിയ ഒരു സംഭാഷണമദ്ധ്യേ ചോദിച്ചു: "നിങ്ങളുടെ പഴയ സ്നേഹിതന്മാർ പലരും ഇപ്പോൾ നിങ്ങളെ അലട്ടുന്നുണ്ടാകും, ഇല്ലേ?" അദ്ദേഹം തൽക്ഷണം അർത്ഥഗർഭമായി മറുപടി പറഞ്ഞു: "എന്റെ ദരിദ്രാവസ്ഥയിലെ സ്നേഹിതന്മാരോ? അന്നു് ആരും എനിക്കു സ്നേഹിതന്മാരായിട്ടുണ്ടായിരുന്നില്ല!"

### ഉല്ലാസവാനായ കാരാഗൃഹവാസി.

ജർമ്മൻകാരനായ ഫാദർ മാത്യു രൂഫ് എന്ന കത്തോലിക്കാമിഷനറിയെ ചൈനീസ് കമ്മ്യൂണിസ്റ്റുകാർ പിടിച്ചു ബന്ധനത്തിലാക്കി. അഞ്ചുവർഷത്തെ തടവുശിക്ഷയാണു് അദ്ദേഹത്തിനു വിധിച്ചതു്. പ്രതിദിനം 11 മണിക്കൂർ നേരത്തേക്കു് അദ്ദേഹം കഠിനവേല ചെയ്യേണ്ടതുണ്ടായിരുന്നു. കമ്മ്യൂണിസ്റ്റു തടങ്കലുകളിലെ മററു യാതനകളും തുടരെ അനുഭവപ്പെട്ടു. ടൈഫോയിഡും ഡിസെൻററിയും ബാധിച്ചു അവശനായി. ഇതൊക്കെയായിട്ടും അദ്ദേഹം സദാ ഉല്ലാസവാനായി കാണപ്പെട്ടു. കമ്മ്യൂണിസ്റ്റു് ജയിലറും കൂട്ടുതടവുകാരും എന്താണിതിന്റെ രഹസ്യമെന്നു് അദ്ദേഹത്തോടു ചോദിച്ചു. "ഞാൻ സ്നേഹിക്കുന്ന എന്റെ ദൈവത്തിനുവേണ്ടിയാണു ഞാനിതെല്ലാം സഹിക്കുന്നതു്. തന്നിമിത്തം ഉല്ലാസവാനായിട്ടല്ലാതെ ഇരിപ്പാൻ എനിക്കു സാദ്ധ്യമല്ല" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ഇതുകണ്ടു കമ്മ്യൂണിസ്റ്റുകാർതന്നെ മടുത്തു", കാലാവധിക്കുമുമ്പു് അദ്ദേഹത്തെ തടവിൽനിന്നിറക്കി, ചൈനായിൽനിന്നു ബഹിഷ്കരിക്കയാണു ചെയ്തതു്.

### പാക്കിസ്ഥാൻ കത്തോലിക്കാ പത്രം കത്തോലിക്കരോടു്

"ക്രിസ്ത്യൻ വോയിസ്" എന്ന കറാച്ചിപത്രം പാക്കിസ്ഥാൻ കത്തോലിക്കരോടായി പറയുന്നു: പാക്കിസ്ഥാനിലെ ദേശീയഭാഷയായ ഉർദ്ദു നാം നന്നായി പഠിക്കണം. അന്യമതസ്ഥരുമായി നമുക്കുള്ള അകൽച്ച പരിഹരിപ്പാൻ ഇതു ഒഴിച്ചുകൂടാത്തതാണു്. പാക്കിസ്ഥാനിലെ അഭ്യസ്തവിദ്യനായ ഒരു ക്രിസ്ത്യാനിക്കു തന്റെ ദേശീയഭാഷ എഴുതാനും വായിക്കാനും പാടില്ലെന്നുവന്നാൽ അതിൽപ്പരം ജുഗുപ്സാവഹമായി എന്താണുള്ളതു്! വേലക്കാർക്കു നിർദ്ദേശങ്ങൾ നൽകാനും, അങ്ങാടിയിൽനിന്നു സാമാനങ്ങൾ വാങ്ങാനും മാത്രമുള്ള ഭാഷ നാം കൈവശമാക്കിയാൽ പോരാ. നമ്മുടെ നാട്ടിൽ നാം വിദേശീയരായിത്തീരാനുള്ള ഈ വിപത്തു നാം തന്നെ ക്ഷണിച്ചുവരുത്തിയിട്ടുള്ളതാണു്." ഈ ന്യൂനത അചിരേണ പരിഹരിക്കുന്നതിലേക്കു സിൻഡ്-ബലൂചിസ്ഥാൻ കത്തോലിക്കാ അസോസിയേഷൻ വകയായി ഒരു ഉർദ്ദുപാഠശാലയാരംഭിച്ചു് ഊർജ്ജിതമായി പ്രവർത്തനം തുടങ്ങിയിരിക്കുന്നു.

### നാമകരണച്ചടങ്ങുകൾ പുരോഗമിക്കുന്ന വിധം

സ്കോട്ട്ലണ്ടുകാരിയായ മാർഗ്രററ് സിൻക്ലേയർ എന്ന ഒരു കന്യകയുടെ നാമകരണം സംബന്ധിച്ച പര്യന്വേഷണങ്ങൾ അവിടെ പുരോഗമിച്ചുകൊണ്ടിരിക്കയാണു്. പര്യന്വേഷണകമ്മിററിയിലെ ഒരംഗമായ ഫാദർ പീററർ കൊന്തോളി എന്ന ശാസ്ത്രജ്ഞൻ കമ്മിററിയുടെ നടപടികൾ സംബന്ധിച്ചു എഴുതിയിട്ടുള്ള ഒരു റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു: ഓരോ സാക്ഷിയേയും 12 മണിക്കൂറിൽ കുറയാതെ വിസ്താരംനടത്തി. എഡിൻബറോക്കാരായ രണ്ടു വൈദികർ മാറിമാറി സാക്ഷിമൊഴികളെല്ലാം പൂർണ്ണമായി രേഖപ്പെടുത്തിക്കൊണ്ടിരുന്നു. സാക്ഷികൾ സാവധാനത്തിൽ സംസാരിക്കാനേ അനുവദിച്ചിരുന്നുള്ളു. എങ്കിലും അവരുടെ ആശയഗതി വിട്ടുപോകാതിരിപ്പാൻ ഞങ്ങൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മാർഗ്രററിന്റെ ജീവിതം, ക്രിസ്തീയ സുകൃതങ്ങൾ, പുണ്യകീർത്തിയുടെ തുടക്കം, വളർച്ച, അവളുടെ മദ്ധ്യസ്ഥതയാൽ ലഭിച്ചിട്ടുള്ള അനുഗ്രഹപ്രാപ്തികൾ മുതലായി സമസ്തകാര്യങ്ങളെയും സംബന്ധിച്ച പര്യന്വേഷണങ്ങളാണു നടന്നതു്. 1500 പെയ്ജുകളടങ്ങിയ ഒരു റിപ്പോർട്ടാണു ഞങ്ങൾ തയാറാക്കിയിട്ടുള്ളതു്. "പിശാചിന്റെ വക്കീലിന്റെ" എതിർചോദ്യങ്ങൾക്കുള്ള പ്രത്യുത്തരങ്ങളും ഇതിൽ ചേർത്തിട്ടുണ്ടു്.

### എലിസബെത്തുരാജ്ഞിക്കുവേണ്ടി പ്രാർത്ഥനാസമരം

കിരീടധാരണാഘോഷങ്ങൾക്കു മുമ്പായി എലിസബെത്തു രാജ്ഞി ചെയ്ത ഒരു പ്രക്ഷേപണപ്രസംഗത്തിൽ, "കിരീടധാരണദിനത്തിൽ ഞാൻ ചെയ്യുന്ന ആഘോഷപ്രതിജ്ഞകളെ നിറവേററുന്നതിനുവേണ്ട വിവേകവും ശക്തിയും ദൈവം എനിക്കു നൽകുന്നതിനുവേണ്ടി നിങ്ങളെല്ലാവരും പ്രാർത്ഥിക്കണം" എന്നു അഭ്യർത്ഥിച്ചിരുന്നു. ബർമിങ്ങാമിലെ ഒരു കത്തോലിക്കാ അദ്ധ്യാപകൻ തദനുസരണം ഒരു ചെറിയ മാർഗ്ഗം കണ്ടെത്തി. "കർത്താവേ! ഇന്നും, എപ്പോഴും ഞങ്ങളുടെ രാജ്ഞിയെ അങ്ങുന്നു് അനുഗ്രഹിക്കണമേ" എന്നൊരു ചെറിയ പ്രാർത്ഥന അച്ചടിപ്പിച്ചു കുട്ടികളുടെ ഇടയിൽ വിതരണം ചെയ്തു. മററുസ്കൂളുകളും, ഇതരസ്ഥാപനങ്ങളും അചിരേണ അതിനെ അനുകരിച്ചു. ഷോപ്പുകളുടെയും മററു പരസ്യസ്ഥലങ്ങളുടേയും ഭിത്തികളിൽ ഈ ചെറുപ്രാർത്ഥന സ്ഥലംപിടിച്ചു. ഗ്രിഫിൻ കർദ്ദിനാളും കാൻറർബറി മെത്രാപ്പോലീത്തായും ഈ പ്രസ്ഥാനത്തെ അംഗീകരിച്ചാശീർവ്വദിച്ചു. ഇങ്ങനെ ലക്ഷക്കണക്കിൻ ഈ തുണ്ടുകടലാസുകൾ നാട്ടിലെങ്ങും വ്യാപിച്ചു കിരീടധാരണദിനത്തിലും അതിനുമുമ്പും ഈ അഭ്യർത്ഥന അനേകാനേകം അധരങ്ങളിൽനിന്നു നിർഗ്ഗമിപ്പാനിടയാകുകയും ചെയ്തു.

# ഇന്നത്തെ മർദ്ദകർക്കു്

(എർ. യു. ജോസഫ്, ഇടപ്പള്ളി)

(മഞ്ജരി)

ഉണ്ണിമിശിഹാ കിടന്നുറങ്ങീടുമാ-
സ്സുന്ദരചിത്തമാം ശയ്യയിന്മേൽ,
ഞങ്ങളറിഞ്ഞുപോയ്, കൊത്തിവലിക്കുവാൻ
നിങ്ങളരിവാളെടുത്തീടുന്നു
ചോരകുടിക്കുവാൻ തീരാത്തദാഹത്താൽ
ഹേറോദേശെന്നപോൽ കൗശലത്തിൽ
എന്നിട്ടിന്നോളവും തോററുതോററങ്ങനെ
പിന്മടങ്ങീടുകയല്ലേ നിങ്ങൾ?
കമ്മ്യൂസിസക്കാരേ, നിങ്ങളെല്ലാവരും
വിസ്മരിക്കുന്നിതേ വാസ്തവങ്ങൾ
ഒന്നുപുറകോട്ടുനോക്കുമോ, നിങ്ങളീ-
ജ്ജന്മം വെറുതേ കളഞ്ഞീടുന്നു!

II

ക്രിസ്തുവിഹരിക്കും മസ്തിഷ്കമൊക്കയും
തട്ടിത്തകർക്കുവാനായിട്ടല്ലീ
ചുററിക കൈകളിലേന്തിയനാരതം
ദുഷ്ടരായ് നിങ്ങൾ നടന്നീടുന്നു
ഹേറോദേശ്തൻപടയാളികളെന്നപോൽ
ക്രൂരിതുൾപ്പാതകൾ നോക്കിനോക്കി
എന്നിട്ടിന്നോളവും തോററുതോററങ്ങനെ
പിന്മടങ്ങീടുകയല്ലേ നിങ്ങൾ?
കമ്മ്യൂണിസക്കാരേ, നിങ്ങളെല്ലാവരും
വിസ്മരിക്കുന്നിതേ വാസ്തവങ്ങൾ
ഒന്നുപുറകോട്ടുനോക്കുമോ, നിങ്ങളീ-
ജ്ജന്മം വെറുതേ കളഞ്ഞീടുന്നു!

III

അന്ധകാരത്തിൻ മറവുകളിൽ വെച്ചങ്ങാൻ
നിങ്ങൾ പിടിച്ചെടുത്തെന്നിരിക്കിൽ,
ദൂഷിതന്യായാസനത്തിൻ സാഹായ്യത്താൽ
നൂറായിരംവിധം മർദ്ദിച്ചെങ്കിൽ,
ആർപ്പിട്ടു മുദ്രാവാക്യങ്ങൾ മുഴക്കിയാ-
ഗ്ഗാഗുൽത്തായോളം നയിച്ചുവെങ്കിൽ,
ക്രൂശിൽത്തറച്ചു വിജയലഹരിയിൽ
ക്കൂട്ടുകാരൊന്നിച്ചിരുന്നുവെങ്കിൽ,
ഉത്ഥാനം ചെയ്തില്ലേ മൂന്നാംനാൾ? കേവലം
വ്യർത്ഥമായില്ലേ പരിശ്രമങ്ങൾ?
കമ്മ്യൂണിസക്കാരേ, നിങ്ങളെല്ലാവരും
വിസ്മരിക്കുന്നിതേ വാസ്തവങ്ങൾ
ഒന്നുപുറകോട്ടുനോക്കുമോ, നിങ്ങളീ-
ജ്ജന്മം വെറുതേ കളഞ്ഞീടുന്നു!

## WHAT STALIN DID FOR THE WORLD

His work profoundly assisted the success of the 1917 revolution.

He had a definitive role from the outest in relation to the whole machine of Soviet administration.

Since 1922 he was General Secretary of the Communist Party and dictator of the Soviet Union.

He initiated wave after wave of religious persecution and atheistic indoctrination in the ensuing years.

During and after World War II he effected the political corruption of the Russion Orthodox Church.

He promoted the ruthless political trials and purges in the period 1935-38 and later, and even anti-Semitism was a phase of his policy.

He extended the rule of terror inside the Soviet Union by secret police—the dread O- G- P. U. or N. K. V. D., which had millions of victims.

He sent millions from inside and outside the Soviet Union into forced labour and slavery.

He exterminated millions of kulaks (peasant farmers) to achieve his plan of agricultural collectivisation.

He plotted with the Nazis and Japanese to throw humanity into World War II in which millions died.

He turned millions in non-Communist countries into traitors and spies.

He enslaved a string of free nations and subjected tens of millions to religious and political persecution.

He split the world and brought it to the greatest crisis in its history.

And to-day, surrounded by puff and ballyhoo, his body lies near that of Lenin in Moscow.

But what of his soul?

Is the cobbler's son saved or damned?

The one thing that counts for Stalin to-day is his soul—and its fate in eternity.

And God is the Arbiter of that.

(from "The Catholic Weekly", Australia)

*Permissu Ecclesiastico*
Printed & Published by
K. I. Varkey
at the Mar Louis Memorial Press
Ernakulam—1